TKM College of Arts & Science

2013

# e-മഴ നനയാതെ പോകരുത്...



# THANGAL KUNJU MUSALIAR COLLEGE OF ARTS & SCIENCE, KOLLAM




## Vision

The vision of TKM College of Arts and Science is to achieve supreme excellence in academic and non academic areas, without compromising on institutional responsibilities to the society as a whole, in particular to the socially and economically disadvantaged sections, with special reference to the region in which the college is located.

## Mission

It will strive continuously to provide an environment for the finest teaching and the finest research in the country and try to evolve into an intellectual and cultural nest for students of diverse ethnic, social, religious and linguistic backgrounds, especially the marginalized sections of the society such as the Muslims and the Dalits.



**JANAB A. THANGAL KUNJU MUSALIAR**

(1897 - 1966)

Founder of TKM College Trust

# T.K.M TRUST MEMBERS



**T. K. SHAHAL HASSAN MUSALIAR**
CHAIRMAN, T. K. M. COLLEGE TRUST



**T. K. KAMALUDDIN MUSALIAR**
SECRETARY, T. K. M. COLLEGE TRUST



**T. K. JALALUDDIN MUSALIAR**
TREASURER, T. K. M. COLLEGE TRUST

# BOARD OF TRUSTEES



T. K. ABDUL KARIM MUSALIAR



T. K. USMAN MUSALIAR



T. K. AKBAR HYDER MUSALIAR



T. K. JAMALUDDIN MUSALIAR



SADIQ. S. THAHA



M. A. MAHABOOB



KHALID MUSALIAR



M. HAROON

# FROM THE PRINCIPAL'S DESK



This Magazine 2012-13 is really a memoir as well as the creative literary work of the young talents of this institution. There may be many literary luminaries to be blossomed in the near future from among the writers of these pages. I wish all success for these budding talents

**Dr. E. Abdul Razac**
**Principal**

# Staff
# EDITORIAL



വായനയുടെ താളുകൾ കേവലം പുസ്തകങ്ങളിൽ ഒതുങ്ങുന്നതല്ല.
അവകൾ ഓർക്കൂട്ടും ഫേസ്ബുക്കും പോലെ പുതിയ സോഷ്യൽ
നെറ്റ്വർക്കിങ്ങ് സാധ്യതകളിലേക്ക് സഞ്ചരിച്ച്കൊണ്ടിരിക്കുന്നു.
ഈ സഞ്ചാര പാതയുടെ നേരും നെറിയും തിരിച്ചറിഞ്ഞു
വേണം വായനയുടെ പുതിയ പുറങ്ങൾ തേടേണ്ടത്, ഒരിക്കലും
തിരിച്ചു കിട്ടാത്ത ഒരു നല്ല വസന്തത്തിന്റെ
ഓർമ്മപ്പെടുത്തലുകളോ, കാലത്തിന്റെ നടപ്പാതയിൽ
അറിയാതെ തളച്ച മുള്ളുകളുടെ മധുര നൊമ്പരങ്ങളോ
ഒക്കെയാണ് “e മഴ നനയാതെ പോകരുത്”.

കാലത്തിന് മുൻപേ നടന്ന് കാലത്തിന്റെ
യവനികക്കുള്ളിൽ മറഞ്ഞ തങ്ങൾ കുഞ്ഞ്
മുസലിയാർ എന്ന മഹാ പ്രതിഭയുടെ
ഓർമ്മകൾക്ക് മുന്നിൽ,  കാലത്തിലെ സ്നേഹമാം
പൂവല്ലിയിൽ വിരിഞ്ഞ കുരുന്നു ഭാവങ്ങൾ പുഷ്പങ്ങളായർപ്പിക്കുന്നു.

'e- മഴ നനയാതെ പോകരുത്' ഒരു പുതിയ  കാൽവെയ്പ്പാണ്;

മത - വർഗ്ഗ - വർണ്ണ വ്യത്യാസങ്ങളില്ലാത്ത  ഒരു നല്ല നാളെയുടെ
ആത്മ സൗഹൃദത്തിലേക്ക്... തലയിലെ വെള്ളിരോമങ്ങളും
വാർദ്ധക്യവും മറന്ന് നമുക്കും അതിൽ പങ്കുചേരാം....
കുട്ടികൾക്കിടയിലെ മറ്റൊരു കുട്ടിയായ്... ഈ മഴ തോരാതിരിക്കട്ടെ!

ഇതിന്റെ വിജയത്തിന് വേണ്ടി പ്രയത്നിച്ച മാനേജ്മെന്റ്,
കോളേജ് പ്രിൻസിപ്പൽ, അദ്ധ്യാപകർ, വിദ്യാർത്ഥികൾ, പരസ്യദാതാക്കൾ,
സുജിലി പ്രിന്റേഴ്സ് തുടങ്ങി എല്ലാവർക്കും ഹൃദയത്തിന്റെ
ഭാഷയിൽ നന്ദി പറഞ്ഞ് കൊണ്ട് സമഗ്രമായ വിലയിരുത്തലുകൾക്കായി
ഈ മാഗസിൻ സഹൃദയ സമക്ഷം സമർപ്പിക്കുന്നു

സസ്നേഹം

**പ്രൊഫ. ഇ. നജീം.**
(സ്റ്റാഫ് എഡിറ്റർ)

# മുഖക്കുറിപ്പ്...



e-മഴ നനയാതെ പോകരുത്...
ഇത് കാലത്തിന്റെ മുന്നേറ്റമാണ്.
അധികാരസമൂഹം വോട്ടുകുത്തികളെ
നോക്കുകുത്തികളാക്കുമ്പോൾ,
ഈ മഴയിൽ പുതിയ പോരിടങ്ങൾ
രൂപംകൊള്ളുന്നു.
വിശപ്പിന്റെ കനലെരിഞ്ഞ വയറുൾക്ക്
സാന്ത്വനമായി മഴയിൽ സൗഹൃദങ്ങൾ
ഒത്തുചേരുന്നു.
പ്രണയം വിടർന്ന ചാറ്റ്റൂമിൽ വിരഹത്തിന്റെ
കണ്ണീർ കലർന്നതും ഈ മഴയിലാണ്.
വിജ്ഞാനത്തിന്റെ അനന്തതയിലേക്കുള്ള
പ്രവാഹമായി മഴ മാറുകയാണ്.
പുതിയ സാമ്രാജ്യങ്ങളുടെ ചക്രങ്ങൾക്ക്
കുതിച്ചോടാൻ ഇന്ധനമാകുന്നതും
ഈ മഴത്തുള്ളികളാണ്.
ഇതളുകളിൽ പനിനീരിന്റെ സുഗന്ധം
വിടർത്തുന്ന വസന്തവും ഇറ്റുവീഴുന്ന ചോരത്തു
ള്ളികളുടെ നനവാർന്ന മുൾത്തണ്ടുകളും
മഴയുടെ കാഴ്ചയാണ്.
ഈ മഴ സിരകളിൽ തീ പടർത്തും,
തണുപ്പിന്റെ തലോടലാകും.
മഴ നനയാതെ മാറി നിന്നാൽ,
പുതിയ കാലത്തിന്റെ
മുന്നേറ്റത്തിൽ നാം പിന്നിലാകും.
വരിക ഈ പ്രവാഹത്തിലേക്ക്...
ഈ മഴത്തുള്ളികൾ നമ്മുടേതാണ്...
e-മഴ നനയാതെ പോകരുത്...



**ആകാശ് ചന്ദ്രൻ**
**മാഗസിൻ എഡിറ്റർ**



# പോരാട്ടങ്ങൾക്ക് ഐക്യദാർഢ്യം

## ഇറോം ചാനു ഷാർമ്മിള.

21 – ാം നൂറ്റാണ്ടിന്റെ ഉരുക്കുവനിത. AFSPA എന്ന കിരാത നിയമത്തിന്റെ മറവിൽ മണിപ്പൂർ ജനതയുടെ ജീവനും സ്വത്തും മാനവും കവർന്നെടുക്കുന്ന പട്ടാള ഭരണകൂടത്തിന്റെ കിരാതവാഴ്ചയ്ക്കെതിരെ പതിമൂന്നു വർഷമായി നിരാഹാരസമരത്തിലൂടെ അധികാരവർഗ്ഗത്തിന്റെ കണ്ണ് തുറപ്പിക്കുവാൻ തന്റെ ജീവിതം തന്നെ സമരമാക്കിയ ഇറോം ചാനു ഷാർമ്മിളയുടെ പോരാട്ടങ്ങൾക്ക് വിദ്യാർത്ഥി സമൂഹത്തിന്റെ ഐക്യദാർഢ്യം.





## കൂടംകുളം

ചെർണോബിലും ഹുകുഷിമയും ആവർത്തിക്കാതിരിക്കുവാൻ അതിജീവനത്തിന്റെ സമരപോരാട്ടങ്ങൾക്ക് നേതൃത്വം നൽകുന്ന കൂടംകുളം ജനതയുടെ തളരാത്ത സമരവീര്യത്തിന് കരുത്തായി ഞങ്ങളും പങ്കുചേരുന്നു.

## മുല്ലപ്പെരിയാർ സമരം

ബ്രിട്ടീഷ് ഭരണകാലത്ത് എഴുതിപിടിപ്പിച്ച കരാറിന്റെ പിൻബലത്തിൽ, മുപ്പത് ലക്ഷം ജനങ്ങളെ മരണഭയത്തിന്റെ മുനമ്പിൽ നിർത്തുന്ന തമിഴ്നാട് സർക്കാരിനെതിരെയുള്ള ഈ സമരം, പണത്തിനും ജലത്തിനും വേണ്ടിയല്ല.... അതിജീവനത്തിനു വേണ്ടിയുള്ള സമരമാണ്. ഈ സമരത്തിന് എല്ലാവിധ ഐക്യദാർഢ്യവും അർപ്പിച്ച് മുല്ലപ്പെരിയാർ സമരസമിതിക്കൊപ്പം ഞങ്ങളുമുണ്ട്.





## കാലത്തിന്റെ പെരുമഴയിൽ

# ഓർമ്മകളായിത്തീർന്നവർ...



### സ: സി. കെ ചന്ദ്രപ്പൻ

ആകാശങ്ങൾ നരയ്ക്കും, പരിചയമാകും
മറക്കും തെരുവുകൾ കൂരിരുൾ മൂടും
താരകൾ ഓർമ്മ വിളർത്തു വിറയ്ക്കും
കാലമുറങ്ങാൻ പോകും



### ഹ്യൂഗോ ഷാവേസ്

കടലു കറുത്തു മാനം കറുത്തു
കാവൽക്കാരന്റെ തോളിൽത്തട്ടി പറഞ്ഞു
"സമയമായി"

### തിലകൻ



വസന്തോത്സവം എത്രയോ ഹ്രസ്വമായിരുന്നു
ഒട്ടും ക്ഷീണിക്കാതെ വെയിലിലും
മഴയത്തും ഞാൻ നടന്നു

## പണ്ഡിറ്റ് രവിശങ്കർ



എന്റെ ചില്ലകളെ സ്പർശിക്കുന്ന
ചിറക് ആരുടേതാണ്?
അശരീരിയായ ഈ സംഗീതം
ഏത് അകലത്തിന്റേതാണ്



## ഡി. വിനയചന്ദ്രൻ

നീലാംബരിയുടെനിറവിൽ
ഇന്നുംവാടാതെ മലയാളി
മനസ്സിലെ മാമാങ്കം പോലെ
ഒരു പൊൻപുലരി

## സുകുമാരി



ഓർമ്മകളിൽ തൂവാനമായി
മലയാള സിനിമയിലെ
കേരളീയതയുടെ വിശാല
ഭൂവിയിൽ ഒരു പ്രഖ്യാത ചലച്ചിത്രകാരി
സുകുമാരിയമ്മ എന്ന
പല തലമുറകളുടെ അമ്മ



## കാക്കനാടൻ

മുരളീരാഗ മധുരമുഖനാമൊരു യാത്രികൻ
വരും, വിളിക്കും, ഞാൻ പോകും
വാതിൽ പൂട്ടാതെയക്ഷമം

# Message



**OOMMEN CHANDY**
**CHIEF MINISTER**
**KERALA**

I am glad to know that TKM College of Arts and Science is bringing out its college magazine for the year 2012-13

I hope that the magazine would reflect the many facets of the campus and would be rich in terms of content, making it a memorable edition.

My best wishes for the successful release of the magazine

OOMMEN CHANDY

# Message




**V.S. Achuthanandan**
**Leader of Opposition, Kerala**

Phone { Office : 0471-2318330
0471-2315625
Fax : 0471-2315625


I am happy to know that T.K.M Arts College is bringing out their annual college magazine for the academic year 2012-2013.

I take this opportunity to felicitate everyone associated with this endeavour and convey my best wishes.

V.S. Achuthanandan

# Message



**PANNIAN RAVINDRAN**
Ex. MP (Lok Sabha)

ആശംസ

കൊല്ലം ടി.കെ.എം. കോളേജ് യൂണിയൻ ഒരു മാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്ന് അറിഞ്ഞതിൽ ഏറെ സന്തോഷമുണ്ട്.

വിദ്യാഭ്യാസ ജീവിതകാലം സാമൂഹിക രംഗത്തെ ഒട്ടേറെ പ്രശ്നങ്ങൾ മനസ്സിലാക്കാൻ കൂടിയുള്ള സന്ദർഭമായി കണക്കാക്കണം. വിജ്ഞാനത്തിന്റെ രംഗത്ത് ഏറെ കാര്യങ്ങൾ ഗ്രഹിക്കുവാൻ അക്കാഡമിക് പുസ്തകങ്ങൾ വഴി സ്വാഭാവികമായും കഴിയും. എന്നാൽ ഓരോ വിദ്യാർത്ഥിയുടെയും മനസ്സിൽ അന്തർലീനമായ കലാകായിക കഴിവുകൾ പരിപോഷിപ്പിക്കാൻ കൂടി വിദ്യാഭ്യാസകാലം പ്രയോജനപ്പെടുത്തണം. പ്രഗത്ഭരായ ചിന്തകരും ദാർശനികരും എഴുത്തുകാരുമൊക്കെ വിദ്യാഭ്യാസരംഗത്തെ കഴിവിനപ്പുറം പൊതുവിജ്ഞാനത്തിൽ കൂടി നേടിയെടുക്കുന്ന വിവരങ്ങൾ സ്വായത്തമാക്കിക്കൊണ്ടാണ് കടന്നുവന്നത്. ലോകത്ത് മാനവരാശിക്ക് ഒരു പുതിയ സാമൂഹികക്രമം പ്രദാനം ചെയ്ത മഹാനായ ലെനിനിന്റെ വാക്കുകൾ 'പഠിക്കുക. പഠിക്കുക. പഠിക്കുക' എന്നതായിരുന്നു. അത് എക്കാലവും സമൂഹത്തിന്റെ മുന്നേറ്റത്തിന് ഒരു അടിത്തറയായി മാറി.

കോളേജ് യൂണിയൻ ഇപ്പോൾ പ്രസിദ്ധീകരിക്കുന്ന മാഗസിൻ നവാഗതരായ എഴുത്തുകാരുടെ പ്രതിഭാവിലാസം വളർത്തിയെടുക്കാനും പ്രശസ്തിയുടെ പടവുകളിലേക്ക് അവരെ നയിക്കാനും സഹായകരമാകുമെന്ന് പ്രതീക്ഷിക്കുന്നു. കോളേജ് മാഗസിന് ആത്മാർത്ഥമായ എല്ലാ വിജയങ്ങളും ആശംസിക്കുന്നു.

സ്നേഹപൂർവ്വം.

Ravi

പന്ന്യൻ രവീന്ദ്രൻ

e-മഴ നനയാതെ പോകരുത്.index

Google

# INDEX

Email

TKM College of Arts & Science

Keep me logged in

Password

e-മഴ നനയാതെ പോകരുത്...

Log In

Forgot your password?

## REPORT


19 Report of Principal

20 College Union Report

22 NCC Annual Report

23 NSS Annual report

25 PTA Report


## മലയാളം


27 മഴയും കിനാവും

28 അടിപൊളി

32 പെരുന്തച്ചൻ

33 മധുരഗാനം, അറിയുമോ

34 അവൾ

35 നിഴൽക്കാഴ്ചകൾ

36 പേരറിയാത്തൊരു പെൺകിടാവേ

37 ഗ്രാമ ഭംഗി

38 കലാലയം

42 ടി. കെ എന്റെമ്മോ

43 നശ്വരജീവിതത്തിലെ...

44 ക്യാംപസ്സ് വഴികളിലൂടെ

45 സൗഹൃദം, പ്രണയിനി

46 അസ്തമിച്ച രക്തതാരകം

47 കിനാവ്

48 പ്രണയാർദ്രം

49 പുതിയൊരു വസന്തം

50 കുടകിലെ സായാഹ്നത്തിൽ

52 മലാല എന്ന മാലാഖ

e-മഴ നനയാതെ പോകരുത്.index

Email: TKM College of Arts & Science
Password: e-മഴ നനയാതെ പോകരുത്...
Keep me logged in
Forgot your password?
Log In

# INDEX


53 അവൻ, പ്രകൃതിയുടെ പ്രതിഭാസം
54 വൃദ്ധർ നമുക്ക് ഭാരമോ
55 നീയെനിക്ക് പ്രാണനാണ്
60 അക്ഷരമുറ്റം
61 ഇന്നത്തെ വിദ്യാർത്ഥികൾ...
62 ഞാനും കവിതയും
63 നോവ്
64 തനിയെ
67 അരിപ്രാവും മക്കളും
68 മറവിയും മലയാളിയും
69 ഓർമ്മയിലെന്നും
72 കാൽപന്തുകളിയിലെ...
74 വിട ചൊല്ലും നേരം
75 സ്ട്രെയിറ്റ് ഡ്രൈവ്
80 രാത്രി
81 സ്വർഗ്ഗത്തിലെ മാടപ്രാവുകൾ
83 സർവ്വേ റിപ്പോർട്ട്
88 എൻ പ്രീയ സ്വപ്നം
89 കിനാവ്
90 ജീവിതസഖി
90 ഉയർച്ച
91 പ്രണയത്തിൻ പൂക്കാലം
92 മുടുപടം ഉയരുമ്പോൾ


*English*


Bhagath singh 97
Friends 102
Yoga And Physical fitness 103
Love Is Mother 105
Beyond The Shackles 108
Quality does not come from numbers 109
Love Letter 110
Lily, Friend 111
A Shakespearian Wedding 114
Friendship 115
Unknown, What is Life 116
A Silly Mistake 117
प्यास 119
غروب الشمس 120

College Union Members 30
Student Representatives 31
College Union Inauguration 57
Arts Day 2013 58
NCC 70
Women's Day 86
NSS 100
College Day 2013 106
Celebrations 122
Flashback 123



# REPORTS

# REPORT OF THE PRINCIPAL

## 2012-2013

The academic year 2012-2013 was yet another milestone in the history of the institution. It was a year filled with strict discipline, hardwork, dynamic activity and glorious achievements.

The student strength of the college was 1289. The number of teaching staff was 74 and non-teaching staff was 36. New teachers were appointed in the various departments totally 8 and 4 members of the non-teaching staff joined the institution. I hope that all of them will contribute significantly to the institution in the decades to come. There were 10 retirements from the service of the college. I wish each of them a happy prosperous fruitful retired life.

I am happy to state that the college had a brilliant harvest of university ranks and was able to produce glorious results in the University examinations. The first two ranks in B.A Islamic History and first rank in B.Sc Biochemistry were captured by our students as was the second rank in M.A. English.

We believe that teaching and research should always go hand in hand. The college does everything possible to encourage research at all levels. Our teachers published large number of research papers. The University Grants Commission has sanctioned thirteen minor research projects to our teachers. We have applied for two major research projects and hope that they will be sanctioned. Sanction has been received by five departments to conduct national seminar.

It was a great year for our N.C.C. and N.S.S. units. Our N.C.C. cadets attended camps in Anantapur, Nilgiris, Pangod and Jaisalmer, among other places. Ceremonial parades were held and extension activities were carried out. The N.S.S. units were involved in a large number of programmes including campus cleaning, blood donation, awareness efforts, tree planting and vegetable farming.

On the sports front, it was a remarkable year for the institution. Our students took part in inter-collegiate, district, zone and university-level competitions in cricket, volleyball and badminton.

We are keenly aware of the fact that the majority of our students are girls. Keeping this in mind we have strengthened our hostel system by completing the construction of a New Ladies Hostel.

It was a vibrant year for the various clubs of the college. Festivals including Onam and Christmas were celebrated.

I take this opportunity to express my profound gratitude to the Management, especially to Janab Shahal Hassan Musaliar, President, T.K.M. College Trust and to the staff and the students of the institution for their whole-hearted support and co-operation.

**Dr. E. Abdul Razac**
**Principal**

# കോളേജ് യൂണിയൻ റിപ്പോർട്ട് 2012-2013

**ടി. കെ. എം** കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസിലെ 2012 - 13 കോളേജ് യൂണിയൻ ഇലക്ഷൻ, ലിങ്ദോ കമ്മീഷന്റെ അടിസ്ഥാനത്തിൽ കോടതി നിർദ്ദേശപ്രകാരമാണ് നടന്നത്. 2012 ഒക്ടോബർ 12 - നു എല്ലാ വിദ്യാർത്ഥി പ്രസ്ഥാനങ്ങളും ഒരേ മനസ്സോടെ തെരഞ്ഞെടുപ്പിനെ സ്വാഗതം ചെയ്യുകയും സമാധാനപരമായി ഇലക്ഷൻ പൂർത്തീകരിക്കുന്നതിനു സഹകരിക്കുകയും ചെയ്തു. കോളേജ് യൂണിയൻ ചെയർമാനായി അതുൽ ബി.നാഥ് തെരഞ്ഞെടുക്കപ്പെട്ടു. വൈസ് ചെയർമാനായി സഹ്‌ലയും ജനറൽ സെക്രട്ടറിയായി ഗോപീകൃഷ്ണനും ആർട്സ് ക്ലബ്ബ് സെക്രട്ടറിയായി ഷജിനും മാഗസിൻ എഡിറ്ററായി ആകാശ് ചന്ദ്രനും യു.യു.സി - മാരായി അജ്മലും തൗഫീക്കും തെരഞ്ഞെടുക്കപ്പെട്ടു.

2012 ഒക്ടോബർ 23 - ാം തീയതി കോളേജ് ഓഡിറ്റോറിയത്തിൽവെച്ച് നടന്ന സത്യപ്രതിജ്ഞ ചടങ്ങിൽ സ്റ്റാഫ് അഡ്വൈസർ പ്രൊഫ. അബ്ദുൾ മജീദ്, ചെയർമാനും തുടർന്ന് മറ്റു യൂണിയൻ ഭാരവാഹികൾക്കും സത്യവാചകം ചൊല്ലിക്കൊടുത്തു.

## കോളേജ് യൂണിയൻ ഉദ്ഘാടനവും ആർട്സ് ക്ലബ്ബ് ഉദ്ഘാടനവും

സെമസ്റ്റർ സമ്പ്രദായത്തിന്റെ അപാകതകൾ സൃഷ്ടിക്കുന്ന കടുത്ത സമയപരിധികൾക്കുള്ളിൽനിന്നുകൊണ്ട് 2013 ഫെബ്രുവരി 6 - ാം തീയതിയാണ് യൂണിയൻ ഉദ്ഘാടനം നടത്താൻ സാധിച്ചത്. ചെയർമാൻ അതുൽ ബി.നാഥിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ, പ്രശസ്ത വാഗ്മിയും ജനപ്രിയ നിയമസഭാ സാമാജികനും ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ അനിഷേധ്യ നേതാവുമായ ശ്രീ. മുല്ലക്കര രത്നാകരൻ കോളേജ് യൂണിയന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. ഈ യോഗത്തിൽ ആർട്സ് ക്ലബ്ബിന്റെ ഉദ്ഘാടനം സുപ്രസിദ്ധ തെന്നിന്ത്യൻ സിനിമാതാരം ശ്രീ.ബാല നിർവ്വഹിച്ചു. കേരളത്തിൽ ഇത്രയും താരപ്രഭയുള്ള ഒരു സിനിമാതാരത്തിന്റെ സാന്നിദ്ധ്യം ഒരു പുത്തൻ അനുഭവം നൽകുന്നതോടൊപ്പം തന്നെ, വിദ്യാർത്ഥികളെ ആഹ്ലാദത്തിമിർപ്പിലാക്കുകയും ചെയ്തു.

തദവസരത്തിൽ സ്റ്റാഫ് അഡ്വൈസർ പ്രൊഫ. അബ്ദുൾ മജീദ് സ്വാഗതവും കേരള യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് മെമ്പർ ഫസലുദ്ദീൻ ഹഖും കോളേജ് പ്രിൻസിപ്പൽ ഡോ. അബ്ദുൾ റസാഖും ആശംസകൾ അറിയിച്ചു. കോളേജ് യൂണിയൻ ജനറൽ സെക്രട്ടറി ഗോപീകൃഷ്ണൻ കൃതജ്ഞത രേഖപ്പെടുത്തി. വർഷങ്ങൾക്ക് ശേഷം, ടി.കെ.എം ആർട്സ് കോളേജിൽ യൂണിയൻ ഉദ്ഘാടനത്തോടനുബന്ധിച്ച് ഒരു പ്രൊഫഷണൽ ടീമിന്റെ കൾച്ചറൽ പ്രോഗ്രാം നടത്തുവാൻ സാധിച്ചു. ഉച്ചയ്ക്ക് 2 മണിമുതൽ മഴവിൽ മനോരമ "കോമഡി ഫെസ്റ്റിവൽ" "വോഡാഫോൺ കോമഡി സ്റ്റാർസ്" ഫെയിം താരങ്ങൾ അണിനിരന്ന "കോമഡി റിമമ്പേഴ്സ്" ടീം അവതരിപ്പിച്ച കോമഡി ഷോയും ഗാനമേളയും നടത്തപ്പെട്ടു.

## ഋതു - 2013 ആർട്സ് ഫെസ്റ്റ്

കോളേജ് യൂണിയന്റെ ആഭിമുഖ്യത്തിൽ 'ഋതു - 2013' എന്ന നാമധേയത്തിൽ ആർട്സ് ഫെസ്റ്റ് നടത്തപ്പെട്ട തെന്നിന്ത്യൻ സൂപ്പർതാരം ശ്രീ.ബാല ഉദ്ഘാടനം നിർവ്വഹിച്ച ആർട്സ് ഫെസ്റ്റുമായി ബന്ധപ്പെട്ട് ഫെബ്രുവരി 7,8 തീയതികളിൽ കലാപരിപാടികൾ നടത്തപ്പെട്ടു. പരിപാടികളുടെ വൈവിധ്യംകൊണ്ടും സംഘാടക മികവുകൊണ്ടും വിദ്യാർത്ഥികളുടെ സജീവപങ്കാളിത്തം കൊണ്ടും മുൻവർഷങ്ങളേക്കാൾ മികച്ച ഒരു ആർട്സ് ഫെസ്റ്റ് നടത്തുവാൻ സാധിച്ചതിൽ സന്തോഷമുണ്ട്. വിവിധ ഡിപ്പാർട്ട്മെന്റുകൾ മാറ്റുരച്ച ആർട്സ് ഫെസ്റ്റിൽ ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റ് ഓവറോൾ ചാമ്പ്യൻഷിപ്പ് നിലനിർത്തി. വർണ്ണാഭമായ ആർട്സ് ഫെസ്റ്റുമായി സഹകരിച്ച എല്ലാ വിദ്യാർത്ഥികൾക്കും ഗുരുക്കന്മാർക്കും നന്ദി രേഖപ്പെടുത്തുന്നു.

## അന്താരാഷ്ട്ര വനിതാദിനാചരണം - 2013

ഭാരതത്തിൽ സ്ത്രീസമൂഹം വൻ തിരിച്ചടികളും ചൂഷണങ്ങളും നേരിട്ടുകൊണ്ടിരിക്കുന്ന സന്ദർഭത്തിലാണ് അന്താരാഷ്ട്ര വനിതാദിനം കടന്നുവന്നത്. മുൻവർഷങ്ങളിലെ യൂണിയനുകൾ എല്ലാം തിരസ്ക്കരിച്ച ഒന്നായിരുന്നു വനിതാ ദിനാചരണം. പക്ഷേ, ഈ വർഷത്തേ കോളേജ് യൂണിയന്റെ ഉറച്ചനിലപാട്, ടി.കെ.എം.ആർട്സ് & സയൻസ് കോളേജിന്റെ ചരിത്രത്തിൽ ആദ്യമായി വനിതാ ദിനം ആചരിക്കുന്നതിന് വഴിവെച്ചു.

2013 മാർച്ച് 8നു അന്താരാഷ്ട്ര വനിതാദിനത്തിൽ നടന്ന ചടങ്ങിൽ വിമൻസ് ക്ലബ്ബ് കോ - ഓർഡിനേറ്റർ ഡോ.നെജ്മിയുടെ അധ്യക്ഷതയിൽ യോഗം ചേർന്നു. കൊല്ലം ജില്ലാ അസിസ്റ്റന്റ് കമ്മീഷ്ണർ ശ്രീ.ബി.കൃഷ്ണകുമാർ ഉദ്ഘാടകനായി ചടങ്ങിൽ, "സ്ത്രീസുരക്ഷയും നിയമവശങ്ങളും" എന്ന വിഷയത്തിൽ സെമിനാർ നടന്നു. തദവസരത്തിൽ കൊല്ലം എസ്.എൻ.കോളേജ് വിമൻസെല്ല് കോ- ഓർഡിനേറ്റർ, ശ്രീമതി ഷെർളി പി. ആനന്ദും പ്രിൻസിപ്പൽ ഡോ.അബ്ദുൽ റസാഖും സെമിനാറിൽ പങ്കെടുത്ത് അശംസകൾ നേർന്നു. ലേഡി റെപ്പ് തനൂജ എം.റ്റി. കൃതജ്ഞത രേഖപ്പെടുത്തി. വേദിയിൽവെച്ച് തന്നെ, കേരളയൂണിവേഴ്സിറ്റി കലോൽസവത്തിൽ വിജയികളായ കലാ - സാഹിത്യ പ്രതിഭകളെ ഉപഹാരങ്ങൾ നൽകി ആദരിച്ചു.

## പോസ്റ്റർ പ്രദർശന മത്സരം

അന്താരാഷ്ട്ര വനിതാ ദിനാചരണത്തിന്റെ ഭാഗമായി കോളേജ് യൂണിയന്റെയും Sexual Harassment Protection Cell- ന്റെയും ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച പോസ്റ്റർ പ്രദർശന മത്സരം മാർച്ച് 11ന് സ്റ്റാഫ് അഡ്വൈസർ പ്രൊഫ. അബ്ദുൾ മജീദ് ഉദ്ഘാടനം ചെയ്തു. ചിത്രകാരൻ കെ.വി.ജ്യോതിലാൽ മുഖ്യാതിഥിയും വിധികർത്താവുമായിരുന്ന മത്സരത്തിൽ കോമേഴ്സ് വിഭാഗം ഒന്നാം സ്ഥാനത്തും, ബോട്ടണി, ഫിസിക്സ് എന്നീ ഡിപ്പാർട്ട്മെന്റുകൾ യഥാക്രമം രണ്ടും മൂന്നും സ്ഥാനത്തും വിജയികളായി പ്രഖ്യാപിക്കപ്പെട്ടു. ഈ പരിപാടിക്ക് ചുക്കാൻ പിടിച്ച ഷാജിദ ടീച്ചർക്കും കോളേജ് യൂണിയൻ അംഗങ്ങൾക്കും, നന്ദിയും കടപ്പാടും രേഖപ്പെടുത്തുന്നു.

## വിമൻസ് ക്ലബ്ബ്

മുൻവർഷങ്ങളിലെ പ്രവർത്തനങ്ങളേക്കാൾ മികവേറിയ പ്രവർത്തനം കാഴ്ചവെയ്ക്കാൻ ഡോ.കെ.നെജ്മി നേതൃത്വം നൽകുന്ന വിമൻസ് സ്റ്റഡീസ് സെന്ററിന് കഴിഞ്ഞു. അന്താരാഷ്ട്ര വനിതാദിനത്തോടനുബന്ധിച്ച് നടത്തിയ വിപുലമായ കാര്യപരിപാടികൾക്ക് പുറമേ, വിമൻസ് ക്ലബ്ബിലെ അംഗങ്ങളായ വിദ്യാർത്ഥിനികൾ നിർമ്മിച്ച കരകൗശലവസ്തുക്കളുടെ പ്രദർശനം വിദ്യാർത്ഥികൾക്കായി സംഘടിപ്പിച്ചു. ഈ സംരംഭങ്ങൾക്ക് നേതൃത്വം നൽകിയ നെജ്മി ടീച്ചർക്കും വിമൻസ് ക്ലബ്ബ് അംഗങ്ങൾക്കും, കോളേജ് യൂണിയന്റെ നന്ദിയും കടപ്പാടും രേഖപ്പെടുത്തുന്നു.

## യൂണിവേഴ്സിറ്റി യൂണിയൻ കലോൽസവം 2013

ഫെബ്രുവരി 26 മുതൽ മാർച്ച് 3 വരെ മാവേലിക്കരയിൽ വെച്ച് നടന്ന കേരളാ യൂണിവേഴ്സിറ്റി യൂണിയൻ കലോൽസവത്തിൽ രണ്ടു ഇനങ്ങളിലാണ് ടി.കെ.എം ആർട്സ് കോളേജ് വിജയം കരസ്ഥമാക്കിയത്. കോളേജ് യൂണിയന്റെ അഭിമാനമുഹൂർത്തങ്ങളിലൊന്നായി ഈ വിജയം മാറി. മുൻവർഷങ്ങളിലെ കോളേജ് യൂണിയനുകളിൽ നിന്ന് വ്യത്യസ്തമായി ഈ വർഷം മൂന്ന് ഗ്രൂപ്പ് ഇനങ്ങളിലും പത്ത് വ്യക്തിഗത ഇനങ്ങളിലുമായി മുപ്പതോളം വിദ്യാർത്ഥികളെ കലോൽസവത്തിൽ പങ്കെടുപ്പിക്കാൻ ഈ യൂണിയന് സാധിച്ചു. ഒപ്പനയ്ക്ക് രണ്ടാംസ്ഥാനവും ഇംഗ്ലീഷ് വിഭാഗം കഥാരചനയിൽ സ്നേഹാ ജോണിന് മൂന്നാം സ്ഥാനവും ലഭിച്ചു. കോളേജ് യൂണിയന്റെ പ്രവർത്തനങ്ങൾക്ക് സഹായം നൽകി കൂടെ നിന്ന മജീദ് സാറിനും സീന ടീച്ചർക്കും കടപ്പാടും നന്ദിയും അറിയിച്ചു കൊള്ളുന്നു.വിജയികളായ എല്ലാ വിദ്യാർത്ഥികൾക്കും അഭിനന്ദനങ്ങൾ.

## കരിയർ ഗൈഡൻസ് ആന്റ് കൗൺസിലിംഗ് സെൽ

കരിയർ ഗൈഡൻസ് ആന്റ് കൗൺസിലിംഗ് സെല്ലിന്റെ നേതൃത്വത്തിൽ കോളേജിൽ ഡിഗ്രി/പി.ജി വിദ്യാർത്ഥികൾക്കായി പി.എസ്.സി., ബാങ്ക് കോച്ചിംഗ് ക്ലാസ്സുകളും, ഡിസിഎ കോഴ്സ്, ആങ്കറിംഗ് കോഴ്സ്, ടൂറിസം കോഴ്സ് തുടങ്ങി വിവിധ വിജ്ഞാനപ്രദമായ പ്രവർത്തനങ്ങൾ നടത്തി സെല്ലിന്റെ പ്രവർത്തനം കാര്യക്ഷമമാക്കി. വിദ്യാർത്ഥികളുടെ നന്മ ലക്ഷ്യമാക്കി നടത്തുന്ന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന ഹാഷിറുദ്ദീൻ സാറിന് നന്ദിയും കടപ്പാടും രേഖപ്പെടുത്തുന്നു.

## നേച്ചർ ക്ലബ്ബ്

നേച്ചർ ക്ലബ്ബിന്റെ നേതൃത്വത്തിൽ ക്യാമ്പസ്സിൽ മികവുറ്റ രീതിയിലുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. അന്താരാഷ്ട്ര പരിസ്ഥിതി ദിനമായ ജൂൺ 5നു കോളേജ് പരിസരത്ത് വൃക്ഷതൈ നട്ടുപിടിപ്പിച്ചു, പ്രിൻസിപ്പൽ അബ്ദുൽ റസാഖ് സാർ ഉദ്ഘാടനം ചെയ്തു. പരിസ്ഥിതി ക്ലബ്ബിന്റെ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം നൽകുന്ന ശ്രീ.ബോബി റ്റി. എഡ്വിനും ക്ലബ്ബ് മെമ്പേഴ്സിനും നന്ദി അറിയിച്ചു കൊള്ളുന്നു.

## കോളേജ് ഡേ – ശിശിരം 2013

26/03/2013 ൽ കോളേജ് ഡേയും യൂണിയൻ സമാപനവും ചെയർമാൻ അതുൽ ബി.നാഥിന്റെ അധ്യക്ഷതയിൽ നടന്നു. യോഗത്തിന്റെ മുഖ്യാതിഥിയായി പ്രശസ്ത കവിയും കേരള സാഹിത്യ അക്കാദമി ജേതാവുമായ ശ്രീ.കുരീപ്പുഴ ശ്രീകുമാറും ഐഡിയ സ്റ്റാർ സിംഗർ ഫെയിം യദുകൃഷ്ണനും പങ്കെടുത്തു. ചടങ്ങിൽ ആർട്സ് & സ്പോർട്സ് ഡേ വിജയികൾക്ക് സമ്മാനവിതരണം നടത്തുകയും ചെയ്തു. ഉച്ചയ്ക്ക് ശേഷം, അവസാനവർഷ വിദ്യാർത്ഥികളുടെ സിനിമാറ്റിക് ഡാൻസും കോളേജ് കൾച്ചറൽ ക്ലബ്ബിന്റെ ഗാനമേളയും നടന്നു. വിദ്യാർത്ഥികൾക്ക് എന്നും ഓർമ്മയിൽ സൂക്ഷിക്കാവുന്ന ഒരു ദിനമായി 'ശിശിരം 2013' മാറിയെന്നതിൽ യൂണിയൻ കൃതജ്ഞത രേഖപ്പെടുത്തുന്നു.

## മറ്റു പ്രവർത്തനങ്ങൾ

1. സ്റ്റുഡന്റ് സൊസൈറ്റി നവീകരിച്ച് കൂടുതൽ സജ്ജീകരണങ്ങളോടെ പ്രവർത്തനമാരംഭിച്ചു.
2.വിവിധ അസോസിയേഷനുകളുടെ ഉദ്ഘാടന പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കാൻ സാധിച്ചു.
3.ലൈബ്രറിയിൽ "e-learning" സംവിധാനം ഏർപ്പെടുത്തി.
4.മലയാളം വിഭാഗത്തിന്റെ നേതൃത്വത്തിൽ ദൃശ്യകലാസാഹിത്യത്തിന്റെ ഭാഗമായി കോളേജ് ഓഡിറ്റോറിയത്തിൽ 'ചാക്യാർകൂത്ത്" നടത്തി.

സെമസ്റ്റർ സമ്പ്രദായത്തിന്റെ തിരക്കുകൾക്കിടയിൽ ലഭിച്ച തുച്ഛമായ സമയ പരിധിക്കുള്ളിൽ നിന്നുകൊണ്ട് യൂണിയൻ പ്രവർത്തനം കൃത്യവും കാര്യക്ഷമവുമായി നടത്തുവാൻ സാധിച്ചുവെന്നാണ് ഞങ്ങളുടെ വിശ്വാസം. രാഷ്ട്രീയ - മത ചിന്തകളുടെ ചങ്ങലകണ്ണികൾ പൊട്ടിച്ച് ക്യാമ്പസ്സിലെ വിദ്യാർത്ഥി സമൂഹത്തിന്റെ പൊതു ആവശ്യങ്ങളിൽ സജീവമായി ഇടപെടാനും സൗഹൃദത്തിന്റെ അനന്തതയെ കാത്തുസൂക്ഷിക്കുവാനും കഴിഞ്ഞുവെന്ന ഉത്തമവിശ്വാസത്തോടെ ഇനിയും വരാനിരിക്കുന്ന വസന്തകാലത്തിന്റെ ഭാഗമാകാൻ നിങ്ങൾക്ക് കഴിയട്ടെയെന്നും ആശംസിച്ചു കൊണ്ടും പൂർണ്ണമല്ലെങ്കിലും ഒരു പരിധിവരെ കാര്യങ്ങൾ ഉൾപ്പെടുത്താൻ കഴിഞ്ഞു എന്ന വിശ്വാസത്തോടെ യൂണിയന്റെ പ്രവർത്തനങ്ങളിൽ പൂർണ്ണമായി സഹകരിച്ച എല്ലാവർക്കും യൂണിയന്റെ പേരിലുള്ള അകമഴിഞ്ഞ നന്ദി അർപ്പിച്ചുകൊണ്ടും ഈ റിപ്പോർട്ട് നിങ്ങളുടെ അറിവിനും അംഗീകാരത്തിനുമായി സമർപ്പിക്കുന്നു.

ഗോപീ കൃഷ്ണൻ
ജനറൽ സെക്രട്ടറി

# NCC ANNUAL REPORT

**NCC** is the single largest youth movement in the country. It has helped to shape youngmen and women as responsible, alert, disciplined, strong and highly motivated citizens of our Nation.

Our college has two different wings under different battalions

**Senior Division (SD)- 9(K) BN Kottarakkara**

The Army wing SD is led by Lt. Shaji P.I. The senior cadet of this unit, during the training year 2012-13 is Anandu Suthan of BSc. Chemistry.

Within our limited capacity, our SD cadets did their level best to materialize the golden aims of NCC. Three of our senior cadets, U.O Anandu Suthan, J.U.O Rohith R and J.U.O Akhil Raj were attached to '19 JAK Rifles' for 15 day at Army Attachment, Pangode, Tvm.

Sgt. Harikrishnan R joined Indian Army with '7 Mechanicals' and currently he is undergoing training at Dehradun.

Sgt. Ashish Panicker and Sgt. Samjith Sunny attended special National Integration Camp at Jaisalmer, Rajasthan.

Three of our cadets attended National Trekking Camp and Sgt. Jibin John cleared I GC for Republic day parade in Delhi.

**Senior Wing (SW)- 3(K) Girls BN, Kollam.**

The Army wing SW is headedby Capt. Dr. J Renuka. The senior cadet of this unit is JUO Sandhya T.S, IInd B.Com.

During the training year, our cadets reaped victory in various NCC activities held both centrally and locally.

Sgt. Ponnamina of II BSc. Zoology attended OTA Camp at Gwalior. Four cadets attended NIC held at 3(K) girls BN, Kollam. All our cadets attended CATC held at various places during the training period.

Capt. Dr. J Renuka was camp adjutant at the NIC held at 3(K) BN Kollam.

# National Service Scheme

## Annual Report 2012-2013

There are two National Service Scheme units in T.K.M. College of Arts & Science, Kollam in the academic year 2012-2013. The Programme Officers are

1. E.Najeem, Department of Arabic 2. M.Abdul Majeed, Department of Mathematics

Total strength of the N.S.S. Units is 300. This year 100 Volunteers enrolled from First Degree Classes. Two Orientation programmes were given to the new volunteers.

A large number of programmes were carried out the year. The most important of these are given below. An advisory Meeting of National Service Scheme was held on 16th June 2012. Decisions were taken in the meeting regarding the N.S.S Programmes for the year 2012- 2013. They were:

a) Hamil C.Fernandez, II B.com and Lekshmi Mohan, II B.Com, were selected as Volunteer Secretaries.

c) As the number of Units had been reduced to two by the university only 100 volunteers need to be participated in the camp.

## PROGRAMMES

1. An awareness class was held on 23-6-2012 on the need to protect trees as part of the Greening of Campus & Haritha Keralam Project. Planted saplings in the College Campus and surrounding areas and distributed saplings among students and the residents of the adopted village trough these days. Special attention was given to the trees planted earlier in the adopted village. Pledge to protect trees was taken by the volunteers under the leadership of volunteer Secretaries and Programme Officers.

2. A Campus Cleaning Programme was conducted on 30th June 2012.

3. A one-day awareness programme was held as part of the Anti-Ragging programme on 7-7-2012. Principal Abdul Razac Spoke in the meeting.

4. One day workshop on 'Financial Planning for Young Investors' was held on 21-7-2012 by Dr. M. N. Deyanandan.

5. One day orientation programme was conducted on 28-7-2012 for new volunteers. Prof.V.A.Hashimkutty, former Programme Officer spoke on the occasion.

6. One day regular work was held on 4-8-2012. Volunteers visited the adopted village to spread the message of protecting trees in the adopted village.

7. Independence Day was celebrated on 15th August 2012.

8. An awareness class on blood donation was held on 18-8-2012 by Mr. Santhosh Kumar of Kollam District Hospital.

9. One day Orientation Programme was conducted on 1-9-2012. Mr.E.Najeem, Programme Officer spoke on the occasion.

10. One-day regular work was conducted on 22nd August 2012. The volunteers cleaned the front area of the College from Karicode junction to Public School.

11. N.S.S. Day observed with various programmes and a "Poster Exhibition" was conducted in our Campus to raise awareness of N.S.S. activities among students on 24th September 2012.

12. An awareness class on "Global Warming" was held on 29th September 2012 by Senior Programme Officer Prof. M. Abdul Majeed.

13. Celebrated "Gandhi Jayanthi" with various programmes. An "Anti-Plastic Awareness Campaign" was conducted at Karicode Public Market and nearby places on 2nd October 2012.

14. One day regular work - A Campus Cleaning programme was conducted on 20th October, 2012.

15. "Clean Campus"- an awareness programme was conducted on 3rd November 2012 by Prof. A.Hashimudeen, Member of Academic Council, University of Kerala.

16. Two volunteers participated the three day residential Volunteer Leaders Training Programme held at Bishop Moore College, Mavelikkara from 9-11-2012 to 11-11-2012

17. A Campus Cleaning Programme was conducted on 24th November, 2012.

18. World AIDS Day was observed on 1-12-2012 and an awareness class was conducted. Prof.V.A.Hashim Kutty gave awareness to the gathering.

19. A seven day annual camp was conducted by the N.S.S. Units from 21rd December 2012 to 27t0h December 2012. The inauguration of the Camp was held at the College auditorium by the President, Kottankara Gramapanchayat, Sri. R.Sureshbabu. The programme included awareness classes, Cultural Programmes, Social Service activities, Blood Donation, Visit to the adopted village, Vegetable farming, Pandarakulam rejuvenation and the like.

20. Republic Day Celebrations: Republic Day, 26 January 2013 was celebrated in a grand manner by the N.S.S. units of the college. An awareness class was conducted. The Programme Officers spoke on Various Subjects.

21. Legal Literacy Programme: A "Legal Literacy Programme" was conducted in two sessions at College Auditorium on 29th January 2013. Advocate Safarulla from Legal Literacy Cell, served as a Resource Person for the session.The ASAP Campaign: ASAP, project of the Higher Education Council and the Government of Kerala to locate "Thousand Splendid Stars" found a remarkable launch in T.K.M College of Arts & Science by the support of N.S.S. Units.

22. Health Education Programme: One-day awareness programme on Problems of Adolescence was held at College Seminar Hall and more than three important papers were presented at that Session under the auspicious of the University Health Centre, University of Kerala on 11-02-2013. Sri. M. Nisamudeen, Health Information Officer, Prof. M.P.Viswan, H.O.D of Social Work, SS University of Sanskrit, Kalady, Dr. Saroja Nair, Director, University Health Centre and Dr. Sajeev, Medical Officer, UHC, Palayam, Thiruvananthapuram were presented their papers. About 300 Volunteers participated.

23. On 4-02-2013 a regular gathering was held in which the reception committee for Founders Day (19-02-2013) was organized. Discussions were held regarding the programme to be conducted on Founder's Day.

24. Blood Donation and grouping: A Blood Grouping & Donation Campaign was conducted on 14th February, 2013 under the auspices of the District Hospital, Kollam and About 35 volunteers were donated their blood in different groups. On the whole the N.S.S. Units of the college are functioning in an excellent manner with the support and guidance of the Principal, Mr.E.Abdul Razac.

25. Founder's Day – Inter-Collegiate Competitions: Founders' Day was observed on 19-2-2013. Competitions were held in areas like Essay Writing, Quiz, and Elocution. Students from more than 25 colleges took part. Prizes were distributed and the ever-rolling trophy was given away.

26. An awareness class was held on 2-3-2013, on the need to make aware the students about better health. Prof.S.M. Noushad, Co-ordinator, 'Prethyasa', Kollam spoke on the Subject. The class was very informative to prepare the student maintaining good health mentally and physically. In the interaction session, special attention was given to the teenage problems. About 200 volunteers participated the class held at College Auditorium.

The Report would be incomplete without mentioning the contribution of the two Programme Officers and the inspiring leadership of the Principal, Professor E. Abdul Razac and the suggestions given by the University N.S.S Co-Ordinator.

Programme Officers:

1.Mr. E.Najeem 2.Mr. M.Abdul Majeed

# PTA REPORT

The general body of P.T.A elected Prof. Hashimudeen A as the Secretary and 7members from parents and teachers during the academic year 2012-13.

**The** notable achievement of P.T.A in our college is constant interaction with the parents. To achieve this, P.T.A convened class-wise parents meeting to maintain peaceful academic environment, providing better oppurtunities for students to improve their academic excellence and competiveness. P.T.A provided special attention and financial assistance to all those students who are academically excellent during the academic year. P.T.A met hostel expenses of bright students on merit basis . Seven students have been given financial assistance of this kind.

**P.T.A** distributed merit-cum-means scholarship for 106 students during the academic year 2012-13. All faculty members have contributed to this programme.

P.T.A paid remuneration for 12 Guest Lecturers appointed in various departments for the academic year 2012-13.The salary of 9 contingency staff including security, staff, sweeper was paid from the P.T.A fund.

**P.T.A** had taken steps to develop computer facility in the college, smart classrooms and internet facilities. L.C.D projectors were installed in all P.G and final year classrooms. The cost of providing this infrastructure was met out of P.T.A fund. P.T.A recommended to start book bank in the campus, start campus publication to encourage in-born talents of the students. P.T.A extended financial aid to sick students during their academic years. Thirty six students were admitted in the hospitals and the hospital expense of these students were met by P.T.A.

**P.T.A** celebrated Onam festival and distributed Payasam Kit to all the students. P.T.A in collaboration with the N.S.S Unit observed 'Founder's Day' on 19th February and organized Inter-Collegiate competitions on eloqautions, essay writing & quiz and distribuited cash prizes to all the 1st, 2nd and 3rd prize winners during this academic year.

**P.T.A** extended all the financial help for the effective implementation of newly introduced CBCSS in the degree level. P.T.A conducted one-day awareness class on the CBCSS during this academic year.

**P.T.A** organized 'Merit Day' on March 3, 2013 at the College auditorium. The Honourable Pro-vice Chancellor, University of Kerala, Dr. J.Prabhash inaugurated the function. Mr.T.K Shahal Hassan Musaliar, President T.K.M College Trust, Mr. M. Haroon Member, T.K.M College Trust participated in the function as guest of honours.

Aswathi J.Mohan, 1st Rank holder, BSc. Bio-Chemistry, Jubaiwyath Beevi A.P, 1st Rank holder, B.A Islamic History, Sreelekshmi A.R, 2nd Rank holder, M.A English Literature, Abdulla A., 2nd Rank holder, B.A Islamic History have been honoured and given cash prizes.

Prof. A. Hashimudeen
Secretary, PTA


മലയാളം

# മഴയും കിനാവും

വർഷധൂളികൾ അശ്രുധാരയായ്
മന്ദമന്ദമായ് പൊഴിയവെ
ഇലകൾ താളമടിക്കുന്നു,
മഴത്തുള്ളികൾ ഒരു വൈരക്കല്ലുപോൽ
പത്മപത്രങ്ങളിൽ നിന്നുമടർന്നു വീഴുന്നു.
മന്ദമാരുതനാത്തുള്ളികളെ എങ്ങോ
കൊണ്ടു മറയുന്നു.

ജാലകത്തിനരികിലെ പെൺകിളി
അവൾ മഴയുടെ താളം തന്നിൽ
മതിമറന്നിരിക്കുന്നു.
പെൺകിളിതൻ മനം
മഴതൻ ചാരുതയളക്കുന്നു
മിഴികൾ ആഹ്ലാദ, സന്തോഷ
സമ്മിശ്ര പൂരിതം.
മാരിതൻ സൗകുമാര്യമവളെ
ആ വർഷപ്പറുദീസയിലൂടെ
യൊരു ചെറുവണ്ടായ്
പറക്കുവാൻ മോഹിപ്പിക്കും
ജലകണങ്ങളിൽ ആർദ്രമായി
മാരുതന്റെ തേരിലേറി
സഞ്ചരിക്കുകയാണവളുടെ മനമീമഴയത്ത്,
കൂടെ കൂട്ടിനായ് അവളുടെ പ്രിയതമനും!

**സബീനാ ഫിറോസ്ഖാൻ**
**I[st] Bio-Chemistry**



# അടിപൊളി



മിർസ അലി
II B.Com

മലയാളഭാഷയെ ഇംഗ്ലീഷ് വിഴുങ്ങുന്ന കാലത്ത്, ഇതാ മറ്റു ഭാഷകളെ ഒന്നടങ്കം കീഴടക്കിയ ഒരു മലയാളം വാക്ക്, *അടിപൊളി !*

അവൻ മലയാളികളുടെ ഭാഗമായി തീർന്നിട്ട് കാൽ നൂറ്റാണ്ട് തികയുന്നു. ഇവനെ ഒഴിവാക്കിക്കൊണ്ട് ഒരാഘോഷവും ഇന്നു നമ്മൾ മലയാളികൾക്കില്ല. ലോകത്ത് എവിടെയൊക്കെ മലയാളികളുണ്ടോ അവിടെയൊക്കെ ഇവനുമുണ്ട്. എൺപതുകളുടെ തുടക്കത്തിൽ പിറന്നു. തൊണ്ണൂറുകളിൽ വളർന്നു. രണ്ടായിരത്തോടെ മലയാളികളെ സമ്പൂർണ്ണമായി കീഴടക്കി.

ഒരു വാക്കിന്റെ കഥയാണ് പറഞ്ഞു വരുന്നത്. കഴിഞ്ഞ കാൽനൂറ്റാണ്ടിനിടയിൽ മലയാളി ഏറ്റവും കൂടുതൽ ഉപയോഗിച്ച വാക്ക്, “*അടിപൊളി*” നമ്മുടെ നാവിൻതുമ്പിലെത്തും. ഇത്രയേറെ ജനപിന്തുണ നേടിയ, പ്രചാരം നേടിയ മറ്റൊരു വാക്കും മലയാളത്തിൽ ഇന്നില്ല. ജനന സർട്ടിഫിക്കറ്റോ, എസ്.എസ്.എൽ.സി ബുക്കോ ഇല്ലാത്തതിനാൽ അടിപൊളിയുടെ ജനനതീയതി കൃത്യമായി പറയുക വയ്യ. എങ്കിലും എൺപതുകളുടെ തുടക്കത്തോടെ കേരളത്തിലെ ചില ക്യാംപസുകളിലാണ് അടിപൊളി പിറന്നതെന്ന് നിസ്സംശയം പറയാം. അവിടുന്നങ്ങോട്ട് നാവുകളിൽ നിന്ന് നാവുകളിലേയ്ക്ക് ചാടിക്കളിക്കുകയായി ഈ ‘*അടിപൊളി*’ വാക്ക്. മലയാളിയുടെ സംസാരഭാഷയിൽ നിന്ന് മലയാള പദങ്ങൾ കുറഞ്ഞുകൊണ്ടിരിക്കുന്നു എന്ന പരാതി നിലനിൽക്കുന്ന കാലത്താണ് അടിമുടി മലയാളിയായ അടിപൊളിയുടെ വരവും വളർച്ചയും അടി എന്ന വാക്കിനും പൊളി എന്ന വാക്കിനും പരശുരാമന്റെ മഴുവിനോളം തന്നെ പഴക്കം കാണും. എല്ലാത്തരം അടിയും നമുക്ക് പരിചിതമാണ്. ജീവിതത്തിന്റെ ഗോദയിൽ ഇടികൊണ്ടിട്ടില്ലാത്തവർ പോലും അടിയേറ്റു വാങ്ങിയിട്ടുണ്ടാകും. വീട്ടിൽ അടിക്കുവാൻ വകുപ്പില്ലാത്ത പതിനഞ്ചു വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് വിദ്യാലയങ്ങളിലൂടെ കാലാകാലങ്ങളായി അടിവിതരണ സമ്പ്രദായമുണ്ട്. അടികൊടുക്കാതെ തന്നെ തിരിച്ചടി ഭയന്ന് അടിയേ വേണ്ടന്നു വച്ചവരുമുണ്ടാകും. ഇനി രണ്ടാംഭാഗമായ ‘പൊളി’യുടെ ചരിത്രം നോക്കാം. നുണയെന്നും പിളർപ്പെന്നും ക്ഷണമെന്നുമെല്ലാം അർത്ഥം പറയുന്ന പൊളിയും ചരിത്രാതീതകാലം മുതലേ നമുക്കു പരിചിതർ. സ്വന്തം വംശത്തിന്റെ കടപൂട്ടിയ നേരത്ത് ആദ്യത്തെ ദിനോസർ പോലും അവസാനത്തെ ചിരിയോടെ തലയിൽ കയ്യേറ്റി പറഞ്ഞേക്കാം “*എല്ലാം പൊളിഞ്ഞു മോനെ ദിനേശാ....*” എങ്കിലും പൊളി നമുക്ക് ഏറ്റവും പരിചിതനാവുന്നത് അവൻ വെറും തല്ലിപ്പൊളി ആകുമ്പോഴാണ്. ചുരുക്കത്തിൽ അടിപൊളിയുടെ അസംസ്കൃതവസ്തുക്കൾ നമ്മുടെ നാട്ടിൽ പണ്ട്തൊട്ടേയുണ്ട്. പക്ഷേ, ഇതു രണ്ടും ചേർന്ന് സാക്ഷാൽ ‘*അടിപൊളി*’ എന്ന വിവിധോദ്ദേശ്യ അഖണ്ഡപദം പിറന്നത് എൺപതുകളുടെ തുടക്കത്തോടെയാണ്. പണ്ഡിതൻമാരല്ല ഭാഷയെ വളർത്തുന്നത് എന്ന് പറഞ്ഞതു മറ്റാരുമല്ല പണ്ഡിതൻമാർ തന്നെയാണ്. ഒരു ആത്മഹത്യാ കുറ്റം ചുമത്താവുന്നതാണെങ്കിലും സംഗതി അടിപൊളിയുടെ കാര്യത്തിൽ സത്യമായി. അടിപൊളി ആദ്യം ഉപയോഗിച്ചു തുടങ്ങിയതും അടിപൊളിയാക്കിയതും സാധാരണക്കാരാണ്. പ്രത്യേകിച്ചും എൺപതുകളിലെ ചെറുപ്പക്കാർ വാമൊഴി അടിപൊളിയെ വാരിപ്പുണർന്നപ്പോൾ വരമൊഴി എന്ന വരേണ്യൻ അടിപൊളിയെ ആദ്യമൊക്കെ തീണ്ടാപ്പാടകലെ നിർത്തി. പിന്നെ മടിച്ചു മടിച്ചു സ്വീകരിക്കാതെ തരമില്ലെന്ന അവസ്ഥയായി. അതുകൊണ്ട് നഷ്ടമുണ്ടായത് അടിപൊളിക്കല്ല എഴുത്തിനാണ്. സംസാരം അടിപൊളി ആയിട്ടും എഴുത്ത് അടിപൊളിയാകാൻ വൈകി.

അതെന്തു തന്നെയായാലും അടിപൊളിയുടെ യഥാർഥ ഉപഭോക്താക്കൾ ചെറുപ്പക്കാർ തന്നെയാണ്. ആൺപെൺ ഭേദമില്ലാതെ ചെറുപ്പക്കാർ അടി

പൊളിയാണ്. *അടിപൊളി* എന്ന വാക്കല്ലാതെ ആണും പെണ്ണും ഒരു പോലെ ഉപയോഗിക്കുന്ന മറ്റെന്തെങ്കിലുമുണ്ടോ എന്നു സംശയം !! മധ്യവയസ്കരും മുതിർന്ന പൗരൻമാർ ചുളിഞ്ഞ നെറ്റിയോടെയാണ് ഈ വാക്കിനെ നോക്കിയിരുന്നത്. എന്നാൽ വീട്ടമ്മമാർ വരെ അവരുടെ ഹൃദയം അടിപൊളിക്ക് ഡെഡിക്കേറ്റ് ചെയ്യാൻ തുടങ്ങിയതോടെ അടിപൊളിയെ അംഗീകരിക്കാനുള്ള അവരുടെ വൈക്ലബ്യം മാറിത്തുടങ്ങി.

ശാസ്ത്ര-സാങ്കേതിക-കലാരംഗങ്ങൾ മുഴുവൻ അടിപൊളി പിടിച്ചടക്കിയില്ലേ ? കലയുടെ മേഖലയിൽ നിന്നും സിനിമയെടുത്തൊന്നു പരിശോധിച്ചു നോക്കാം. അടിച്ചുപൊളിക്കുകയല്ലേ നമ്മുടെ സൂപ്പർതാരങ്ങൾ.

ഇനി കളികളിലെ ഏറ്റവും അടിപൊളിക്കളിയായ ക്രിക്കറ്റിന്റെ കാര്യം പരിശോധിക്കാം. സച്ചിൻ തെൻഡുൽക്കർ ബാറ്റേന്തിയ കാലം മുതലേ ആശാൻ അടിപൊളിയല്ലേ ? അടിപൊളി മതിലല്ലേ ദ്രാവിഡ് ? നമ്മുടെ സ്വന്തം ശ്രീശാന്തോ ? ക്രിക്കറ്റിലും ഡാൻസിലും , ദാ ഇപ്പോ വാതുവയ്പ്പിലും ഒത്തുകളിയിലും വരെ മലയാളി ഒരുപോലെ അടിപൊളിയാണെന്നു മാലോകരെ മുഴുവൻ കാണിച്ചു കൊടുത്തില്ലേ ഈ അടിപൊളി പയ്യൻ. അടിപൊളി അല്ലാതെ വേറെന്താണ്? ധോണിയുടെ അടിയും മുടിയും ഒരുപോലെ അടിപൊളിയല്ലേ ?

'ടെക്നോളജിയുടെ മേഖലയിലാണ് അടിപൊളി കൊടികുത്തി വാഴുന്നത്. അടിപൊളിയിലെ ലക്ഷണമൊത്ത അവതാരം തന്നെയാണ് നമ്മുടെ മൊബൈൽ ഫോൺ. യുവതീയുവാക്കളുടെ ജീവിതം അടിപൊളിയാക്കുന്നതിൽ ഈ മഹാനും അദ്ദേഹത്തിന്റെ എസ്.എം.എസ് പ്രസ്ഥാനവും വഹിച്ച പങ്ക് ചില്ലറയല്ല. ഇന്റർനെറ്റ് കൂടി വ്യാപകമായതോടെ കമ്പ്യൂട്ടർ അടിപൊളിയായി. ഫേസ്ബുക്കും ബ്ലോഗുമൊക്കെ അവതരിച്ചതോടെ ആർക്കും അടിച്ചുപൊളിക്കാമെന്ന അവസ്ഥയായി.

വലിയ അടിപൊളിയൊന്നും ഇല്ലാതെ പോയ ഒരു മേഖലയെ കുറിച്ച് പറയാതിരുന്നാൽ മോശമല്ലേ ? അതെ അടിപൊളി എന്നവാക്ക് അടിച്ചുപൊളിക്കുമ്പോൾ വാക്കുകളുടെ കലാലയസാഹിത്യത്തിൽ മാത്രം വലിയ അടിപൊളിയൊന്നും ഉണ്ടായില്ലെന്നതാണ് സത്യം കൊള്ളാം, തകർപ്പൻ, ഗംഭീരം, ഉഗ്രൻ, ജോർ, ഭേഷ് എന്നീ വാക്കുകളായിരുന്നു അടിപൊളിക്ക് മുൻപു അതേ തസ്തികയിൽ. അങ്ങനെ ലെവൻമാരുടെയെല്ലാം കട്ടേം പടോം മടങ്ങി.

ജീവിക്കുമ്പോൾ അടിപൊളിയായി ജീവിക്കണം. എന്തൊക്കെ സംഭവിച്ചാലും അടിപൊളിക്ക് ഒരു കുറവും വരരുത്. ഇതാണ് മലയാളിയുടെ പുതിയ പോളിസി. "*ലൈഫ് ഈസ് നോട്ട് എ ട്രാജഡി, നോട്ട് എ കോമഡി, ബട്ട് ആൻ അടിപൊളി.*"



# COLLEGE UNION MEMBERS



ATHUL B. NATH
Chairman



SAHLA S.
Vice Chairman



GOPI KRISHNAN
General Secretary



SHAJIN N.
Arts Club Secretary



THOUFEEK S.
U.U.C



AJMAL A.
U.U.C



AKASH CHANDRAN
Magazine Editor

# STUDENT REPRESENTATIVES



Thanooja M.
(Lady Rep.)



Lekshmi Mohan
(Lady Rep.)



Ashkar H. Badusha
(1st Year Rep.)



AKhil Raj
(2nd Year Rep.)

Rafi N.
(3rd Year Rep.)



Anees A. J.
(2nd PG Rep.)

ASSOCIATION SECRETARY



Hari Krishnan R.
(English)



Harshad
(Commerce)



Abhijith
(Physics)



Muneer (Zoology)



Razik (Botany)



Riyas R.
(Bio chemistry)



Jikku S.
(Mathematics)



Ubaid A.
(Islamic History)



വിഷ്ണു. ആർ
II B.Com

# പെരുന്തച്ചൻ



സൂപ്പർ താരങ്ങൾ അരങ്ങു വാഴുന്ന സിനിമാ ലോകത്ത് ഒരു നടൻ എന്ന നിലയിൽ തിലകന്റെ വ്യക്തിത്വം ഒന്നു വേറെ തന്നെയാണ്. നല്ല പ്രായത്തിലേ കോടമ്പാക്കത്ത് ചെന്ന് അവസരം യാചിച്ച് കാലുതേഞ്ഞ് സിനിമാലോകത്ത് എത്തിയതല്ല തിലകൻ. നാടകരംഗത്ത് വർഷങ്ങളോളം അരങ്ങുവാണ ഈ അഭിനയ പ്രതിഭ സ്വാഭാവികമെന്നവണ്ണം സിനിമാരംഗത്തേക്ക് ആനയിക്കപ്പെടുകയായിരുന്നു. സിനിമാരംഗത്ത് എത്തപ്പെട്ട തിലകന് പിന്നെ തിരിഞ്ഞു നോക്കേണ്ടി വന്നിട്ടില്ല. സിനിമാരംഗത്ത് ശ്രദ്ധേയമായതിനുശേഷവും നാടകരംഗം അദ്ദേഹം കൈവിട്ടിരുന്നില്ല. നടനായും സംവിധായകനായും ഉപദേശകനായുമൊക്കെ നാടകരംഗത്ത് അദ്ദേഹമുണ്ടായിരുന്നു.

സിനിമാതിരക്കുകൾക്കിടയിൽ പിന്നീടു പഴയതു പോലെ നാടകരംഗത്ത് സജീവമാകാൻ കഴിഞ്ഞിരുന്നില്ലെങ്കിലും ആ രംഗത്ത് നിന്ന് നേടിയ അനുഭവങ്ങളും പ്രശസ്തിയും എന്നും അദ്ദേഹത്തിന് പിൻബലമായുണ്ടായിരുന്നു. ഒരു ഘട്ടത്തിൽ സിനിമയിൽ നിന്ന് ഊരു വിലക്കുമ്പോൾ, നാടകരംഗത്ത് വീണ്ടും സജീവമാകുമെന്ന് പ്രഖ്യാപിക്കാൻ അദ്ദേഹത്തിന് യാതൊരു മടിയും ഉണ്ടായിരുന്നില്ല പിന്നീട്, വിലക്കൊക്കെ മാറി.ഇങ്ങനെയൊരു അതുല്യ നടനെ എന്നെന്നേയ്ക്കുമായി അങ്ങനെ വിലക്കി നിർത്താൻ ആർക്കാണു കഴിയുക ? സിനിമയിൽ ആർക്കും അഭിനയിക്കാം, താരങ്ങളാകാം. പക്ഷെ നടനാകണമെങ്കിൽ, നടനകലയിൻ നല്ല അഭിരുചിയും പ്രാവീണ്യവും വേണം. അതുകൊണ്ടു തന്നെ നാടകരംഗം ഒരു അഭിനേതാവിന് കരുത്ത് പകരുന്ന മേഖലയാണ്.ആ കരുത്തുമായി മലയാളസിനിമയിൽ എത്തിയ തിലകൻ മലയാളികളുടെ മനസ്സിൽ നിന്ന് ഒരിക്കലും മറക്കാത്ത നിരവധി കഥാപാത്രങ്ങളെ അഭ്രപാളികളിൽ ജീവിപ്പിച്ചിട്ടുണ്ട്.തനിക്ക് ലഭിക്കുന്ന ഓരോ കഥാപാത്രങ്ങളിലേയ്ക്കും തന്നിലെ നടനവൈഭവത്തെ സന്നിവേശിപ്പിച്ച് സ്വയം ആ കഥാപാത്രമായി ജീവിച്ചുകാണിക്കുകയാണ് ചെയ്തിട്ടുള്ളത്. ഓരോ കഥാപാത്രത്തിന്റെയും സ്വഷ്ടികർത്താവും സംവിധായകനും പ്രതീക്ഷിക്കുന്നതിലപ്പുറം ആ കഥാപാത്രത്തെ അഭിനയിച്ചു ഫലിപ്പിക്കാൻ തിലകനു കഴിഞ്ഞിരുന്നു.

ചെറുപ്പകാലത്ത് സിനിമയിലെത്താൻ കഴിയാത്തതുകൊണ്ട് തിലകന് യുവ കഥാപാത്രങ്ങളെ അവതരിപ്പിക്കാൻ കഴിഞ്ഞിട്ടില്ല. അത് മലയാളസിനിമയ്ക്ക് ഒരു തീരാനഷ്ടമാണ്. എന്നിരുന്നാലും തന്റെ പ്രായത്തോടു പൊരുത്തപ്പെട്ടു നിൽക്കുന്ന എത്രയെത്ര കഥാപാത്രങ്ങൾക്ക് ചിരഞ്ജീവിത്വം നൽകുവാൻ തിലകനു കഴിഞ്ഞിരുന്നു. ഒരു താരത്തിന് മുഖലാവണ്യവും സിനിമാറ്റിക് ഫെയ്സുമൊക്കെ വേണമായിരിക്കാം. എന്നാൽ ഒരു നടന് അതൊന്നും ആവശ്യമില്ലെന്ന് തെളിയിച്ചവരിൽ ഒരാളാണ് തിലകൻ. താരവും നടനും രണ്ടാണ്. ആർക്കും താരമാകാം അതിന്റെ മാനദണ്ഡം സൗന്ദര്യമാകാം.എന്നാൽ സൗന്ദര്യത്തിന്റെ പിൻബലത്തിൽ മാത്രം താരമാകാൻ കഴിയും, പക്ഷേ നടനാകാൻ കഴിയില്ല. നിറമോ സൗന്ദര്യമോ ഒന്നുമല്ല ഒരു നടനെ വിജയിപ്പിക്കുന്നത്. അഭിനയിക്കാനുള്ള കഴിവാണ്.

ഒരു വ്യക്തിയെന്ന നിലയ്ക്കും മറ്റ് നടൻമാർക്കില്ലാത്ത പല പ്രത്യേകതകളും തിലകനുണ്ടായിരുന്നു. സിനിമയുടെ പിന്നാമ്പുറങ്ങളിൽപലതരം അന്ധവിശ്വാസങ്ങൾ ഒരു പ്രവണതയായി മുൻകാലങ്ങളിൽ നിലനിന്നു പോരുന്നുണ്ട്. സിനിമാരംഗത്ത് നല്ലൊരുപങ്കും അത്തരം പല അന്ധവിശ്വാസങ്ങളുടേയും ഉപാസകരാണ്. തിലകൻ അക്കാര്യത്തിലും വ്യത്യസ്തനായിരുന്നു. ഒരു വ്യക്തി എന്ന നിലയിൽ തികഞ്ഞ ഒരു യുക്തിവാദിയും നിരീശ്വരവാദിയും മാനവികതാവാദിയുമായിരുന്നു ആ മഹാനടൻ. തിലകൻ കഥാവശേഷനായി. പക്ഷേ അദ്ദേഹം എന്നെന്നും ജീവിക്കും; അദ്ദേഹം ജീവൻ നൽകിയ നിരവധി കഥാപാത്രങ്ങിലൂടെ മലയാളികളുടെ മനസ്സിൽ എന്നും തിലകൻ എന്നൊരാൾരൂപം അത്രവേഗമൊന്നും പടിയിറങ്ങി പോകില്ല....

അഭിനയകലയുടെ പെരുന്തച്ചന് ആദരാഞ്ജലികൾ...

# മധുരഗാനം





റംസി . എഫ്
I B.Com

എൻ വീട്ടുമുറ്റത്തെ മുല്ലത്തോപ്പിലൂയ -
ലാടാൻ വന്ന കിളിമകളേ ..
ആരു നിനക്കീ വർണങ്ങൾ ചാർത്തിയ
മേനിയഴകു തന്നു...
നിൻ ചുണ്ടിലായിരം പാട്ടുവിരിയുന്നതെൻ
കാതിൽ കേൾക്കാമല്ലോ..
ആ പാട്ടിൽ മറന്നാടാൻ കൊതിക്കുന്ന
മുല്ലപ്പൂനറുവാടികളെ,
മലകളും വനവും ഭൂമിയും കേട്ടു
കൊതിച്ചു നിൻ ഗാനം
ആ ഗാനം കേട്ടവർ നിത്യവും
നൃത്തമാടി
പുഴകളിൽ കളകള നാദസ്വരം
കേട്ടുവോ നീ
നിന്നെ ചാരത്തണയ്ക്കാനാശിക്കുന്ന
പാൽ മധുരമൂറും നറുപുഴകളല്ലോ
നിൻഗാനാലാപനത്തിൽ മയങ്ങിടുന്നു

# അറിയുമോ?





ഷഹിന.എസ്
I B.Com

വിടരാൻ  കൊതിക്കുന്ന പൂവിനറിയുമോ
വിട പറയുന്ന മൗനം
മായാൻ തുടങ്ങുന്ന മേഘത്തിനറിയുമോ
വിട പറഞ്ഞകലുന്ന ദു:ഖം
കാറ്റിലാടുന്ന പൂവിനറിയുമോ
തന്നിലേ സുഗന്ധം
വഴിയോരത്തുറങ്ങുന്ന കുഞ്ഞിനറിയുമോ
നഷ്ടമായ്ത്തീർന്ന തൻ ബാല്യം
നെയ്തക്കിനാക്കൾ തച്ചുടച്ചകലുന്ന കുഞ്ഞേ നിനക്കറിയുമോ
നിൻ അമ്മതൻ  തീരാ സ്നേഹം
കാണാമറയത്തമ്മയെ തള്ളിയകലുന്ന
പുതുതലമുറേ  നിനക്കറിയുമോ മാതൃസ്നേഹം

# അവൾ...



ആരതി ഐ.
I English



സ്ത്രീ അമ്മയാണ്, ദൈവമാണ്, സഹോദരിയാണ്, അവൾ മകളാണ്. എന്നാൽ ഇന്നത്തെ സമൂഹം കേവലം കറിവേയ്പ്പിലയുടെ സ്ഥാനംപോലും അവൾക്ക് നൽകുന്നില്ല. അവൾ വെറും വിൽപ്പന ചരക്കായി മാറിക്കൊണ്ടിരിക്കുന്നു. സ്വന്തം വീട്ടിൽ നിന്നോ സ്വന്തം രക്തത്തിൽ നിന്നോ അവൾക്കിന്ന് സംരക്ഷണം ലഭിക്കുന്നില്ല. അച്ഛനെയും , അമ്മയെയും, സഹോദരങ്ങളെയും ഭയന്ന് ജീവിക്കേണ്ട കാലം. സ്വന്തം പിതാവിന്റെയടുത്ത് അച്ഛാ... എന്ന് വിളിച്ചോടിയടുക്കാൻ അവൾക്ക് ഭയമാണ്. അച്ഛന്റെ തലോടൽ അവൾക്ക് നൊമ്പരമാണ്. അങ്ങനെയൊരച്ഛൻ എത്രയോ നല്ല അച്ഛൻമാർക്ക് വിലങ്ങുതടിയാണ്. കഴുകന്റെ കണ്ണുകൾ അവളെ തേടിയലയുന്നു. അവളെ കൊത്തിവലിക്കാൻ പരവശനായി കാത്തിരിക്കുന്നു. അവൾ ഓടുകയാണ്, കഴുകൻ റാഞ്ചിപ്പിടിക്കാത്തത്രദൂരം അവൾ ഓടുകയാണ്. ആ ഓട്ടത്തിനൊടുവിൽ അവൾ വീഴുമോ? മിന്നിമറയുന്ന ഓരോ കണ്ണുകളിലും അവൾ പകച്ചുനോക്കും, തന്നെ തേടിയലയുന്ന കഴുകന്റെ കണ്ണുമായി സാമ്യമുണ്ടോയെന്ന്. അപകടം പതിയിരിക്കുന്നതെവിടെ എന്നവൾക്കറിയില്ല. സ്വന്തം മാനത്തിനും ജീവനും വേണ്ടി അവൾ ഓടുകയാണ്, രക്ഷപെടാൻ ശ്രമിക്കുകയാണ്. കഴുകൻ അവളുടെ തലയ്ക്കുമുകളിൽ ആർത്തടിച്ചു പറക്കുകയാണ്. എന്തു ചെയ്യാൻ? അവൾ ജീവിതത്തിന് മുൻപിൻ പകച്ചുനിൽക്കുകയാണ്. അവളുടെ മാനത്തിനിനിയും വില പറയുമോ? ഇനി എന്തെന്ന ചോദ്യം ഇപ്പോഴും അവളുടെ മനസ്സിൽ നിഴലിച്ചുകൊണ്ടിരിക്കുന്നു.



# നിഴൽക്കാഴ്ച്ചകൾ

ശ്രീലക്ഷ്മി. ആർ
I English

ആരോഗ്യസംരക്ഷണത്തിന് പ്രാധാന്യം കൊടുക്കുന്നവരാണ് മലയാളികൾ. എന്നാൽ ഒരു വിഭാഗം ആൾക്കാർ ദൂഷ്യഫലങ്ങൾ അറിഞ്ഞുകൊണ്ട് തന്നെ മദ്യത്തിന് അടിമകളാവുന്നു.

മലയാളികളുടെ ഈ സ്വഭാവത്തിന്റെ ഒരു ക്ലാസിക് ഉദാഹരണം നമ്മളെന്നും കണ്ടുകൊണ്ടിരിക്കുന്നവരാണ്. അക്ഷമരായി പൊരിവെയിലിൽ അവസാനത്തെ നൂറിന്റെ നോട്ടും കൈയ്യിൽ പിടിച്ച് നീണ്ടുവളഞ്ഞ ക്യൂവിൽ തന്റെ ഊഴം എത്തുന്നതും കാത്ത് ബിവറേജസ് സ്റ്റാളിന്റെ മുമ്പിൽ തപസ്സുചെയ്യുന്ന മലയാളികളെ എങ്ങനെ മറക്കാൻ കഴിയും. ഒന്നു ശ്രദ്ധിച്ചാൽ, കൊച്ചുകുട്ടികൾ മുതൽ വൃദ്ധജനങ്ങൾ വരെ ഈ ക്യൂവിൽ ഉണ്ടാകും. നമ്മളിങ്ങനെ ക്യൂവിൽ കാത്ത് നിന്ന് ഏറെ കഷ്ടപ്പെട്ട് ഇൻഡ്യയിൽ തന്നെ ഏറ്റവും വലിയ കുടിയൻമാരെന്ന ഖ്യാതി ലോകമെമ്പാടും ഉണ്ടാക്കി എടുത്തപ്പോൾ, ഓർക്കുക നമ്മൾ നിഷ്കരുണം പടിക്ക് പുറത്താക്കിയത് സ്വന്തം ആരോഗ്യത്തെകുറിച്ച് നമ്മുക്ക് വേണ്ടിയിരുന്ന അത്യാവശ്യ വേവലാതികളെയും,ഉത്കണ്ഠകളെയുമാണ്.നല്ല ആരോഗ്യത്തോടെ ഇരിക്കുമ്പോൾ രോഗം വരുമോ എന്ന് ആശങ്കപ്പെട്ട് ഭൗതികസുഖങ്ങളൊന്നും തെല്ലും ആസ്വദിക്കാതെ ഉമിനീരിറക്കി മരിക്കണോ എന്ന സംശയം ചിലരെങ്കിലും ഉന്നയിച്ചേക്കാം. പക്ഷേഎല്ലാ ഭൗതികസുഖങ്ങൾക്കും ഒരു പരിധി നിശ്ചയിക്കേണ്ടതുണ്ടെന്നും അധികമായാൽ അമൃതും വിഷമാകുന്ന ഒരു സാഹചര്യം ഉണ്ടാകും എന്നേ ഇവിടെ ഉദ്ദേശിക്കുന്നുള്ളു.

ആഗോളവത്കരണത്തിന്റെ ഒരു മായിക ലോകത്താണ് നമ്മളിന്ന്,ആഗോളവത്കരണം നമ്മുക്ക് തുറന്ന് തന്നത് ലോകകമ്പോളത്തിന്റെ പരിച്ഛേദമാണ്. നമുക്കായി കരുതി വച്ച് കാത്തിരിക്കുന്ന ഒരു വിശാലമായലോകത്തിൽ തെറ്റേത്? ശരിയേത് ? കൈക്കൊള്ളേണ്ടതേത്? തള്ളേണ്ടതേത്? വിവേചിച്ചറിയാനാവാത്ത ഒരുതരം അന്ധാളിപ്പാണ്. നമ്മൾക്ക് വേണ്ടാത്തതായി, ആഗ്രഹമില്ലാത്തതായി ഒന്നുമില്ല .പക്ഷേ എല്ലാം നേടാനുള്ള ഭൗതികസാഹചര്യങ്ങൾ എല്ലാവർക്കുമില്ല പിന്നെന്തു ചെയ്യും? അതാണ് നമ്മുടെ വേവലാതി .അവസാനം നമ്മൾ ആവുംവിധം കൊള്ളും. ബാക്കിയുള്ളത് തെല്ല് ദുഖത്തോടെ തള്ളാൻ നിർബന്ധിതരാവും അങ്ങനെ ആസ്വദിക്കാനുള്ള എല്ലാം, തെറ്റോ ശരിയോ എന്ന് ചിന്തിക്കാതെ ആസ്വദിച്ച് വിരാജിക്കുന്ന ഒരു ദിനം ഒരാൾ പിറകിൽ നിന്ന് നമ്മെ തൊട്ടു വിളിക്കും.

ആദ്യം തോന്നലായും പിന്നെ ആരോ ശരിക്കും വിളിച്ചതാണെന്നും തിരിച്ചറിയുമ്പോഴേക്കും ഒരുപാട് വൈകികഴിഞ്ഞിരിക്കും. ആ വിളി വരുമെന്ന് പ്രതീക്ഷച്ചതല്ല . വരരുതേ എന്ന് ആത്മാർത്ഥമായി പ്രാർത്ഥിച്ചതുമില്ല. പക്ഷേ അതൊരു യാഥാർത്ഥ്യമാണ്.

കണ്ടെടുത്ത യാഥാർത്ഥ്യങ്ങളുടെ ഈ കറുത്ത കാലത്തിൽ നമുക്ക് വേണ്ടത് പുതിയ ഒരു ആരോഗ്യസംസ്കാരമാണ്. ലളിതമായി ജീവിക്കുക എന്നത് ഈ പുതിയസംസ്കാരത്തിൽ ഒരു തിരിച്ചറിവായി മനസ്സിൽ സൂക്ഷിക്കുക. നഷ്ടപ്പെട്ടുപോയ നൻമകളെ വീണ്ടെടുക്കാൻ നമ്മൾ കൈവിട്ടുകളഞ്ഞ സംസ്കാരത്തെ തിരിച്ചുപിടിക്കേണ്ടതുണ്ട്. നാടിന്റെ നൻമകളിൽ പച്ചമനുഷ്യരായി, അധ്വാനിച്ച് വിയർത്ത് ജീവിച്ച് തുടങ്ങേണ്ടിയിരിക്കുന്നു. നമ്മുടെ സംസ്കാരം അടുത്ത തലമുറകളിലേക്ക് പകർന്നു നൽകാൻ നമുക്ക് കഴിയണം. മലയാളിയുടെ മാത്രം സ്വന്തമായിരുന്ന പഴമയുടെ നൻമകളെ തിരികെ കൊണ്ടുവരേണ്ടതുണ്ട്.

# പേരറിയാത്തൊരു പെൺകിടാവേ....



ഫൗസിയ ഷംസ് എഫ്
II English

‘"ജ്യോതി" എന്ന് നമുക്ക് വിളിക്കുവാൻ കഴിയുന്ന ദില്ലി പെൺകുട്ടിയുടെ ദുരന്തം രാജ്യമാകെ തന്നെ ചലനം സൃഷ്ടിച്ചിരിക്കുന്നു. സ്ത്രീയുടെ സുരക്ഷ എന്ന വലിയ പ്രശ്നം വിവിധ രൂപത്തിൽ വിവിധ തലങ്ങളിൽ ചർച്ച ചെയ്യപ്പെടുന്നു.മാധ്യമങ്ങൾ, പ്രത്യേകിച്ചും ടി വി ചാനലുകൾ സംഭവത്തിന് അർഹിക്കുന്ന സ്ഥാനം നൽകി. ടി വി അവതാരകർ ഇടക്കിടെ ഉറഞ്ഞു തുള്ളുകവരെ ചെയ്തു.

ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിരന്തരം ആദിവാസി ദളിത് സ്ത്രീകൾ ആക്രമിക്കപ്പെടുമ്പോൾ മൗനം പാലിക്കുകയോ നിസംഗരാവുകയോ ചെയ്യുന്നവർ എന്തുകൊണ്ട് ഇത്തവണ ഇത്രയേറെ അസ്വസ്ഥരും ക്ഷുഭിതരുമായി എന്നത് വിശദമായ ചർച്ച ആവശ്യമായ വിഷയമാണ്. ഈ ഉറഞ്ഞുതുള്ളലുകളും രോഷപ്രകടനങ്ങളും യഥാർത്ഥ പ്രശ്നത്തിന്റെ കാതലിനെ അവഗണിച്ചു എന്നതാണ് ശ്രദ്ധിക്കേണ്ട വസ്തുത. ദില്ലിയിൽ കൂടിയവർ തങ്ങളുടെ അമർഷവും പ്രതിഷേധവും രേഖപ്പെടുത്തുകയാണ് പ്രധാനമായി ചെയ്തത്. പരിഹാരത്തെ കുറിച്ചുപോലും ചിന്തിക്കാനായി ആരുമുണ്ടായിരുന്നില്ല. അക്രമികൾക്ക് തക്കതായ ശിക്ഷ നൽകണമെന്നതിന് എല്ലാവരും ഒരുമിച്ച് നിൽക്കുമ്പോഴും ആ ശിക്ഷ എന്താകണമെന്നതിനെ സംബന്ധിച്ച് വ്യത്യസ്ത നിലപാടുകളാണ് പുലർത്തിയത് രാജ്യമാകെ തന്നെ ചർച്ച ചെയ്യുവാനായി കാര്യപരിപാടി നിശ്ചയിക്കുവാൻ നിയോഗിക്കപ്പെട്ട മാധ്യമങ്ങൾ എറിഞ്ഞു തന്ന വിഷയം വധശിക്ഷ വേണോ ഷണ്ഡീകരണം വേണോ എന്നതാണ്. മണിക്കൂറുകൾ നീണ്ട ചർച്ചകളും പത്രത്തിലെ ദൈർഘമേറിയ കോളങ്ങളും ഇതുസംബന്ധിച്ച സംവാദങ്ങളും വിവാദങ്ങളും കൊണ്ട് നിറഞ്ഞു. "22 ഫീമെയിൽ കോട്ടയം" എന്ന സിനിമയിലെ നായികാ കഥാപാത്രം ചെയ്ത റീമാകല്ലിങ്കലിന് ദേശീയപരിവേഷം പോലും ലഭിക്കുന്നിടത്തേയ്ക്ക് കാര്യങ്ങൾ എത്തി. ചുരുക്കത്തിൽ പ്രശ്നത്തിന്റെ അടിസ്ഥാനകാരണം തമസ്കരിക്കപ്പെട്ടു . പരിഹാരമാർഗങ്ങൾ സംബന്ധിച്ച ചർച്ചകളും, ഉപരിപ്ളവവും വൈകാരികവുമായ തലത്തിൽ ഇടിച്ചു നിന്നു പോയി.






ഡൽഹി സംഭവം വിശാലമായ ഒരു രാഷ്ട്രീയ കാഴ്ചപ്പാടിൽ വിലയിരുത്തേണ്ടതായിട്ടുണ്ട്. 'ഇന്നത്തെ കാലം മോശം' എന്ന ഒഴുക്കൻ പ്രസ്താവന നമ്മെ എവിടെയും എത്തിക്കുന്നില്ല . പുരുഷാധിപത്യ,മുതലാളിത്ത, ആഗോളവൽകൃത സമൂഹത്തിന്റെ അനിവാര്യമായ ദുരന്തമാണ് 2012 ഡിസംബർ 16 ന് ദില്ലിയിലെ ഓടുന്ന ബസിൽ സംഭവിച്ചത് . നവലിബറൽ മൂലധനശക്തികൾ എറ്റവും ക്രൂരമായി സ്ത്രീയെ വസ്തുവൽക്കരിച്ചുകൊണ്ടിരിക്കുന്നതിന്റെ തെളിവുകളാണ് ഇന്ത്യൻ തെരുവുകളിലും വീടകങ്ങളിലും ഗ്രാമങ്ങളിലും വനാന്തരങ്ങളിൽ പോലും നടക്കുന്ന സ്ത്രീപീഡനങ്ങൾ. സ്ത്രീ, തൊഴിലാളി, പൗര, എന്നീ മൂന്ന് നിലകളിലും സ്ത്രീകൾ അടിച്ചമർത്തലുകൾക്ക് വിധേയരാകുന്നു . ജന്മിത്ത്വത്തിൽ നിന്നും മുതലാളിത്തം സ്ത്രീകളെ രക്ഷപെടുത്തി എന്ന് അവകാശപെടുന്നവരുണ്ട് . ജന്മിയുടെ നിലവറകളിൽ നിന്നും സ്ത്രീകളെ മോചിതരാക്കി ലൈംഗിക ചിന്തയിലെ ചരക്കുകൾ ആക്കി മാറ്റുകയാണ് മുതലാളിത്ത ആഗോളവൽക്കരണത്തിന്റെ സഹായത്തോടെ ചെയ്തു കൊണ്ടിരിക്കുന്നത്.

അധികാരരഹിതമായ സ്ത്രീത്വമാണ് ഇന്ത്യയിൽ കാണാൻ കഴിയുന്നത് . അസമമായ കുടുംബാന്തരീക്ഷം മുതൽ മതിയായ സ്ത്രീസാന്നിദ്ധ്യമില്ലാത്ത പാർലമെന്റ്വരെ നീണ്ടു കിടക്കുകയാണ്.സ്ത്രീയുടെ അധികാരമില്ലായ്മ. അക്ഷരാഭ്യാസം

ഇല്ലാത്ത,തൊഴിലില്ലാത്ത,വരുമാനമില്ലാത്ത,അധികാരമില്ലാത്ത ജനസംഖ്യയുടെ 50 ശതമാനമുണ്ടെങ്കിൽ ആ രാജ്യം, എന്ത് വികസനത്തെ കുറിച്ചാണ് അഭിമാന വിജൃംഭിതമാകുന്നത്?

സ്ത്രീകൾ നേരിടുന്ന വ്യത്യസ്ത രൂപത്തിലുള്ള അടിച്ചമർത്തലുകൾക്ക് എതിരെ ബഹുമുഖമായ പോരാട്ടങ്ങളും പ്രവർത്തനങ്ങളും ആവശ്യമായി വരുന്നു . അധികാര കേന്ദ്രങ്ങളിലെ ആനുപാതിക പങ്കാളിത്തം , വർഗീയ ഇടപെടലുകൾ ചെറുത്തു തോൽപ്പിക്കുക, ഭൂമിക്കുമേൽ തുല്യാവകാശം , അന്ധവിശ്വാസപരമായ ആചാരങ്ങൾക്കെതിരെ ശാസ്ത്രബോധം വളർത്തൽ തുടങ്ങിയ പ്രവർത്തനങ്ങൾ സ്ത്രീ പുരുഷ സമത്വത്തിന് ആവശ്യമായി വരുന്നു.ഒപ്പംതന്നെ പുരുഷാധിപത്യമൂല്യബോധത്തിന്റെ ചെളിക്കുണ്ടിൽ വീണു കിടക്കുന്ന പൊതുബോധത്തെ വെളിച്ചത്തിലേക്ക് നയിക്കുന്നതിനുള്ള സാംസ്കാരികപ്രവർത്തനങ്ങളും വേണം.

രാഷ്ട്രീയ അജണ്ടയുടെ മുഖ്യ ഇനമായി സ്ത്രീ പ്രശ്നത്തെ കണക്കാക്കുകയും വികസനത്തിന് സ്ത്രീകാഴ്ചപ്പാട് ഉണ്ടാക്കുകയും വേണം . ഇങ്ങനെ വ്യത്യസ്ത തലത്തിൽ ഒരുമിച്ച് നടത്തേണ്ട പ്രവർത്തനങ്ങൾ വളരെ ദുർബലമായി കഴിഞ്ഞ കുറേകാലമായി നടന്നുവരുന്നുണ്ടെങ്കിലും അവ ശക്തവും തീഷ്ണവും ആക്കേണ്ടതുണ്ടെന്ന് ഇന്ത്യൻ സാമൂഹ്യവ്യവസ്ഥ വ്യക്തമാക്കുന്നു . ഇപ്പോഴത്തെ മന്ദഗതി കൂടുതൽ സൗമ്യമാരെയും ജ്യോതിമാരെയും സൃഷ്ടിച്ചെന്ന് വരും.



# ഗ്രാമഭംഗി



കാർത്തിക.വി.ഗോപാൽ
I B.Com

ഹരിതശോഭയാം പട്ടുവിടർത്തി
പറവകൾ തൻ ഗാനവും കേട്ട്
വർണശബളമാം ഉദ്യാനവും കണ്ട്
പുഞ്ചിരിക്കയാം എന്റെ ഗ്രാമം
പക്ഷിമൃഗാദികൾ ഒന്നിച്ച് വാഴുന്ന
സ്നേഹസമ്പുഷ്ടമാം എന്റെ ഗ്രാമം
മുത്തുകൾപോൽ മഴത്തുള്ളികൾ വീണ്
കോരിത്തരിക്കയാം എന്റെ ഗ്രാമം
കളകളം പാടിയൊഴുകുന്ന നദികൾതൻ
നാദവും കേട്ടുണരുന്ന പുണ്യഭൂമിയാം എന്റെ ഗ്രാമം
വർണശോഭയാൽ മുങ്ങിനിന്നീടുന്ന
മനോഹരിയാണെന്റെ പുണ്യഗ്രാമം

# കലാലയം




നാളെ ഞാൻ പോകും
നീയും പോകാതിരിക്കില്ല
പക്ഷേ, അവളെന്നും ഇവിടെ നിൽക്കും
അചഞ്ചലയായി...
അവളെൻ കാമുകി.
പൊട്ടിച്ചിരിച്ചപ്പോൾ നിഴലായ് ചിരിച്ചും
തേങ്ങിക്കരഞ്ഞപ്പോൾ തണലായ് തുണച്ചും
നിന്നൂ അവൾ നമ്രശീർഷയായി
നിത്യഗർഭിണിയായി അവൾ ഈ ഭൂവിൽ ജീവിക്കും
അവൾ ഗർഭത്തിൽ പേറു-
മൊരായിരം ഓർമ്മക്കൂട്ടുകൾ
അവൾക്ക് പ്രായത്തിൻ നരയില്ല
മറവി തൻ തിമിരമില്ല
മാറുന്ന ഋതുക്കൾ അവൾക്കറിയില്ല

ശിശിരം കൊഴിഞ്ഞു തീർന്നതറിയാതെ,
വസന്തം പൂത്തു തളിർത്തതറിയാതെ,
അവൾ നിന്നൂ.
അവളെൻ ഗൃഹാതുരകാമുകി
അവളിൽ തളിർത്തു നിൽപ്പൂ,
നാം പാകിയ അനുഭവ-
ബീജത്തിൻ ഗർഭം
അവളെൻ കാമുകി...നിന്റേയും...



**അതുൽ ബി. നാഥ്**
**II English**

# Magazine Committee



Prof. M. Abdul Majeed
Staff Advisor



Prof. E. Najeem
Staff Editor



Akash Chandran
Student Editor



Akhil A



Sree Lakshmi



Noufal



Deebu D.



Ameera Basheer



Anandhan



Rejin R.



Nayana



Mirza Ali



Shibinsha S.



Padmasree



Afsal



ഫിർദൗസ് എ.
II Mathematics

## ന്റെ
# ടി.കെ. എമ്മോ!!

## (രീതി : തുള്ളൽപാട്ട്)

ടി.കെ. എമ്മിത് കേൾക്കുംനേരം
ആളുകളൊക്കെ മതിച്ചീടുന്നു.
കൊല്ലം ഫൈവിൻ അഗ്രമിൽ വാഴും
താരഗണങ്ങടെ ഗേഹമിതല്ലോ.
എൺപതിലേറെ വാധ്യാന്മാരും
അതിൻ ബഹുഗുണിതം വിദ്യാർത്ഥികളും
കൂടാതൊരു പിടി സ്റ്റാഫുകൾ വേറെ
എല്ലാമോതും എന്നുടെ വീടാ.
ആണ്ടുകൾ തോറും റാങ്കുകൾ വാങ്ങും
ആദിത്യന്മാർ ഇവിടമിലുണ്ട്
ഇവരെ പിന്തുണ ചെയ്യാനിവിടെ
പല പല ഗ്രൂപ്പുകൾ വേറെയുമുണ്ട്.
ഉല്ലാസത്തിന് ലൈബ്രറിയുമുണ്ട്
കൂടാതൊരുമുറി പ്രയറിനുമുണ്ട്
കലയുടെ, സ്റ്റഡിയുടെ ഏണിപ്പടികൾ
പൂർവ്വികർ സ്ഥാപിതം പിന്നെയുമുണ്ട്
വർണനയിൽ ഉതകാതെയുമനവധി
സ്പെഷ്യാലിറ്റികൾ വീണ്ടും വീണ്ടും
വെയ്റ്റിംഗ് ഷെഡ്ഡിൻ പ്രശ്നംതീർന്നാൽ
എല്ലാംകൊണ്ടും കേമം തന്നെ....



# "നശ്വരജീവിതത്തിലെ സുഖവും ദുഃഖവും നിറഞ്ഞ അനശ്വരവികാരമാണ് പ്രണയം"



അഖിൽ എ.
II B.Com

എന്താണ് പ്രണയം? പ്രായത്തിന്റെ ദൗർബല്യമാണോ? ഒരിക്കലുമല്ല, പ്രണയം എല്ലാത്തിനും അതീതമാണ്. കവി സച്ചിദാനന്ദൻ പറഞ്ഞതുപോലെ സുഖമല്ല, സുഖത്തിനുവേണ്ടിയുള്ള വിങ്ങലാണ് അത്. പ്രണയം പലരൂപത്തിൽ, പല ഭാവത്തിൽ മനുഷ്യ മനസ്സിനെ നൈർമല്യമുള്ളതാക്കുന്നു. മനുഷ്യവികാരങ്ങളിൽ വെച്ച് ഏറ്റവും ശക്തവും ദൃഢവും ആയ ഒരു വികാരമാണ് പ്രണയം. ചിലപ്പോൾ അത് ഇളംകാറ്റിന്റെ കുളിരും, മറ്റു ചിലപ്പോൾ കൊടുങ്കാറ്റിന്റെ ഭീതിയും സൃഷ്ടിക്കുന്നു.

ലോകസാഹിത്യത്തിലെ പല സാഹിത്യകാരന്മാരും പ്രണയം രചനയുടെ വിഷയമാക്കിയിട്ടുണ്ട്. ഭാരതസാഹിത്യത്തിലെ അമൂല്യരത്നമായ കാളിദാസനും ആംഗലേയ സാഹിത്യചക്രവർത്തിയായ ഷേക്സ്പിയറുമൊക്കെ പ്രണയം ശാരീരികമായ ഒരു നിർവചനത്തേക്കാൾ ആത്മീയമായ ഒരനുഭൂതിയായാണ് ആവിഷ്കരിച്ചത്. 'ശാകുന്തള'ത്തിലെ ദുഷ്യന്തനും ശകുന്തളയും, ലൈലമജ്നുവിലെ ലൈലയും മജ്നുവും, റോമിയോ ആൻഡ് ജൂലിയറ്റിലെ റോമിയോയും ജൂലിയറ്റുമൊക്കെ പ്രണയത്തിന് സ്വർഗ്ഗീയമായ ഒരു പരിവേഷം ചാർത്തിയവരാണ്. അനശ്വരമായ പ്രണയത്തെ വാഴ്ത്തിയ അനശ്വരകഥാപാത്രങ്ങൾ.

യഥാർത്ഥപ്രണയം ശരീരത്തിൽ നിന്ന് ആത്മാവിലേക്ക് പ്രവഹിക്കുന്നതാണെന്ന് ടാഗോർ ഒരിക്കൽ പറയുകയുണ്ടായി. അത്തരത്തിൽ നോക്കുമ്പോൾ നിസ്വാർത്ഥ സ്നേഹത്തിന്റെ മറ്റൊരു രൂപം തന്നെയാണ് പ്രണയം എന്ന് പറയാം. അങ്ങനെ ഒരു നിസ്വാർത്ഥ സ്നേഹത്തിന് ഉദാഹരണമുണ്ടെങ്കിൽ അത് 'രാധ' തന്നെയാണ്. അവളുടെ നഷ്ടബോധത്തെ പ്രകീർത്തിക്കാനോ വർണ്ണിക്കാനോ ഒരു സുവർണ്ണലിപിക്കും കഴിഞ്ഞിട്ടില്ല. അതല്ലെങ്കിൽ കമലാസുരയ്യ തന്റെ ആത്മകഥയിൽ പരാമർശിച്ചതുപോലെ 'ത്യജിക്കപ്പെട്ട രാധയുടെ ആത്മാവാണ് ഓരോ സ്ത്രീയിലും കുടികൊള്ളുന്നത്'. മറ്റൊന്നിനുംവേണ്ടിയല്ലാതെ ഒരാളെ സ്നേഹിക്കുക എന്നത് പവിത്രമായ കാര്യമാണ്. അത്തരം സ്നേഹം അതിന്റെ ഉച്ചകോടിയിൽ എത്തുമ്പോൾ പ്രണയിതാക്കൾ പരസ്പരം കാണുന്നതിലുപരി പരസ്പരം അറിയുകയാണ്. പരസ്പരം മനസ്സിലാക്കുക എന്നതാണ് ഏത് ബന്ധത്തിന്റേയും ശക്തി എന്നതുപോലെ പ്രണയത്തിന് ഒരു പ്രത്യേകശക്തിയുണ്ട്. ഈ ശക്തി ആർജ്ജിക്കുന്നത് ജീവിതമൂല്യത്തെ മുറുകെപ്പിടിക്കുമ്പോഴാണ്. നമ്മുടെ ആത്മീയ ആചാര്യന്മാർ ജീവിത മൂല്യങ്ങളെ ഏത് ഘട്ടത്തിലും കൈവിടരുത് എന്ന ഉപദേശമാണ് നൽകുന്നത്. യഥാർത്ഥ പ്രണയം ഈ ധർമ്മം നിർവ്വഹിക്കുന്നതിനാൽ പ്രണയത്തിന് ആത്മീയമായ ഒരു പരിവേഷമുണ്ടെന്ന് പറയാം.

പ്രണയം പ്രായത്തിനും കാലത്തിനും അതീതമാണ്. അച്ഛന്റെ പ്രായമുള്ള ദസ്തയേവിസ്കിയോട് അന്നാകരിനീയ്ക്ക് പ്രണയം തോന്നിയതും എല്ലാ പ്രതിബന്ധങ്ങളേയും അതിജീവിച്ച് അവർ ഒന്നായതും പ്രണയത്തിന്റെ തീവ്രതയും ചടുലതയും കൊണ്ടല്ലേ! പരസ്പരം അറിഞ്ഞുകൊണ്ട് മനസ്സ് കൈമാറുമ്പോൾ മനസ്സിനുള്ളിൽ മധുനുകരുംവിധം ഒരു ലഹരിയുണ്ടാക്കാൻ അമൂല്യമായ പ്രണയത്തിന് കഴിയുന്നു.

പഴയ കാലഘട്ടത്തിലെ സിനിമകളിലും സാഹിത്യസൃഷ്ടികളിലും പ്രണയത്തെ പ്രതിബിംബമാക്കുന്നുണ്ട്. ഇന്നത്തെ സിനിമകളിലും പ്രണയത്തിന്റെ ആവിഷ്കാരമുണ്ടെങ്കിലും പഴയകാല ചിന്തകളിൽ നിന്നും അവ വ്യത്യസ്തത പുലർത്തുന്നു. കാലഘട്ടത്തിലും ജീവിതരീതിയിലും സംഭവിച്ച മാറ്റങ്ങളാകാം അതിനുകാരണം. ഒപ്പം തന്നെ പ്രണയസങ്കല്പങ്ങളിലും മാറ്റം സംഭവിച്ചിരിക്കുന്നു. ചോക്ലേറ്റ് ഐസ്ക്രീമും നുകർന്ന്, എസ്.എം.എസ്സിന്റെയും ചാറ്റിംഗിന്റെയും ഒക്കെ മാസ്മരികമായ ലോകത്ത് ജീവിതം ആഘോഷമാക്കാൻ വെമ്പുന്ന യുവഹൃദയങ്ങളാണ് നമുക്ക് ഇന്ന് കാണാൻ കഴിയുന്നത്.

മൗസ് ഒന്ന് ക്ലിക് ചെയ്താൽ മതി ലോകം കാൽചുവട്ടിൽ ഉണ്ട്, അപ്പോൾ പ്രണയത്തെയും വെറും നേരം പോക്കായിക്കാണാൻ ചിലർക്കെങ്കിലും കഴിയുന്നുവെന്നത് സത്യം തന്നെയാണ്. അനശ്വരമായ പ്രണയത്തെ പവിത്രതയോടെ കാത്തുസൂക്ഷിക്കുന്നതിനുപകരം പ്രണയം എന്ന വാക്കിനെതന്നെ മോശമാക്കിമാറ്റുന്ന തരത്തിലുള്ള സംഭാവനകളും വാർത്തകളുമാണ് നാം നിത്യജീവിത്തിൽ അറിയുന്നത്. ആധുനിക ജീവിത സൗകര്യങ്ങൾ ശാസ്ത്രത്തിന്റെ വളർച്ചയിലൂടെ ഉണ്ടായപ്പോൾ മൊബൈലും ഓർക്കൂട്ടും ഒക്കെ വില്ലനായത് എങ്ങനെ? ശാസ്ത്രമാണോ ? പ്രണയമാണോ? അതോ മനുഷ്യമനസ്സിന്റെ തെറ്റായ പ്രവണതകളും ചാപല്യങ്ങളുമാണോ തെറ്റുകാർ? കൗമാരമനസ്സിന്റെ പക്വതയില്ലായ്മയും, അതിനെ പ്രണയമായി വളർത്തിയെടുക്കുന്നതും അവസാനം പ്രണയക്കുടുക്കിൽപ്പെടുന്നതുമൊക്കെ പക്വതയില്ലാത്ത, മനസ്സുകൊണ്ട് സംഭവിക്കുന്നതല്ലേ? ആർക്കും, ആരോടും തോന്നാവുന്ന ഒരു വികാരമാണ് പ്രണയം. പക്ഷേ യാഥാർത്ഥ്യത്തോട് അടുക്കുമ്പോൾ പ്രണയം ചിലർക്ക് കയ്പ്പുള്ളതായി മാറുന്നു. പ്രണയം പലർക്കും പലതരത്തിലാണ്. രമണനെ അന്ധമായ പ്രണയത്തിന്റെ കൊടുമുടിയിൽ എത്തിക്കുകയും അവസാനം ഉപേക്ഷിക്കുകയും ചെയ്ത ചന്ദ്രികയെപ്പോലെയാണ് ചിലർ. ചിലർക്ക് പ്രണയം നഷ്ടപ്പെട്ട നീലാംബരിയിലെ സുഭദ്രയെപ്പോലെ, പക്ഷേ എല്ലാ മനസ്സുകൾക്കും കുളിർമ്മ പകരുന്ന ഒരു അനുഭൂതിയാണ് പ്രണയം.

സങ്കല്പലോകത്തിലെ പ്രണയകാലത്തിനുശേഷം പ്രണയിതാവുമായി ജീവിതം തുടങ്ങുമ്പോൾ ചിലരുടെയെങ്കിലും ജീവിതം പരാജയമായി മാറുന്നത് യാഥാർത്ഥ്യത്തെ ഉൾക്കൊള്ളാനും അതിനെ അതിജീവിക്കാനും കഴിയാത്തതുകൊണ്ടല്ലേ? യുവതലമുറകളുടെ ഹൃദയങ്ങളിലെന്നും പ്രണയം ഉണ്ടാകും, അത് ആത്മാർത്ഥമായ പ്രണയമാക്കിമാറ്റാൻ ശ്രമിക്കുക. പൂവായിവിരിയുന്ന മനസ്സുപോലെ മഴയായി പെയ്യുന്ന സ്വപ്നംപോലെ എത്ര കണ്ടാലും മതിവരാത്ത സമുദ്രം പോലെ പ്രണയം ഓരോ മനസ്സിലും നിറഞ്ഞു നിൽക്കട്ടെ.



# ക്യാംപസ്സ് വഴികളിലൂടെ...

പിന്നാമ്പുറ കഥകളിൽ കേട്ടുതുപോലെ പഴയകാല പ്രൗഢിയോടുകൂടി തലയുയർത്തി തങ്ങൾ കുഞ്ഞ് മുസ്‌ലിയാർ കോളേജ് ഓഫ് ആർട്സ് ആന്റ് സയൻസ് നിലകൊള്ളുന്നു. സ്കൂൾ എന്ന നിശ്ശബ്ദ ലോകത്തിൽ നിന്നും ശബ്ദലോകത്തിലേക്ക് എത്തപ്പെട്ട അനുഭൂതി ഇതാണ് ക്യാംപസ് ഞങ്ങൾക്ക് സമ്മാനിച്ചത്. ക്യാംപസ്സിലെ ഓരോ നിമിഷവും കല്ലിൽ കൊത്തിവച്ച ലിപികൾപോലെ ഞങ്ങളുടെ ഹൃദയത്തിൽ സ്പർശിക്കുന്നു. പൂക്കളാൽ നിബിഢമായ വഴികളിലൂടെ ഞങ്ങളുടെ ഓരോ ദിവസവും ആരംഭിക്കുന്നു. ഞങ്ങൾ നടക്കുന്ന പാതകൾ എത്രയോ മഹത്വമേറിയതാണ്. ഒരായിരം കൈകൾ എൻ പദയാത്രയിൽ അതാണ് സൗഹൃദം. അറിവായ കാലം മുതൽ പ്രണയങ്ങൾക്കും സൗഹൃദങ്ങൾക്കും സാക്ഷിയായ ആ മുത്തശ്ശി മരത്തിന് താഴെ, അതെത്രയോ നല്ലൊരനുഭവമാണ്. ഞങ്ങളുടെ ക്യാംപസ്സിന്റേതായ ലൈബ്രറി, ആഡിറ്റോറിയം, വെയിറ്റിംങ് ഷെഡ്, കാന്റീൻ. ഈ സഞ്ചാരം ലൈബ്രറിയിലേക്കാണെങ്കിൽ വിവിധതരം ബുക്കുകളാൽ നിബിഢമായ കെട്ടിടം, പുതിയ തലമുറയ്ക്ക് നൽകാൻ അവർ ഒരുപാട് ശേഖരിക്കുന്നുണ്ട്. 3 വർഷത്തിൽ ഒരുപാട് കാര്യങ്ങൾ അറിയാനും അറിയിക്കാനും ഒരുക്കിയ അലങ്കാരവേദിയാണ് ആഡിറ്റോറിയം. എത്രയെത്ര കലാപ്രതിഭകളെ വാർത്തെടുത്തിടം, എത്രയെത്ര സിന്ദാബാദ് മുഴക്കിയയിടം, ആടി തിമിർക്കാനും, തല്ല് കൂടാനും ക്യാംപസ്സിന്റെ സ്വന്തം ആഡിറ്റോറിയം. പെൺകുട്ടികൾക്ക് മാത്രമായ വെയിറ്റിംഗ് ഷെഡ്. എത്രയോ മനോഹരമാണിവിടം. എവിടെയും സംഗീതത്തിന്റെ സപ്തസ്വരങ്ങൾ ഞങ്ങളെ മാടിവിളിക്കുന്നു. ചിലർ പഠിക്കുന്നു, ചിലർ സംഗീതമാസ്വദിക്കുന്നു. മറ്റുചിലർ പ്രണയസല്ലാപത്തിലേർപ്പെടുന്നു. വെയിറ്റംങ് ഷെഡിലെ ഓരോ നിമിഷവും ഞങ്ങളെ ആനന്ദിപ്പിക്കുന്നു. സ്വാർത്ഥതാൽപര്യങ്ങൾക്കായി പ്രണയിക്കുന്നവരെ കാണാം. സൗഹൃദം നടിച്ച് വഞ്ചിക്കുന്നവരേയും ഇവിടെ കാണാം. ഒരു നാണയത്തിന്റെ രണ്ടു വശങ്ങൾപോലെ അനശ്വര പ്രണയങ്ങളും സൗഹൃദങ്ങളും ഇവിടെ കാണാം. ഇനി യാത്ര നേരെ ഞങ്ങളുടെ ക്ലാസിലേക്ക്. പല ദേശങ്ങളിൽ നിന്നും ഒന്നിച്ച് ഒരു മരത്തിൽ കൂടുകൂട്ടിയ കിളികൾ. എങ്കിലും ഇടവേളയിലെ തമാശകളും ആഘോഷങ്ങളും കളിയാക്കലും ഡസ്ക്കുകളിൽ കോറിയിട്ട വരികളും ചെറിയ ചെറിയ പിണക്കങ്ങളും അതിലും വലിയ ഇണക്കങ്ങളും... നല്ല സൗഹൃദങ്ങൾ എന്നും ഞങ്ങളുടെ മനസ്സിൽ ഒരു നനുത്ത ഓർമ്മയാണ്. മനസ്സുനിറയെ സങ്കടമുണ്ടെങ്കിലും എല്ലാവരുടേയും മുൻപിൻ എങ്ങനെ ചിരിക്കാമെന്ന് പഠിപ്പിച്ച ഞങ്ങളുടെ ക്ലാസ്സ്. സ്വാതന്ത്ര്യമെന്തെന്നും സൗഹൃദമെന്തെന്നും പഠിപ്പിച്ച അദ്ധ്യാപകരും സൗഹൃദത്തിന്റേയും സാഹോദര്യത്തിന്റേയും പര്യായമായ ഞങ്ങളുടെ സീനിയേഴ്സിന്റെയും സാമീപ്യം തുളുമ്പുന്ന ഞങ്ങളുടെ ഡിപ്പാർട്ട്മെന്റ്.

പഠനത്തിൽ മുഴുകുമ്പോഴും ആനന്ദം നൽകുന്ന അനുഭൂതിയാണ് ഞങ്ങളുടെ ക്യാംപസ്. കാലം പടുത്തുയർത്തിയ കലാവേദി. എത്രയെത്ര പൂക്കൾ, ഇലകൾ. ആ ഇലയുടെ കോശാന്തരരഹസ്യങ്ങൾ അറിയുന്ന ലാബുകൾ, എത്രയോ വാഗ്വാദങ്ങൾ മുഴങ്ങിയ സെമിനാർ ഹാൾ.

ഓരോ മാർച്ച് മാസത്തിനും ഓരോ കഥകൾ പറയാനുണ്ടാകും. തകർന്നുപോയ പ്രണയത്തിന്റെ, നഷ്ടപ്പെടുന്ന സൗഹൃദത്തിന്റെ, അന്യമാകുന്ന ക്ലാസ്സ് മുറികളെ നോക്കി പൊട്ടിക്കരയുന്ന ഹൃദയങ്ങളുടെ, ഒരായിരം ഹൃദയം പിടയ്ക്കുന്ന വേദനയോടെ ഒരു കൂട്ടർ പടിയിറങ്ങുമ്പോൾ പുതിയ പ്രതീക്ഷകളുമായി മറ്റൊരു കൂട്ടർ ചേക്കേറുന്നു. വീണ്ടും കഥകൾ ആവർത്തിക്കുന്നു. ഇനിയൊരിക്കൽ ഒറ്റയ്ക്ക് ഈ വഴികളിലൂടെ നടക്കുമ്പോൾ നേർത്ത ഒരു നൊമ്പരമായി മാറുന്ന ഓർമ്മകൾ. മടങ്ങിപ്പോകാൻ ഇഷ്ടമില്ലാത്ത നൂറായിരം ഹൃദയങ്ങൾക്കൊപ്പം ഞങ്ങളും ഞങ്ങളുടെ കലാലയവും.

**SILVER BANSS**
**I English**

# സൗഹൃദം



വിനു പ്രസാദ് ജെ. ആർ
II Botany

സൗമ്യമാം സ്നേഹത്തെ നിർവ്വചിച്ചീടുവാൻ
സൗഹൃദത്താലല്ലോ സാധ്യമാകൂ
സത്യമാം സൗഹൃദം നീളൻകുടപോലെ
താങ്ങായി തണലായി കൂടെ നിൽപ്പൂ
തിന്മതൻ വാതിലോ കൊട്ടിയടച്ചിട്ടു
നന്മതൻ പാതയിൽ കൈപിടിച്ചീടുന്നു
മിത്രമേ നിന്നിൽ ഞാൻ കാണുന്നതെന്നെയാ-
ണത്രമേ ലാഭത്തിലു ോരാ സൗഹൃദം
നേട്ടങ്ങളൊന്നുമേയിച്ഛിച്ചതില്ല ഞാൻ
ഇച്ഛിച്ചതാകട്ടെ നിൻ സത്യ സൗഹൃദം
ചങ്ങാതി നന്നായാൽ കണ്ണാടി വേണ്ടെന്ന-
ചൊല്ലിനെ അന്വർത്ഥമാക്കണം സൗഹൃദം
പാതിയിൽ വന്നിട്ടു പ്രാണൻ കവർന്നങ്ങു
പോകുവാനാളില്ലൊരൊറ്റ സതീർത്ഥ്യനും
എന്തും പറയുവാൻ എന്നും വിളിക്കുവാൻ
കൈയ്യെത്തും ദൂരത്ത് കാണുമാറുള്ളവൻ
മനസ്സാക്ഷി സൂക്ഷിപ്പുകാരനെന്നോ അതോ
മനസ്സാണവൻ സത്യം എന്നോ പറഞ്ഞിടാം
മരണമില്ലാത്തതായി മരുവിൽ മനുഷ്യനു
സൗഹൃദം മാത്രമേ കാൺമതുള്ളൂ.





# പ്രണയിനി

ആർഷ എൻ. എസ്
II English

പൂർവ്വസ്മൃതിയിലേക്കറിയാതെയെൻമനം
ഊർന്നുവീണപ്പൊഴെൻ ഓർമ്മയിലാദ്യം
ഓടിയെത്തിയതെൻ പ്രിയയുടെ മുഖമായിരുന്നു
സൗഹൃദത്തിൻ തണലായിരുന്നവളെനിക്ക്
സ്നേഹമായിരുന്നു സാന്ത്വനമായിരുന്നു
ഒരിക്കലും വാടാത്ത പനിനീർപ്പൂവിൻ മനോഹാരിത
യായിരുന്നവളുടെ പുഞ്ചിരിയെന്ന്
ഓർക്കുന്നു ഞാനിന്നും
അടുക്കുംതോറും അടക്കിപ്പിടിച്ചവൾ
സ്വാർത്ഥതയില്ലാത്ത സ്നേഹമായിരുന്നവൾ

ഈ ലോകത്തിൽ വച്ചേറ്റവും വിലയേറിയ
സ്നേഹം എനിക്കുപകർന്നു തന്നവൾ
അറിവിനോടൊപ്പം നുകരുവാൻ സ്നേഹമായ്
അവളെന്നോടൊപ്പമുണ്ടായിരുന്നു.
പിരിയുന്ന കാര്യം ഓർക്കുമ്പോൾ തന്നെ
എരിയുന്ന മനസ്സായിരുന്നു.
കാലത്തിൻ കൈകളാൽ പിരിയുംമുമ്പേ
അവളെന്നെ വിട്ടുപോയി...
ഈ ലോകത്തിൻ നിന്നുമെന്നേക്കുമായി
ജീവിക്കുന്നുണ്ടവൾ ഇന്നും എൻ ഓർമ്മകളിലും
എൻ കണ്ണുനീർ ശകലങ്ങളിലും എന്റെ മനസ്സിലും.



# അസ്തമിച്ച രക്തതാരകം

ശ്രീശിവ വിജയ്
II Bio-Chemistry





ഹ്യൂഗോ റാഫേൽ ഷാവേസിനെക്കുറിച്ചുള്ള ഓർമ്മകൾ പോലും സാമ്രാജ്യത്വത്തെ അസ്വസ്ഥമാക്കും. തീരാത്ത പോരാട്ടവീര്യവുമായി ധിക്കാരിയായ ആ വിപ്ലവകാരി അത്രമേൽ ലോകത്തെ ഇളക്കി മറിച്ചിരുന്നു. സൈമൺ ഹൊളിവറും ഏണസ്റ്റോ ചെഗുവരയും ഫിദൽ കാസ്ട്രോയും വെട്ടിതെളിയിച്ച വിപ്ലവപാതയിലൂടെ ഒരുനാടിനെ മാത്രമല്ല, അനേകം നാടുകളെ നയിച്ച പോരാളിയായിരുന്നു ഷാവേസ്.1998 ലാണ് വെനസ്വേലയുടെ പ്രസിഡണ്ടായി ഷാവേസ് തിരഞ്ഞെടുക്കപ്പെടുന്നത്. 14 വർഷക്കാലം അദ്ദേഹമാനാടിനെ നയിച്ചു. വിപ്ലവത്തിന് അനേകം വഴികളുണ്ടെന്ന് ലോകത്തെ പഠിപ്പിച്ച ഊർജസ്വലനായ ഷാവേസ് ലോകമെങ്ങുമുള്ള ജനതക്ക് പ്രചോദനമായി. മുതലാളിത്വത്തിനും സാമ്രാജ്യത്വത്തിനും മുന്നിൽ മുട്ടുമടക്കാൻ കഴിയാത്ത സമരവീര്യം. അമേരിക്കയെ അക്ഷരാർഥത്തിൽ നടുക്കി. 21-ാം നൂറ്റാണ്ടിലെ വിമോചനാത്മകലോകത്തിന്റെ പ്രതിപുരുഷനെപ്പോലെ ഷാവേസ് യുവജനങ്ങളെ ആവേശം കൊള്ളിച്ചു. ലാറ്റിനമേരിക്കയുടെ സവിശേഷ രാഷ്ട്രീയ സന്ദർഭത്തിൽ നിന്നടർത്തിയെടുത്ത്കൊണ്ട് ഷാവോസിനെ വിലയിരുത്താനാകില്ല. മാർക്സിസത്തിന്റെ ലാറ്റിനമേരിക്കൻ ഭാഷ്യമാണ് ഷാവേസിന്റെ ഇതിഹാസതുല്യ ജീവിതം.

പരിവർത്തനത്തിന്റെ പാതയിൽ ലോകം പുതിയ സാധ്യതകൾ ആരായുമ്പോൾ സംഭവിച്ച ഷാവേസിന്റെ വേർപാട് നഷ്ടബോധമുണ്ടാക്കുന്നത് സ്വാഭാവികം. എന്നാൽ നഷ്ടബോധത്തിന്റെ പേരിൽ കണ്ണീർ പൊഴിക്കാനും തലതാഴ്ത്തി നിൽക്കാനുമല്ല തലകുനിക്കാത്ത ഹ്യൂഗോ ഷാവേസിന്റെ ജീവിതം. ചരിത്രപരവും ആശയപരവും രാഷ്ട്രീയവുമായ അർഥങ്ങളുള്ള ആഹ്വാനം പോലെ നമുക്ക് അനുഭവപ്പെട്ടു. ആഗോളസാമ്രാജ്യത്വം അഹങ്കാരത്തോടെ ചൂണ്ടികാണിക്കുന്ന കമ്പോളകേന്ദ്രീകൃതവഴിയല്ലാതെ വേറൊരു മാർഗമില്ലെന്ന പ്രഖ്യാപനങ്ങൾ മുഴങ്ങുമ്പോഴാണ്.

ചരിത്രത്തിന്റെ കണ്ണിലേക്ക് 1998ൽ ഹ്യൂഗോ ഷാവേസ് കടന്നുവന്നത്. ഏകധ്രുവലോകത്തിന്റെ സ്തുതിപാഠകർ, മറ്റൊരു ബദലില്ല എന്ന് ലോകരാജ്യങ്ങളെകൊണ്ട് ചിന്തിപ്പിക്കാൻ പാടുപ്പെടുകയായിരുന്നു. പല രാജ്യങ്ങളും അതിനു വഴങ്ങിയപ്പോൾ പശ്ചിമാർദ്ധഗോളത്തിൽ ഒറ്റപ്പെട്ട തുരുത്തുപോലെ നിന്ന സോഷ്യലിസ്റ്റ് ക്യൂബയുടെ തകർച്ച കാണാൽ അവരെല്ലാം കാത്തിരുന്നു. എന്നാൽ വെനിസ്വലയിൽ ഷാവേസിന്റെ വരവോടെ ചരിത്രം വഴിമാറുകയാണുണ്ടായത്. ബൊളിവേറിയൻ വിപ്ലവം എന്നു വിളിക്കപ്പെട്ട ആ മഹത്തായ പരീക്ഷണത്തിലൂടെ മറ്റൊരു ബദൽ സാധ്യമാണെന്നാണ് ഷാവേസും സഖാക്കളും ലോകത്തോടു പറഞ്ഞത്.

ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ സോഷ്യലിസത്തെക്കുറിച്ച് കമ്മ്യൂണിസ്റ്റ്കാരും സോഷ്യലിസ്റ്റ് ശക്തികളും ഇന്ന് ഗൗരവതരമായ പ്രത്യേയശാസ്ത്ര അന്വേഷണങ്ങളിൽ ഏർപ്പെട്ടിരിക്കുമ്പോൾ ഹ്യൂഗോ ഷാവേസിന്റെ സംഭാവനകൾ വിലയിരുത്തപ്പെടേണ്ടതുണ്ട്. ലാറ്റിനമേരിക്കൻ ചരിത്രത്തിനും സംസ്കാരത്തിനും സവിശേഷമായ സാമ്പത്തിക സാമൂഹികവികസനത്തിനും നിരക്കുന്നതാകണം അവിടെ പ്രാവർത്തികമാകേണ്ട ഇരുപത്തൊന്നാം നൂറ്റാണ്ടിലെ സോഷ്യലിസം എന്ന് ഹ്യൂഗോ ഷാവേസ് വിശ്വസിച്ചു. രാജ്യങ്ങളെ വിഴുങ്ങാൻ ഓടിയടുക്കുന്ന സാമ്രാജ്യത്വ കരുനീക്കത്തെ ചെറുക്കാൻ ദക്ഷിണരാജ്യങ്ങളുടെ സഹകരണത്തിന്റെ പ്രാധാന്യം അദ്ദേഹം ഊന്നിപ്പറഞ്ഞു. പെട്രോസൗത്ത്, ടെലിസൗത്ത് ബാങ്ക് ഓഫ് സൗത്ത്, യൂണിവേഴ്സിറ്റി ഓഫ് സൗത്ത് തുടങ്ങിയ നവീനമായ ആശയങ്ങളിലൂടെ സാമ്രാജ്യത്വത്തിനു വഴങ്ങാത്ത ദക്ഷിണ രാജ്യങ്ങളുടെ വിശാലസഹകരണമാണ് ഷാവേസ് ലക്ഷ്യം വെച്ചത്.

ക്യൂബയോടും ഫിദൽ കാസ്ട്രോയോടും ഷാവേസ് പുലർത്തിയ ബന്ധം അദ്ദേഹത്തിന്റെ രാഷ്ട്രീയ വ്യക്തിത്വത്തിന്റെ സാരാംശമായിരുന്നു. അതേചൊല്ലി ഫിദലും ഷാവേസും എന്നും അഭിമാനം കൊണ്ടു. ഇഹലോകത്തിലെ തന്റെ വഴികാട്ടി എന്നാണ് ഷാവേസ് ഫിദലിനെ വിശേഷിപ്പിക്കുന്നത്. പരലോകത്തിൽ അദ്ദേഹം ആ സ്ഥാനം യേശുക്രിസ്തുവിന് നൽകി. മതമേധാവിത്വം ചില്ലുമേടകളിൽ അടച്ചുപൂട്ടിയ യേശുക്രിസ്തുവിനെയല്ല വിമോചകനായ യേശുക്രിസ്തുവിനെ ആണ് അദ്ദേഹം സ്വീകരിച്ചത്. ആ അർഥത്തിൽ വിമോചന ദൈവശാസ്ത്രത്തിന്റെ സോഷ്യലിസ്റ്റ് പരിപ്രേഷ്യമാണ് അദ്ദേഹം പ്രാവർത്തികമാക്കിയതെന്ന് വിശ്വസിക്കുന്നവരുണ്ട്.

ഹ്യൂഗോ ഷാവേസ് ജീവിതത്തിൽ നിന്നും യാത്രയായി. എന്നാൽ നിസ്വവർഗ്ഗ മോചനത്തിന് വേണ്ടിയുള്ള വിപ്ലവത്തിന്റെയും സോഷ്യലിസത്തിന്റെയും ചരിത്രരഥ്യകളിലെല്ലാം വീറുറ്റ ആ പടനായകന്റെ പാദമുദ്രകൾ പതിഞ്ഞ് കിടക്കും.

ഹ്യൂഗോ ഷാവേസിന് ലാൽസലാം !

# കിനാവ്



ആത്മാവലയുകയാണെന്നുമെൻ
ആത്മഹർഷം സഫലമാക്കീടാതെ
ഞാനെന്ന തിര്യക്കിൻ സ്വപ്നസഞ്ചാരങ്ങൾ
ഈ സദനത്തിലാഴ്ന്നു പോകവേ
വൃദ്ധയാണിന്നുഞാൻ; കൊഴിയാറായൊരു
വടവൃക്ഷമായിതാ ഈ വിഹായസ്സിലെങ്ങും
കാലമേറെയായി; എന്തേ ഞാനറിയുന്നില്ല
വിഫലമല്ലോ എൻ കിനാവുകൾ

സ്വപ്നസഞ്ചാരിണിയാമെൻ പ്രിയനു-
സുഭഗയാമെൻ സുവർണകാലത്തിൻ
സ്മൃതിയിലാഴ്ന്നുവോ
ഏറെ തുടുത്തൊരു സുമമായ ഞാനെൻ
ജീവിതനൗകയെന്നും സ്മരിക്കവേ
എൻ സ്വപ്ന വിപഞ്ചിക ഖഗങ്ങളെപോൽ
ഗഗനവീഥിയിലെങ്ങും നിറഞ്ഞിടട്ടേ

വെൺതളികപോൽ സുന്ദരമായെൻ
ജീവവിഹായസ്സിലേക്കിതാ
ഞാൻ ഓർക്കുന്നു; ഓർമതൻ
ഓളപ്പരപ്പുകളിലെന്നും എൻ പ്രിയനായി
സല്ലപിച്ച കാലമേഘമേ
തച്ചുടർത്തിയെൻ സ്വപ്ന വിപഞ്ചിക
തകർത്തെറിഞ്ഞുവോ കാലമേ നീ

ചേതനയാർന്നെൻ പ്രിയന്റെ മിഴികളിൽ
ഞാനറിയുന്നു പാഴ്കിനാവുകളായ്...
എൻ പൈതങ്ങളെ വളർത്തിയെൻ.
ജീവിതനൗക കരുപ്പിടിക്കവേ
നീന്തിതുടിക്കുന്ന അരയന്നങ്ങളെപോൽ
എൻ ജീവിതം ഒഴുക്കവേ
ഞാനറിഞ്ഞില്ല; എന്നോളമെത്തുമ്പോൾ
എൻ പൈതങ്ങളെന്നെ എറിഞ്ഞൊരീ
സദനമിന്നെൻ 'വൃദ്ധസദനം'
കാലമേറെയായി ഞാനറിയുന്നില്ല
ഞാൻ കണ്ടതോ വാഴ്കിനാവുകൾ മാത്രം
വാകതൻ ചില്ലകൾ എന്നോടു മന്ത്രിക്കുന്നുവോ
ഹാ... വിഫലം; ഇതുവെറുമൊരു കിനാവല്ലോ.



റിൻഷാ റഹിം
II Chemistry



നജ്മി.എൻ
III Bio-Chemistry

# പ്രണയാർദ്രം

മഞ്ഞിൻ കണങ്ങൾ മേലാപ്പു-
തീർക്കുമീ ഈറൻ സന്ധ്യയിൽ,
പ്രേമാർദ്രയായ എന്നിൽ-
നിന്നേറെ അകലെയല്ലോ നീ?
കുന്നിൻ ചെരുവുകൾ അതിർത്തി
തീർത്ത താഴ്വാരത്തിൽ
സഖിമാരൊത്തു നിൽക്കേ
അറിയുന്നു ഞാൻ നിന്ന സാന്നിദ്ധ്യം!
തിമർത്താടുമീ ശീതക്കാറ്റിനൊപ്പമെൻ,
അളകങ്ങളിളകിയാടവേ,
ഒരു ചെറുതെന്നലിലെന്നപോലെ
മോഹിച്ചുപോയി ഞാൻ നിന്നെ-
പൂമരങ്ങൾ ഇടനാഴി തീർക്കുമീ-
പുൽമേട്ടിൽ,
തൂവെളിച്ചം മിന്നിച്ചിതറുമീ-
സായാഹ്നത്തിൽ,
അറിയാതെൻ ഹൃത്തടം കൊതിച്ചു-
പോയി നിൻ സാന്നിദ്ധ്യം...
ഞാനറിയാതെ വെമ്പിയ എൻ,
മിഴിത്തടങ്ങളിൽ നിന്നൂർന്നു-
വീണ കണ്ണുനീർ മുത്തുകളിൽ
നിൻ മുഖം പ്രതിഫലിക്കുമ്പോൾ
കാണുന്നു ഞാൻ, എൻ മനസ്സിൻ
കാണാചെപ്പിലൊളിപ്പിച്ച
നിൻ ചെറുപുഞ്ചിരി...
കുളിരലകൾ തഴുകുമീ സായംസന്ധ്യ
യിലറിയുന്നു ഞാൻ,
അകലെയെങ്കിലും നിൻ മനമെ-
ന്നരികിലെന്ന് !





ഹരിത കൃഷ്ണൻ
I B.Com

# പുതിയൊരു വസന്തം

ഇനിയും ഒരുയാത്ര. പുഴയോരത്ത് ഞാൻ കാത്തുനിന്നു. നീവന്നില്ല. വന്നതോ? മഴ മാത്രം. നനഞ്ഞ മണ്ണിൻ പതിഞ്ഞ പാദപതനങ്ങളോടെ ഞാൻ മടങ്ങി. കുഞ്ഞിളം കാറ്റിൽ ലയിച്ച് മൺതൂണും ചാരിയിരുന്നു. മഴ മാറി വീണ്ടും വെയിൽ വന്നും വയൽവരമ്പിൽ കൊക്കുകളെത്തി വയൽപ്പൂക്കൾ കണ്ണു തുറന്നു.

തേക്കുപാട്ടിന് പുതിയൊരീണം. കശുമാവിൻ കാടുകളിൽ രോമാഞ്ചമെത്തി. കാലം കവിയായി പ്രകൃതി കവിതയും.പാദസരം കിലുങ്ങി, ചിരിയുടെ അകലങ്ങളുലഞ്ഞു.ഞാൻ ചിരിച്ചില്ല, പകരം കരഞ്ഞു. തളർന്നപ്പോൾ ഉറങ്ങി .ഉറക്കത്തിൽ സ്വപ്നത്തിലേക്കാണ്ട് ഞെട്ടിയുണർന്നു. നേർത്ത കാറ്റിൻ നിശാഗന്ധികൾ വിടർന്നു. ജാലകത്തിരശീല നീക്കി പൂമണം പരന്നു.

ആത്മാവിൽ ആരോ മന്ത്രിച്ചു, “നിന്റെ തുമ്പി ഇന്നു വരും” കാതോർത്തു കിടന്നു. എന്റെ തുമ്പി വന്നില്ല.തിരമാലകളിൽ ഉഷസുണർന്നു. ഈറനുമായി അമ്പലത്തിലേക്ക് നടന്നു. നനഞ്ഞ ഇലഞ്ഞിപ്പൂക്കളിൽ ചവിട്ടി, ചുറ്റമ്പലം ചുറ്റി പ്രാർത്ഥിച്ചു.അരയാലിലയിൽ പൂവും പ്രസാദവുമായി മടങ്ങി.

പ്രസാദം സൂക്ഷിച്ചുവെച്ചു ദിവസങ്ങളോളം ഉണങ്ങിക്കരിഞ്ഞ തുളസിക്കതിർ സൗരഭ്യം പരത്തി. എന്റെ മനസ്സ് ചുവന്ന ചിറകുള്ള കൊച്ചു തുമ്പി.... അത് നിനക്കു വേണ്ടിയായിരുന്നു.... നീ വന്നില്ല. വന്നതോ! സന്ധ്യകൾ മാത്രം ... ചുവന്ന സന്ധ്യകൾ പോലെ വാകമരം പൂത്തു. വാകമരച്ചോടൊരു പൂമഞ്ചമായി

ഗ്രീഷ്മമെത്തി. മുകളിൽ ജടപിടിച്ച ആകാശം താഴേയ്ക്കു തീ തുപ്പി. ചുട്ടുപഴുത്ത ഭൂമിയിൽ നിഴലുകൾ മാത്രം ബാക്കിയായി. വാകമരം കരിഞ്ഞു, ഒരു നഷ്ടവസന്തത്തിന്റെ ഓർമ്മകൾ അയവിറക്കി. കനത്ത നിഴലിൽ അത് കരിനിഴലായി നിന്നു, എന്നെപ്പോലെ മറ്റൊരു വസന്തത്തിനു വേണ്ടി....

For Project Guidance & Software Training



XINFOZ
TECHNOLOGIES PVT LTD.
Creating Values...

IST FLOOR, AMA PLAZA
KARICODU, KOLLAM-5
CONTACT @ : 9961466848
LAND: 0474271288

# കുടകിലെ ആ സായാഹ്നത്തിൽ......

തസ്‌ലിമ.എൻ
I B.Com



മഞ്ഞ് പെയ്യുന്ന സായാഹ്നത്തിൽ പൂക്കൾ പൊഴിഞ്ഞ് കിടക്കുന്ന മൺപാതയിലൂടെ കാറ്റിനോടും മാടക്കിളികളോടും കൊഞ്ചി, അങ്ങനെ പ്രകൃതിയുമായി ഇണങ്ങിചേർന്ന് നടക്കുക അവൾക്കേറെ ഇഷ്ടമായിരുന്നു. അവിടെ ഓരോ മണൽതരിക്കും അവളെ പരിചയമാണ്. അങ്ങനെ ഒരു സായാഹ്നത്തിൽ അവൾ നടക്കാനിറങ്ങിയതാണ്. വളരെക്കാലങ്ങൾക്ക് ശേഷമാണ് അവൾ  നടക്കാനിറങ്ങിയത്. കൃത്യമായി പറഞ്ഞാൽ ഏഴ് കൊല്ലവും മൂന്ന് മാസവും ഏതാനും ദിവസങ്ങളും. ആ പാതയോരങ്ങളിലും മറ്റും നല്ല മാറ്റങ്ങൾ വന്നിട്ടുണ്ട്. അവളുടെ ജീവിതത്തിലും. അവളുടെ കണ്ണുകളിൽ ഇരുട്ട് കയറി വല്ലാത്ത വീർപ്പ്മുട്ടൽ. അടുത്ത് കണ്ട ബെഞ്ചിലവൾ ഇരുന്നു.

എന്തൊക്കെയോ ചിന്തകൾ അവളെ അലട്ടികൊണ്ടിരുന്നു. വ്യക്തമല്ലാത്ത നിറം മങ്ങിയ ചിത്രങ്ങൾ പോലെ ഇരുട്ടറയും ദുഷിച്ച ഗന്ധവും. എപ്പോഴൊക്കെയോ അവൾക്ക് ആശ്വാസമായ ഒരു തലോടലും. അവൾ അവളുടെ ഓർമ്മകൾ തിരഞ്ഞ് കൊണ്ടിരുന്നു. ആ സായാഹ്നം അവളെ ഏഴ് വർഷങ്ങൾക്ക് മുമ്പുള്ള ഒരു ജൂൺ മാസത്തിലെത്തിച്ചു. അച്ഛനമ്മമാരോട് യാത്ര പറഞ്ഞ് കുടകിൽ നിന്ന് അവൾ കേരളത്തിലേക്ക് എത്തിയ ദിവസം. അവളുടെ മുത്തശ്ശിയോടൊപ്പമുള്ള താമസവും ജീവിതാന്തരീഷവും അവൾക്ക്  ഇഷ്ടമാണ്. അവൾ കേരളത്തിലെത്തിയത് അവധിക്കാലം ആഘോഷിക്കാനല്ല, മറിച്ച് പുതിയ സുഹൃത്തുകളേയും അറിവിനേയും അനുഭവങ്ങളെയും സ്വന്തമാക്കാൻ വേണ്ടിയാണ്. കോളേജ് അവൾക്ക് ഇഷ്ടമായി. ആദ്യ ദിവസം തന്നെ അവൾക്ക് സുഹൃത്തുകളെയും ലഭിച്ചു. ഭയന്നപോലെ റാഗിങ്ങില്ലാത്തതിനാൽ അവൾക്ക്  ആശ്വാസവും ലഭിച്ചു. അവൾ കേരളത്തിലെ കാറ്റിനോടും കിളികളോടും സ്വയം പരിചയപ്പെടുത്തി. ഞാൻ ജീവിക-നാളുകൾ കഴിഞ്ഞ് മാസങ്ങളായ്.

ഒരു ദിവസം പതിവ് പോലെ അവൾ വീട്ടിൽ നിന്നും കോളേജിലേക്കിറങ്ങി. അവൾ  നടന്നാണ് പോവുക. അവളെ ആരോ പിന്നിൽ നിന്നും വിളിച്ചു ജീവികാ.... അവൾ തിരിഞ്ഞ് നോക്കി

അവൾക്ക് പരിചിതമാണ് ആ മുഖം. പക്ഷെ പേരറിയില്ല. അവൻ അവളുടെ അടുത്തേക്ക് വന്നു ചോദിച്ചു എന്നെ അറിയോ? അവൾ പറഞ്ഞു, "അറിയാം എന്റെ സീനിയറാണ് പക്ഷെ എനിക്ക് പേരറിയില്ല". അവൻ ചിരിച്ചു പരിചയപ്പെടുത്തി.ഞാൻ നാദിക് വളർന്നതും +2 വരെ പഠിച്ചതുമെല്ലാം മുംബൈയിലാണ്. ജൻമംകൊണ്ട് മലയാളിതന്നെ അങ്ങനെ അവൻ സംസാരം തുടർന്നു. പെട്ടെന്ന് ഒന്ന് നിർത്തിയിട്ട് അവൻ തുടർന്നു. എനിക്ക് നിന്നെ ഇഷ്ടമാണ്. വെറുമൊരു പ്രണയാഭ്യാർത്ഥനയായി ഇതിനെ കണക്കാക്കരുത്. നിനക്ക് ആലോചിക്കാം. തീർച്ചയായും ഒരു മറുപടി പറയണം. കുറച്ചു ദിവസം കഴിഞ്ഞ് ഞാൻ വരും!. അവളൊന്നും പറഞ്ഞില്ല. പ്രത്യേകിച്ച് ഒരു ഭാവഭേദവും അവളിൽ ഉണ്ടായില്ല. അവൾ ഇത്തരം അവസരങ്ങൾ മുൻപും അഭിമുഖീകരിച്ചിട്ടുണ്ട്. അവൾ  പതിവ് പോലെ തന്നെ ജീവിതം കൊണ്ട് പോയി.

അങ്ങനെ ദിവസങ്ങൾ കടന്നുപോയി. അവൾ അവൻ പറഞ്ഞതിനെപറ്റി ഓർത്തതേയില്ല. നാദിക് പറഞ്ഞ സമയം തീർന്നു. അവൻ അവളുടെ മുന്നിലെത്തി. അവൾ ഒന്നും മിണ്ടാതെ കടന്നുപോയി. പിറ്റേ ദിവസം അവൻ വന്നപ്പോൾ താത്പര്യമില്ലെന്നും പറഞ്ഞു. പക്ഷ അതങ്ങനെ വിടാൻ അവനാകില്ല. രാവിലെയുള്ള ആ കണ്ടുമുട്ടൽ തുടർന്ന് കൊണ്ടിരുന്നു. അവൻ അടുത്തു വരുമ്പോൾ തലതാഴ്ത്തിയും മൗനം നടിച്ചും അവൾ നടന്നു. എപ്പഴോ ആ വരവിനെ അവൾ ഇഷ്ടപ്പെട്ടു തുടങ്ങി. അവളുടെ സ്വപ്നത്തിൽ കുടകിന്റെ പാതയിലൂടെ അവനും അവൾക്ക് കൂട്ടായി നടന്നു തുടങ്ങി. പക്ഷേ തുറന്നു പറഞ്ഞില്ല.

പതിവുപോലെ അവർ കോളേജിലേക്ക് നടക്കുകയാണ്. അവൻ സംസാരിച്ച കൂട്ടത്തിൽ ഏതൊരു കാമുകനെപ്പോലെയും പറഞ്ഞു, "ഞാൻ നിനക്ക് എന്റെ ഹൃദയം തന്നു ഇനി ഈ ജീവനും തരും നീ പറഞ്ഞാൽ മരിക്കുകപോലും ചെയ്യും!" അവൾ പറഞ്ഞു, "എങ്കിൽ അതെനിക്കറിയണം" .അവൻ തമാശക്കായി അവൾ തന്നെ വിളിക്കുമെന്ന പ്രതീക്ഷയിൽ ആ റോഡിന്റെ നടുവിൽ നിന്നു. പൊതുവേ വണ്ടികൾ വരാത്ത പാതയായതിനാൽ അവൾ വെറുതെ പറഞ്ഞു ഒരു വണ്ടി വന്നിരുന്നെങ്കിൽ. അവളുടെ ആ നാവ് പിഴച്ചനേരം അപ്രതീക്ഷിതമായ് എവിടെ നിന്നോ ഒരു കാർ അവനെ ഇടിച്ചു തെറിപ്പിച്ചു.

രക്തത്തിൽ കുതിർന്ന അവന്റെ ശരീരത്തെ അവൾ ചേർത്തു പിടിച്ചു. അവളുടെ കണ്ണിൽ നിന്ന് കണ്ണുനീർ വാർന്ന് കൊണ്ടിരുന്നു. അവൻ അവസാനമായി പറഞ്ഞു, 'ജീവികാ.... ഞാൻ നിന്നെ സ്നേഹിക്കുന്നു. എനിക്ക്..' അവനൊന്നും പിന്നെ പറയാനായില്ല.

അവൾ കണ്ണുനീർ പൊഴിച്ചു ഒരിക്കലും പറയാതെ പോയ പ്രണയത്തിനു വേണ്ടിയോ അവൾ നഷ്ടപ്പെടുത്തിയ നാദികിന്റെ സ്നേഹത്തിനായോ? അതോ അവന്റെ ആത്മാവിന് വേണ്ടിയോ? അവൾക്കറിയില്ല.അവൾക്ക് പിന്നെ ഒന്നും ഓർമ്മയില്ല.അവന്റെ രക്തത്തിന്റെ നിറം മാത്രം അവളിൽ നിറഞ്ഞുനിന്നു.

ഏഴ് വർഷങ്ങൾക്ക് ശേഷം അവൾ അറിഞ്ഞു അവളുടെ ഏഴ് വർഷവും എങ്ങനെ ആയിരുന്നു എന്ന് .നീണ്ട ഏഴ് വർഷം ഏതോ ഭ്രാന്താശുപത്രിയുടെ ഇരുട്ടറയിലും സഹിക്കാൻ കഴിയാത്ത ദുർഗന്ധത്തിലും നിരന്തരമായ ഷോക് ട്രീറ്റ്മെന്റിലുമായിരുന്നു അവൾ. അവൾ അതിൽ ഒന്നു മാത്രം ഓർത്തു സ്നേഹമുള്ള ഒരു തലോടൽ. അവൾ മനസ്സിൽ പറഞ്ഞു അത് തീർച്ചയായും നാദിക് ആകണം.

പൊള്ളുന്ന ആ ഓർമ്മയിൽ നിന്ന് ഒരു തണുത്ത കൈ അവളെ വിളിച്ചുണർത്തി. അവൾ കരയുകയാണ്. ആ കണ്ണ്നീർ തുടച്ചുമാറ്റി, ഭ്രാന്തമായ ആ ലോകത്ത് നിന്നും അവളെ രക്ഷപെടുത്തിയതും അവളെ തലോടിയതും ആ കൈകളാണ്.അവൾ ആ മുഖത്തേക്ക് നോക്കി പുഞ്ചിരിച്ചു. അതെ അതവളുടെ നാദിക് തന്നെയാണ്. ജീവികയുടെ മനസ്സിന്റെ വിശ്വാസം മാത്രമായിരുന്നു അവന്റെ മരണം. വിദഗ്ദ ചികിത്സയിലൂടെ അവൻ മരണത്തിൽ നിന്നും രക്ഷപ്പെട്ടിരുന്നു. അവളുടെ നെറുകയിൽ അവനൊന്ന് ചുംബിച്ചു.പിന്നീട് അവളുടെ സ്വപ്നത്തിലെന്നപോലെ അവരിരുവരും ആ മഞ്ഞ്പെയ്യുന്ന സന്ധ്യയിൽ ആ വഴിയിലൂടെ നടന്നകന്നു. നാളെ പുതിയൊരു ജീവിതത്തിനായ്."


*With best compliments from...*




SG
ബ്രാഹ്മിൺസ്

SABARIGIRI INDUSTRIES
Kureepuzha P.O., Perinadu, Kollam
Pin: 691 604, Kerala, Southindia,
Email: sgsabarigiri@gmail.com
Customer Care Call: 9447157105

മലാല യൂസുഫ് സായി എന്ന പതിനാലുകാരി പാകിസ്ഥാൻ ബാലിക ലോകമെങ്ങുമുള്ള മനുഷ്യരുടെ പ്രത്യേകിച്ച് സ്ത്രീകളുടെ അവകാശ പോരാട്ടത്തിന്റെ പ്രതീകമായി മാറിയിരിക്കുന്നു. ബോധ്യങ്ങളിൽ അടിയുറച്ചു വിശ്വസിച്ചുകൊണ്ട് നീതിക്കുവേണ്ടി നിർഭയം നിലകൊള്ളേണ്ടത് എങ്ങനെയെന്ന് മലാല ലോകത്തിന് കാണിച്ചുകൊടുക്കുകയാണ്.

പാകിസ്ഥാനിലെ സ്വാത് ജില്ലയിലെ മിഗോറയിൽ 1998- ലാണ് മലാലയുടെ ജനനം. പിതാവ് 'സിയാദ്ദീൻ യൂസുഫ് സായി കവിയും ഒരു സ്കൂളിന്റെ ഉടമയുമാണ്. 2009 ൽ താലിബാൻ തീവ്രവാദികൾ സ്വാത് താഴ്വരയുടെ നീർത്തടം പിടിച്ചെടുത്തു. തങ്ങളുടെ കിരാത നിയമങ്ങൾ അവർ ജനങ്ങളുടെ മേൽ അടിച്ചേൽപിച്ചു. പാട്ടുപാടാനും കേൾക്കാനും പാടില്ല, നൃത്തം ചെയ്യരുത്, സിനിമ കാണരുത്, താടിവടിക്കരുത്, സ്ത്രീകൾ വീടിന് പുറത്തിറങ്ങരുത്, ഇതിനൊക്കെ വിപരീതമായി ചിന്തിക്കുന്നതുപോലും ഭീകരമായ കുറ്റം. മലാലയുടെ ക്ലാസിലെ 27 കുട്ടികളിൽ 16 പേരും പഠനം ഉപേക്ഷിച്ചു. പലരും മറ്റു നഗരങ്ങളിലേക്ക് താമസം മാറ്റി. ചിലർ യൂണിഫോം ഉപേക്ഷിച്ച് പാത്തും പതുങ്ങിയും സ്കൂളിൽ പോയി. സ്കൂളിൽ പോകുന്നവർ തിരിച്ചു വരുമോ എന്ന് യാതൊരു ഉറപ്പും ഇല്ല. സ്വാത് താഴ്വരയിലെ മരക്കൊമ്പുകളിൽ നിയമലംഘകരുടെ മൃതദേഹങ്ങൾ തൂങ്ങിയാടി. കല്ലെറിഞ്ഞു കൊല്ലപ്പെട്ടവരും ശിരസ്സ് അറുത്ത നിലയിലുള്ള മൃതദേഹങ്ങളും നഗരത്തിന്റെ വിവിധ കോണുകളിലെ സദാ കാഴ്ചയായി മാറി.

മലാല യൂസുഫ് സായിക്ക് അന്ന് വയസ്സ് വെറും 11. എന്നിട്ടും അവൾ വെല്ലുവിളികളോടു ക്രിയാത്മകമായി പ്രതികരിക്കാൻ തീരുമാനിച്ചു. അവൾ ബി.ബി.സി.ക്കുവേണ്ടി ഗുൽമകായി എന്ന തൂലികാനാമത്തിൽ ബ്ലോഗ് എഴുതാൻ തുടങ്ങി. 'എനിക്ക് പഠിക്കണം, പാട്ടു കേൾക്കണം, വീടിന് വെളിയിൽ ഇറങ്ങണം, കടയിൽ പോകണം... അതൊക്കെ എന്റെ അവകാശമാണ്.' മലാല ബ്ലോഗിൽ എഴുതി. 'പഠിച്ചു മാത്രമേ പെൺകുട്ടികൾക്ക് വളരാൻ പറ്റൂ. നമ്മുടെ ആളുകൾ പഠിക്കാത്തതുകൊണ്ട് താലിബാൻ വളരുന്നത്. എല്ലാവർക്കും വിദ്യാഭ്യാസം ഉണ്ടായാൽ താലിബാൻ വളരില്ല.' ആ പതിനൊന്നുകാരി നിർഭയം തുറന്നടിച്ചു.

# മലാല എന്ന മാലാഖ



നാസി കോൺസൻട്രേഷൻ ക്യാമ്പുകളിലെ ഭീകരജീവിതം, ആൻ ഫ്രാങ്ക് എന്ന പെൺകുട്ടിയുടെ ഡയറികുറിപ്പുകൾ വഴി ലോകം അറിഞ്ഞതുപോലെയായി. മലാലയുടെ ബ്ലോഗുവഴി പുറത്തുവന്ന വിവരങ്ങളും. താലിബാൻ ഭരണത്തിൽ ജനങ്ങൾ, പ്രത്യേകിച്ച് സ്ത്രീകൾ നേരിടുന്ന കഷ്ടതകൾ ലോകം മലാലയുടെ വർക്കുകളിലൂടെ അറിഞ്ഞു. ബ്ലോഗിലൂടെ പ്രശസ്തമായതോടെ അമേരിക്കയുടെ താലിബാൻ വിരുദ്ധ മുന്നേറ്റങ്ങൾക്ക് ചുക്കാൻ പിടിച്ചുകൊണ്ടിരുന്ന റിച്ചാർഡ് ഹോൾബ്രുക്കുമായി കൂടികാഴ്ച നടത്താൻ മലാലയ്ക്ക് അവസരം ലഭിച്ചു. അമേരിക്ക സമ്മർദ്ദം ചെലുത്തിയതോടെ പാക്കിസ്ഥാൻ പട്ടാളം ഇടപെട്ടു. ഇതോടെ മലാല താലിബാന്റെ നോട്ടപ്പുള്ളിയായി മാറി.

ഓരോ ദിവസവും മരണഭയത്തോടെയാണ് ജീവിക്കുന്നത് എങ്കിലും താലിബാനെതിരെ പ്രവർത്തിക്കുമെന്നും സ്ത്രീകളുടെ വിദ്യാഭ്യാസത്തിനുവേണ്ടി പൊരുതുമെന്നും മലാല തന്റെ ബ്ലോഗിലൂടെ ആവർത്തിച്ചു പ്രഖ്യാപിച്ചുകൊണ്ടിരുന്നു. പാകിസ്ഥാന്റെ ആദ്യ യൂത്ത് പീസ് പ്രൈസ് മലാല കരസ്ഥമാക്കി. ഇന്റർനാഷണൽ ചിൽഡ്രൻസ് പീസ് പ്രൈസിന് മലാലയുടെ പേര് ആർച്ച് ബിഷപ്പ് ഡസ്മണ്ട് ടുട്ടു തന്നെ നാമനിർദ്ദേശം ചെയ്തു.

ഒക്ടോബർ ഒമ്പതാം തീയതി മലാല മിങ്കോറ സ്കൂൾ വളപ്പിൽ വീട്ടിലേക്ക് പോകാനായി സ്കൂൾ വാനിലിരിക്കുമ്പോൾ താലിബാൻ തീവ്രവാദികളുടെ ക്രൂരമായ ആക്രമണം. ഒരു ബൈക്കിലെത്തിയ സംഘം വാനിൽ കയറി മലാല ആരാണെന്ന് തിരക്കി. നിറതോക്കുകൾ ചൂണ്ടി ആക്രോശിക്കുന്ന ഭീകരരുടെ മുൻപിൻ പേടിച്ചരണ്ടുനിന്ന കുട്ടികൾ ആരും ഒരക്ഷരം ഉരിയാടിയില്ല. ചില കുട്ടികളുടെ ഒളികണ്ണിട്ട നോട്ടത്തിൽ നിന്ന് മലാല ആരെന്ന് ഊഹിച്ച ഭീകരർ അവൾക്ക് നേരെ വെടിയുണ്ടയുതിർത്തു.

പെഷവാറിലെ പട്ടാള ആശുപത്രിയിലും റാവൽപിണ്ടിയിലും മരണത്തോട് മല്ലടിച്ച് മലാല കിടന്നു. പിന്നീട് വിദഗ്ദ ചികിത്സയ്ക്കായി ഇംഗ്ലണ്ടിലേക്ക് കൊണ്ടുപോയ മലാല ഇപ്പോൾ സുഖം പ്രാപിച്ചു.'A crime ignored is a crime encouraged'. ഭയം കൊണ്ടും ഉദാസീനതകൊണ്ടും നമ്മുടെ കൺമുമ്പിൽ അരങ്ങേറുന്ന പല നിയമലംഘനങ്ങളോടും നാം നിസംഗത കാട്ടുമ്പോൾ നാമറിയാതെ തന്നെ അനീതിയെയും തിന്മയേയും നാം പ്രോത്സാഹിപ്പിക്കുകയാണ്.

'ഞാൻ ഒറ്റയ്ക്ക് എന്ത് ചെയ്യാൻ....? 'പ്രതികരിച്ചിട്ട് കാര്യമില്ല' എന്നൊക്കെ ചിന്തിച്ച് തെറ്റുകളേയും നിയമ ലംഘനങ്ങളേയും നിശബ്ദമായി സഹിക്കുന്നവർ മലാല എന്ന 14 കാരിയിൽ നിന്നു പഠിക്കേണ്ടിയിരിക്കുന്നു. ഓർക്കുക നിയമലംഘനങ്ങളോടുള്ള നിസംഗത ഇനിയും നിയമം ലംഘിക്കാൻ നാം കൊടുക്കുന്ന ലൈസൻസാണ്.



അക്ബർഷാ എം.
I Islamic History

# അവൻ





ആര്യ വി. എസ്
I Botany

ഉദയകിരണങ്ങൾ തഴുകിയെത്തുന്ന
തെന്നലിൽ ശോഭയാണവൻ...
മധുരമാം പൂവിൽ നിന്നടർന്നുവീഴുന്ന
മധുരമാം തേനാണവൻ...
മൂകമാം എൻ ജീവിതം ധന്യമാക്കിയവൻ
ആദ്യമായി കണ്ടനാൾ എൻമനം സാന്ദ്രമായി
ആരും കൊതിക്കുന്ന താമരക്കണ്ണുകൾ
താളം തുടിക്കുന്ന പൊൻകവിൾപ്പൂവുകൾ
തെന്നൽ തഴുകീടും പോലെഴും പുഞ്ചിരി
വെണ്ണക്കൽ തോൽക്കുന്ന സ്വർണ്ണപൂമേനിയും
ഉള്ളം തളർത്തുന്ന നിൻ മന്ദഹാസവും
എന്നെ മയക്കുന്ന മധുരമാം നാദവും
എന്റേതുമാത്രമായി നൽകുമോ....
ഓമലേ.....

# പ്രകൃതിയുടെ പ്രതിഭാസം



അഴകുള്ള മാനിന്റെ
അലിവാർന്ന മേനിയിൽ
അറിയാതെ ഞാനൊന്നു തൊട്ടു
പുളകം തുടിക്കുമെൻ
കൈകളിൽ ചാഞ്ചാടി ആനന്ദമാമോദനിമിഷം
കുയിലിനോടൊത്ത കുറുങ്കുഴൽപാട്ടിന്റെ
ഈണവും മൂളി ഞാൻ നീങ്ങി
അഴകോലുമാനന്ദവർഷം പൊഴിയുമാ-
നടനമാം നാടകവേദിയിൽ
കുളിരിന്റെ നിറമാർന്ന സ്വപ്നങ്ങൾ
തേടി ഞാൻ ആ വനത്തിൻ ഉള്ളിലേക്കിറങ്ങി
ശതകോടി വർണ്ണങ്ങൾ ചാലിച്ചെഴുതിയ-
വനമാണ് പ്രകൃതിതൻ പ്രതിഭാസം.



വിചിത്ര വി.
I Chemistry.



# വൃദ്ധർ നമുക്ക് ഭാരമോ?

മുംതാസ് എം.
II Islamic History

വളർച്ചയുടെ ഭാഗമായി ശരീരത്തിനും മനസ്സിനും സ്വാഭാവികമായി സംഭവിക്കുന്ന ജൈവമാറ്റമാണ് വാർദ്ധക്യം. ഇന്ന് പ്രായാധിക്യം ചെന്നവരെ കുടുംബങ്ങളിൽ നിന്നും പുറംതള്ളി വൃദ്ധസദനങ്ങളിലേക്കയക്കുന്നത് കുഞ്ഞുങ്ങളെ സ്കൂളിൽ ചേർക്കുംപോലെ ലളിതവും സ്വാഭാവികവുമായ നടപടിയായി മാറി. ഇന്നത്തെ ഇന്ത്യൻ സാഹചര്യത്തിൽ അറുപതു വയസ്സ് കഴിഞ്ഞാൽ വാർദ്ധക്യം ആരംഭിച്ചെന്ന് പറയാം. സാമാന്യമായി എഴുപത്തിയഞ്ച് വയസ്സ് കഴിയുമ്പോഴേയ്ക്കും വാർദ്ധക്യത്തിന്റെ പ്രശ്നങ്ങൾ കൂടുതൽ ഗുരുതരമാവുകയും ദൈനംദിന കാര്യങ്ങൾക്ക് പോലും പരസഹായം വേണ്ടിവരുകയും ചെയ്യും. ശരാശരി ആയുർദൈർഘ്യം വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഒരു സമൂഹത്തിൽ ഈ വിഭാഗത്തിൽപ്പെട്ടവരുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കും.

കാർഷികവ്യവസ്ഥ നിലനിന്നിരുന്ന കാലത്ത് കുടുംബം ഒരുമിച്ച് അദ്ധ്വാനിച്ചാണ് ജീവിതം മുന്നോട്ടുകൊണ്ടുപോയിരുന്നത്. അക്കാലത്ത് വൃദ്ധർ ഒരു ബാധ്യതയായിരുന്നില്ല. അനുഭവസമ്പത്തും അറിവും കൂടുതലുള്ള വൃദ്ധരെയാണ് വിജ്ഞാനത്തിനും ഉപദേശത്തിനും സമൂഹം ആശ്രയിക്കുന്നത്. വിത്തുകളെക്കുറിച്ചും കീടബാധയെക്കുറിച്ചും നന്നായി അറിയാവുന്നത് വൃദ്ധർക്കായിരുന്നു. അതുകൊണ്ടുതന്നെ അവർ സമൂഹത്തിന്റെ ആസ്തിയായി അന്ന് ആദരിക്കപ്പെട്ടിരുന്നു. പഴയതലമുറയും പുതിയ തലമുറയും പരസ്പരം മനസ്സിലാക്കി, ആശയങ്ങൾ കൈമാറി മുന്നോട്ട് പോകുകയാണ് നല്ലത്. ജീവിതകാലം മുഴുവൻ അദ്ധ്വാനിച്ചശേഷം വാർദ്ധക്യത്തെ അഭിമുഖീകരിക്കുമ്പോൾ അവർക്ക് അനേകം പ്രശ്നങ്ങൾ നേരിടേണ്ടിവരുന്നു. ഇതിലൊന്നാണ് അവഗണന. നമുക്കൊന്നായി ഇതിനെ അവഗണിക്കാം.




N.S.S
not me but you ...
NATIONAL SERVICE SCHEME
(UNIVERSITY OF KERALA)
TKM COLLEGE OF ARTS AND SCIENCE
KOLLAM-5
SPECIAL CAMP
TEEN'S CLUB
Adolescent Reproductive
Sexual Health Programme (ARSH)
LLEGE OF ARTS & SCIENCE
KOLLAM - 5
RIBBON CLUB
&
DONOR FORUM

# നീ എനിക്ക് പ്രാണനാണ്...



അജ്മൽ ജെ
I Bio-Chemistry

എങ്ങു നീ മറഞ്ഞു നഷ്ടസ്വപ്നമായി
ഇല്ല...ബാക്കിയില്ല മിഴിനീർ
നിനക്കായി പൊഴിക്കാൻ
ഒരു മഴയായ്, മാരിവില്ലായ്
കുളിർ ചൊരിയും പുഴയായ്
നനുത്ത സമീരനായി
വാരിപ്പുണർന്നതെന്തിനായ്
ഇല്ല അറിയില്ല എനിക്ക്
മർത്യന്റെ പൊയ്മുഖം
പിടയുന്നു ഞാൻ എട്ടുകാലി നെയ്ത പട്ടിൽ
വർണ്ണങ്ങൾ വാരിവിതറി
തലചായ്ക്കാൻ ഇടമായി
ഇടനെഞ്ചിൻ നെടും തൂണായ്
ഇല്ല മായില്ല നീ എൻ പ്രിയതോഴി......!
ചുടുനിണം ബാക്കിയായ്
വളരുന്ന നീരുറവ പോലെ,
പ്രാണനായ് പിടയുന്ന ജരിതയെ പോലെ
അരങ്ങ് തകർക്കുന്നു ഏകാന്ത നാടകം.....
ബാക്കിയായ്,ചാരത്തായ്, ഒരു നെടുവീർപ്പ്
തീരങ്ങൾ തഴുകാത്ത തോണിപോലെ,
പൂത്തുലയാത്ത മാമരം പോലെ
ആരെയോ തേടുന്നുവോ ഞാൻ
ഇരുളിൽ, കൂരിരുട്ടിൽ
കാരിരുമ്പിൻ രോദനം
മുഴങ്ങട്ടെ പെരുമ്പറപോലെ
കേൾക്കുമോ നീ ആ ദീനരോദനം
കതിർ വിടർത്തിയ പാടംപോലെ,
സ്വർണ്ണശോഭ ചൊരിഞ്ഞു
പൊന്തക്കാട്ടിലെ പാഴ്ചെടിയിൽ
വിരിഞ്ഞ പൂവ് ഞാൻ,
ഇല്ല എനിക്കില്ല നിൻ സുഗന്ധം
എന്തേ, നീ അറിഞ്ഞിരുന്നില്ലേ !
എന്തിനായ് നീ ചൂഴ്ന്നിറങ്ങി,
എൻ ആന്തരാത്മാവിലേക്ക്
എന്തിനായ് നീ പെയ്തിറങ്ങി
മീനത്തിൻ മണ്ണിലേക്ക്
ചോർന്ന് ഒലിക്കും കൂരപോലെ
മിഴിനീർ വാർക്കുമ്പം
അറിഞ്ഞു ഞാൻ നിൻ മധുരം,
ഇന്നലെ മുന്തിരികുലകൾ പോലെ
ഇന്നെനിക്ക് നറുവീഞ്ഞു നീ
എൻ സിരകളിൽ സുനാമിതീർത്തു
വഴുതി വീഴുന്നു ഞാൻ
ഇന്നിൻ ആലസ്യത്തിലേക്ക്
നഷ്ടമായ നീലാംബരിപോലെ
വ്യർത്ഥമായി എൻ പ്രിയരാഗം
പാഴ്മരുഭൂമിതൻ മരുപച്ച നീ
പാണന്റെ പാട്ടിലെ പ്രാണനായ് നീ

BIS 916 ഹാൾമാർക്ക് സ്വർണ്ണാഭരണങ്ങൾക്കും പരിശുദ്ധമായ വെള്ളി ആഭരണങ്ങൾക്കും
തൃശൂർ ജുവലേഴ്സ്
മാർക്കറ്റ് ജംഗ്ഷൻ, കുറ്റിച്ചിറ,
Ph: 2028559
ഗ്രാമത്തിലെ ആദ്യത്തെ ഹാൾമാർക്ക് ജുവല്ലറി
916 TJK P

# Union Inauguration















ഋതു-2013
ARTS DAY
College of Arts & Science
T.K.M College of Arts & Science

# അക്ഷരമുറ്റം



രാവുകൾ പകരുന്ന നിദ്രയിലാണ്ടു ഞാൻ
അക്ഷരമുറ്റം കിനാവുകാൺകേ
അക്ഷര മുറ്റത്ത് പൊൻതിരിനാളമായ്
സൗഹൃദവും ദേവ ചൈതന്യവും
സത്യവും നന്മയും കാത്തുസൂക്ഷിക്കുവാൻ
വിദ്യകൊണ്ടാകുമെന്നാദ്യം പറഞ്ഞതും
ബന്ധനക്കൂടുകൾ പാടേ തകർത്തിട്ടു
പാറിപ്പറക്കുവാൻ പ്രാണൻ നുകർന്നതും
ഇവിടമെന്നല്ലാതെ പറയുവാനിന്നു ധരണിയിൽ
മറ്റൊരു സത്യം സുനിശ്ചിതം
ചിരികളിൽ കളികളിൽ നിറയുന്നു സൗഹൃദം
അതിലില്ല ചതികളോ ഗൂഢലക്ഷ്യങ്ങളോ
ഗുരുവെന്ന സത്യം വിതയ്ക്കുന്ന വിത്തുകൾ
ജ്ഞാനമായ് ഞങ്ങളിൽ നിത്യം മുളയ്ക്കവേ
പുലരുന്ന നാളെകൾക്കെന്നും പ്രചോദനം
പകരുന്നൊരാലയം എന്റെ കലാലയം
പ്രണയ മാധുര്യവും കലകൾ തൻ വർണ്ണവും
മഴവില്ലുതീർക്കുന്നു നിത്യവും ഞങ്ങളിൽ
അനുഭൂതി എന്നുമീ മനസ്സിൽ നിറയ്ക്കുന്ന
ടി.കെ.എം. ആണെന്റെ സ്വപ്നകലാലയം.



**ആകാശ് ചന്ദ്രൻ**
**II Mathematics**



# ഇന്നത്തെ വിദ്യാർത്ഥികൾ നാളത്തെ വിവേകശാലികളായ യുവാക്കൾ



ഷർമി ഷാജഹാൻ
I Islamic History

ഇന്നത്തെ വിദ്യാർത്ഥികളാണ് നാളത്തെ യുവതല മുറ. വിദ്യാർത്ഥികളെ റാങ്ക് വാങ്ങി തങ്ങളുടെ നഷ്ടസ്വർഗ്ഗം വീണ്ടെടുക്കുവാൻ വേണ്ടി ഇടംവലം വിടാതെ പഠിക്കുവാൻ മാത്രം പടച്ചുവിട്ട് യന്ത്രമാക്കി വിടാനുള്ള തത്രപാടിൽ കുമാരി കുമാരൻമാരുടെ വ്യക്തിത്വവികസനം ചതഞ്ഞരഞ്ഞുപോകുന്ന കാഴ്ചയാണ് ഇന്നുകാണുവാൻ കഴിയുന്നത്.ഒരു വിദ്യാർത്ഥിയ്ക്ക് ലഭിക്കുന്ന വിദ്യാഭ്യാസത്തിലൂടെ അവനിൽ അന്തർലീനമായിരിക്കുന്ന ജീവചേതനകളുടെ വികാസത്തെ പുറത്തുകൊണ്ടുവരാൻ കഴിയണം.അതായിരിക്കണം വിദ്യാഭ്യാസത്തിന്റെ ലക്ഷ്യങ്ങളിൽ ഒന്ന്.

വിദ്യാധനം സർവനാൽ പ്രധാനം എന്ന ആപ്തവാക്യം സാധൂകരിക്കുവാൻ വിദ്യകൊണ്ട് സ്വതന്ത്രരാകുക എന്നാണ് ശ്രീനാരായണഗുരു ആഹ്വാനം ചെയ്തിരിക്കുന്നത്. വിദ്യ എന്നാൽ ആദ്ധ്യാത്മികമായ അവബോധമാണ്. ഉയർച്ചയിലേക്കുള്ള ഏണിപ്പടി പഠനം മാത്രമാണ്. വിദ്യാഭ്യാസകാലം പഠിപ്പിനായി മാത്രം എന്നതായിരിക്കണം വിദ്യാർത്ഥികളുടെ മുദ്രാവാക്യം. പുസ്തകമില്ലാത്ത ഒരു മുറി ആത്മാവില്ലാത്ത ഒരു ശരീരമാകുന്നു. വിനയം, മിതഭാഷണം, ശ്രദ്ധ എന്നിവ വിദ്യാർത്ഥിയിൽ വേരുറച്ചിരിക്കേണ്ട ശീലങ്ങളാണ്.

സത്യം, സ്നേഹം, ത്യാഗം, സേവനം എന്നീ ഉൽകൃഷ്ട ലക്ഷ്യങ്ങൾ മുൻനിർത്തി മനസ്സാക്ഷിയെ മലിനപ്പെടുത്താതെ ഈശ്വരാർപ്പണ ബുദ്ധിയോട്കൂടി സ്വകൃത്യങ്ങൾ നിർവ്വഹിച്ച് ജീവിതം ധന്യമാക്കുക എന്നതാകണം നാം വിദ്യാഭ്യാസത്തിലൂടെ നേടിയെടുക്കേണ്ട സ്വഭാവവൽകരണം.ഭാവിലോകത്തിന്റെ ആശകളും പ്രതീക്ഷകളുമെല്ലാം വിദ്യാർത്ഥികളിലാണ്. ഭാവിയിൽ നാട്ടുകാരെ രക്ഷിക്കുകയും നാടിനെ നയിക്കുകയും ചെയ്യേണ്ടത് ഇന്നത്തെ വിദ്യാർത്ഥികളാണ് എന്ന ബോധം അവർക്കും രക്ഷിതാക്കൾക്കും അധ്യാപകർക്കും ഉണ്ടായിരിക്കണം. വിദ്യാഭ്യാസത്തിന്റെ ആത്യന്തികമായ ലക്ഷ്യം സ്വഭാവരൂപീകരണമാണ്. ഇത് രൂപീകൃതമാകുന്നത് കാൽഭാഗം മാതാപിതാക്കളിൽ നിന്നും, കാൽഭാഗം സ്വന്തം ജീവിതാനുഭവങ്ങളിൽ നിന്നും കാൽഭാഗം അറിയുവാനുള്ള ആഗ്രഹങ്ങളിലൂടെയുമാണ്.

ഒരു വിദ്യാർത്ഥി സ്വഭാവരൂപീകരണം അവൻ വളർത്തിയെടുക്കുന്ന വ്യക്തിത്വത്തിലൂടെ സ്വയം പ്രകാശിപ്പിക്കാൻ കഴിയണം. ഓർമ്മയിൽ തെളിഞ്ഞ് നിൽക്കുന്ന നമ്മുടെ വ്യക്തിജീവിതത്തെ സ്വാധീനിച്ചിട്ടുള്ളവരെ മാതൃകയാക്കിയാൽ നമുക്ക് നല്ല വിദ്യാർത്ഥികളായി മാറുവാനും നമ്മെ പഠിപ്പിക്കുന്ന അധ്യാപകരെ നല്ല അധ്യാപകരായി കാണുവാനും കഴിയും. ഒരു നിമിഷം മാത്രമേ ഭൂമിയിൽ ജീവിക്കുന്നുള്ളൂവെങ്കിലും ഒരു നല്ല നാളയെ സ്വപ്നം കാണുന്ന നമുക്കോരോരുത്തർക്കും ആൾക്കൂട്ടത്തിൽ തലയെടുപ്പുള്ള ആളായും അന്ധകാരത്തിലെ അണയാത്ത മിന്നാമിനുങ്ങായും വിദൂരസാഗരത്തിൽ നിന്നും കാണുവാൻ കഴിയുന്ന ജ്വലിക്കുന്ന ദീപസ്തംഭമായും നമ്മുടെ വ്യക്തിത്വത്തെ പ്രകാശിപ്പിക്കുവാൻ കഴിയണം. അപ്പോൾ മാത്രമാണ് നമ്മുടെ വിദ്യാഭ്യാസം അർത്ഥപൂർണ്ണമാകുന്നത്.

# ഞാനും കവിതയും



നിസിയ ഐ. എസ്
I Bio-Chemistry



പാതിരക്കാറ്റിന്റെ പല്ലവിപോലൊരു-
കവിത കുറിക്കാറുണ്ടെന്നും ഞാൻ...
ഹൃദയത്തിലാഴത്തിലായെനിക്കേറെ-
ച്ചെറു മന്ദഹാസം പകരുവാറുണ്ടെന്നും!
കാർമുകിൽച്ചുരുൾപോലരണ്ട വിഷാദത്തെ
ആഴക്കടലിൽ അലപോലലിയുന്ന വരികളാൽ,
വഹിച്ചിടാറുണ്ടെൻ കവിത പലച്ചൊഴും,
അലയായ് വഹിച്ചിടാറുണ്ടെൻ കവിത പലപ്പൊഴും
തൂമഞ്ഞ് വിടരുന്ന രാവിന്റെ വീഥിയിൽ
പ്രണയാർദ്രമാകുവാറുണ്ടെൻ വരികൾ
അതിൽ കുളിർക്കാറ്റുമീട്ടുന്ന വിപഞ്ചികയാൽ
ആർദ്രമായ് തുടിക്കാറുണ്ടെൻ മനവും.
എന്തിനോവേണ്ടി ഞാൻ അറിയാതെ കേഴുമ്പോൾ-
താങ്ങായ് വരാറുണ്ടരികിലായെന്നും
മാറോടണച്ചെന്റെ നെറുകയിൽ തഴുകുമ്പോൾ
അമ്മിഞ്ഞപ്പാലിൻ മധുവൂറുമിന്നും.

ഇടറാറുണ്ടെൻ ഹൃദയവും വരികളും
അഗ്നിയായ് ആത്മാവിൽ പടരുന്നൊരാ-
മാതൃസ്നേഹത്തെ വർണ്ണിക്കുമ്പോൾ,
എൻ ജീവനാളത്തെ വർണ്ണിക്കുമ്പോൾ....
പാതിരാക്കാറ്റിന്റെ പല്ലവിപോലൊരു
കവിത കുറിക്കാറുണ്ടെന്നും ഞാൻ
ഹൃദയത്തിലാഴത്തിലായെനിക്കേറെ-
ച്ചെറുമന്ദഹാസം പകരുവാറുണ്ടെന്നും.
റാന്തൽ വെളിച്ചത്തിലേകാകിയായി ഞാൻ
ഉരുവിടാറുണ്ടെൻ വരികൾ പലപ്പൊഴും
എന്നെക്കുറിച്ചുഞാൻ, എന്നോടോതുമ്പോൾ
ഞാനും കവിതയും ഒന്നുപോലെ
എന്റെ ഹൃദയവും കവിതയാണെന്നപോലെ....!

e-മഴ നനയാതെ പോകരുത്



ഫാത്തിമ സലീം
I Zoology



# നോവ്

എരിയുന്ന തീക്കനൽ ഹൃദയത്തിൽ
വച്ചാലും നോവില്ലെനിക്കിത്രമേൽ
ഇരുമ്പിൻ കഠാരയെ ചങ്കിൽ
കുത്തിയിറക്കിയാലും നോവില്ലെനിക്കിത്രമേൽ
അതിലുമേറെയാണെൻ മനനൊമ്പരം
കേഴുന്നുഞാനിന്ന് തേടുന്നു നിന്നെ
ഒരു വാക്കുപോലും, ഒരു നോക്കുപോലും കാണാതെ
അന്നു ഞാൻ വിട ചൊല്ലാതെ മാഞ്ഞില്ലേ.
എന്നുമെൻ ദുഃഖങ്ങളിൽ
തീരാദുഃഖമായി ശേഷിക്കുന്നാനിമിഷം
എന്നുമെൻ ഓർമ്മകളിൽ
മായാത്തൊരോർമ്മയായി ശേഷിക്കുന്നാദിനം.
അരികിൽ നീ നിന്നിട്ടും കണ്ടിട്ടും
കാണാതെ പോയി ഞാൻ
നിൻ മനമറിയാതെ
നിൻ സ്നേഹം കാണാതെ
നീറുന്നെൻ മനമിന്ന്
നിറയുന്നെൻ മിഴിയിന്ന്
തോരുന്നില്ലെൻ കണ്ണീര്
തീരുന്നില്ലെൻ വേദന
ഇന്നുഞാൻ കാണുന്നു നിൻമിഴികളിൽ സ്നേഹം
ഇന്നു ഞാനറിയുന്നു നിൻ ഹൃദയത്തിൻ സാന്ത്വന സ്പർശം
ഇന്നുഞാൻ കാതോർക്കുന്നു നിൻവിളിക്കായി
ഇന്നുഞാൻ കൊതിക്കുന്നു നിൻ സ്നേഹത്തിനായി.



# തനിയെ...!

ജാസ്മിൻ
II Botany

പകലിൻ വെളിച്ചത്തിൻ പതിവായി
നിൽക്കും വാകമരച്ചോട്ടിൽ നിന്നു ഞാൻ
പിന്നെയും നിൻകാലൊച്ച കേൾക്കുവാൻ
മറവിതൻ മാറിൽ മയങ്ങീടും വർഷ-
കാല സ്മരണകളിലൊന്നിൽ നാം
കണ്ടുമുട്ടിയതിന്നും ഓർക്കുന്നു
ഞാൻ, പലനാൾ പിന്നെയും
കണ്ടു നാം തമ്മിൽ, പലതും
പറഞ്ഞു കൈകോർത്തിരുന്നു
സൗഹൃദത്തണലിൽ...
ഒരു നേർത്തതെന്നൽ പോൽ

അരികിൽ നീ വന്നു, സ്നേഹാർ-
ദ്രമായിയെൻ നിമിഷങ്ങൾ
ഓർമ്മകൾ പിന്നെയും കഥകൾ ചൊല്ലി
അക്കഥയിലൊക്കെയും നിൻ
അദൃശ്യമാം സ്നേഹസ്പർശം
പറയേണ്ടതെന്തുഞാൻ അറിയില്ലയിന്നും
സ്നേഹമെന്നേ പറഞ്ഞു നാം തമ്മിലായ്
ആ സ്നേഹമല്ലേ ഈ ഓർമ്മകൾ പകർന്നതും
കാത്തുനിൽപ്പൂ ഞാനിന്നും ഈ തണൽ
വഴിയിൽ, ഏകയാം പഥികയായ്
ഒരിക്കൽ നഷ്ടമായൊരെൻ ഹൃദയത്തെതേടി...

# EDITORIAL BOARD



Dr. E. Abdul Razac
Cheif Editor



Prof.E. Najeem
Staff Editor



Akash Chandran
Student Editor



Dr. Zeena Firoz
Editorial Staff



Shine A Salam



Anandhu. A



Al Niyadh B



Anari K Nath





ഉമാമഹേശ്വരി . എസ്
I B.Com

# അരിപ്രാവും മക്കളും

നഗരത്തോടടുത്ത് കിടക്കുന്ന ഒരു ഗ്രാമമായിരുന്നു ധർമപുരി. ഗ്രാമത്തിൽ ഏറെയും വിളവില്ലാത്ത വയലുകളും ശൂന്യമായ പാടങ്ങളുമായിരുന്നു. കാരണം വേനൽ തീവ്രത വളരെയധികം രൂക്ഷമായികൊണ്ടിരിക്കുകയായിരുന്നു. ദിവസം കഴിയുംതോറും നീരുറവകളെല്ലാം വറ്റി വരളുന്നു. നഗരങ്ങളിലെ കുഴൽ കിണർ ഗ്രാമങ്ങളിലെ നീരുറവകളെ ശൂന്യമാക്കുന്നു. അവിടെ സൂര്യന്റെ വെയിലേറ്റ് ഉണങ്ങിയ ഒരു വൃക്ഷത്തിന്റെ ആശ്രിതരായി കഴിയുകയായിരുന്നു ഒരു അരിപ്രാവും അതിന്റെ പറക്കമുറ്റാത്ത മൂന്ന് കുഞ്ഞുങ്ങളും. വേനൽ തീവ്രത ഏറി വരുന്നതിനാൽ മറ്റു പക്ഷികളെല്ലാം വളരെ നേരത്തെതന്നെ മറ്റു സ്ഥലങ്ങളിലേക്ക് ചേക്കേറിയിരുന്നു. എന്നാൽ പറക്കാനാകാത്ത കുഞ്ഞുങ്ങളെ ഉപേക്ഷിച്ച് അമ്മപ്രാവിന് എവിടേക്കും പോകാൻ കഴിഞ്ഞില്ല.

ദാഹം തൊണ്ടയെ കീറിമുറിക്കുന്നു. വെള്ളം കിട്ടാതെയായപ്പോൾ പ്രാവിൻ കുഞ്ഞുങ്ങൾ നിലവിളിക്കാൻ തുടങ്ങി. അമ്മപ്രാവ് മനം നൊന്ത് കരഞ്ഞു. തൊണ്ട വരണ്ടുള്ള കുഞ്ഞുങ്ങളുടെ കരച്ചിൽ കേട്ട് അമ്മപ്രാവ് എങ്ങോട്ടെന്നില്ലാതെ പറന്നു. ഏത് ദിക്കിൽ നിന്നും ഒരിറ്റ് വെള്ളം കിട്ടും? വെള്ളം കിട്ടിയില്ലെങ്കിൽ അവ ചത്തു പോവുകയേ ഉള്ളൂ. അമ്മപ്രാവിന് എന്തെന്നില്ലാത്ത സങ്കടം വന്നു. എന്താണ് ഞാൻ ചെയ്യുക. കുഞ്ഞുങ്ങളെ അമ്മപ്രാവ് ആശ്വസിപ്പിച്ചു, “മക്കളെ, ഞാൻ പോയി നിങ്ങൾക്ക് വെള്ളം കണ്ടെത്തികൊണ്ടുവരാം. അമ്മ ഉടനെ വരാം നിങ്ങൾ എങ്ങോട്ടും പോകരുത് ”. പ്രാവ് വെള്ളം തേടി കിണറായ കിണറുകൾ മുഴുവൻ അന്വേഷിക്കാൻ തുടങ്ങി. കിണറ്റിൽ വെള്ളം തീരെയില്ല. ഗ്രാമത്തിലെ പൊതുവക കിണറ്റുകളിൽ നിരത്തിയിരുന്ന പാത്രങ്ങളുടെ വരി വളർന്നിരിക്കുന്നു. അരുവികളുടേയും പുഴകളുടേയും കുത്തൊഴുക്ക് കാണാനേയില്ല. പ്രാവിന്റെ നെഞ്ച് പിടയാൻ തുടങ്ങി. “ഈശ്വരാ എന്റെ കുഞ്ഞുങ്ങൾ അവ നിന്നോട് എന്ത് ക്രൂരതയാണ് ചെയ്തത്? ഒരിറ്റു വെള്ളം പോലും എനിക്ക് കണ്ടെത്താനായില്ലല്ലോ?”

പ്രാവ് വീണ്ടും അന്വേഷിച്ചു. വെള്ളം കിട്ടാതെ വന്നപ്പോൾ പ്രാവ് തിരിച്ചു പറന്നു. അപ്പോഴും പ്രാവ് കരയുകയായിരുന്നു. പ്രാവ് കൂട്ടിലെത്തി. കുഞ്ഞുങ്ങൾ അവശനിലയിലായിരുന്നു. വെള്ളം കിട്ടിയില്ലെങ്കിൽ അവ ഉറപ്പായും ചത്തു പോകും . “അയ്യോ എന്റെ മക്കളെ” പ്രാവ് നിലവിളിച്ചു. നിങ്ങളെ എന്നിൽ നിന്നും പിരിയാൻ ഞാൻ സമ്മതിക്കില്ല. മക്കളെ എന്റെ കണ്ണുനീർ കുടിച്ച് കൊള്ളുക. നിങ്ങളുടെ ദാഹം ശമിക്കട്ടെ ; പ്രാവ് ഉറക്കെ കരഞ്ഞു.കുഞ്ഞുങ്ങൾ പ്രാവിന്റെ കണ്ണുനീർ ആവോളം കുടിച്ചു. അവരുടെ കരച്ചിൽ നിലച്ചു. അവർ ഊർജിതരായി. എന്നാൽ അരിപ്രാവ് കരഞ്ഞ് കൊണ്ടേയിരുന്നു. കണ്ണുനീർ പൊഴിച്ചു കൊണ്ടേയിരുന്നു. സന്തോഷത്തിന്റെ, ത്യാഗത്തിന്റെ ആനന്ദാശ്രുക്കൾ. പ്രാവിന്റെ സങ്കടം ദൈവം ഉൾകൊണ്ടു. മഴ പെയ്യാൻ തുടങ്ങി. പ്രാവുകൾ സന്തോഷത്തോടെ ദൈവത്തിന് നന്ദി പറഞ്ഞു.

STARTECH
KARICODE, TKMC PO, KOLLAM – 5. PHONE : 9446182893, 9567546216, 0474-2713339


DTP, PHOTOSTAT, SCANNING, A3 & A4 PRINT,
PRINTING FROM INTERNET, SPIRAL BINDING Etc.




GIFT, PRESENTATION, STATIONARY, FANCY,
GREETING CARDS Etc.
RECHARGE COUPONS
BSNL
!dea
airtel
RELIANCE
vodafone
TATA DOCOMO



# മറവിയും മലയാളിയും



സുജിത്ത് എസ്.
III Physics

നാം മലയാളികൾ പൊതുവേ മറവിയുള്ളവരാണ്. പ്രമേഹരോഗികൾ കൂടുതലുള്ള നാടായതുകൊണ്ടാവാം നമുക്ക് മറവിയുടെ തോത് കൂടുന്നത്. ദൃശ്യകലാരംഗത്ത് ഇന്ത്യ പിച്ചവെച്ചു തുടങ്ങിയ കാലത്ത് വ്യത്യസ്തമായി സ്വപ്നം കണ്ട വ്യക്തിയായിരുന്നു. ജെ.സി. ഡാനിയേലിനെ ഓർക്കാൻ നമുക്ക് മഴയുടെ തോഴനായ കമൽ എന്ന ചലച്ചിത്രകാരനെ ആവശ്യമായി വന്നു. അരികുപൊടിഞ്ഞ അഭ്രശകലം പോലൊരു ദുഃഖമാണ് മലയാളത്തിനിപ്പോഴും, ജെ.സി. ഡാനിയേൽ. സിനിമ കറുപ്പും വെളുപ്പും പുരളുന്നതിനും മുമ്പുള്ള നിശബ്ദരൂപം. അമ്മയുടെ ചിറകിനടിയിൽ മലയാളസിനിമ സംരക്ഷിതരാകുന്നതിന് എത്രയോ വർഷങ്ങൾക്ക് മുമ്പും അതിനെ ജനിപ്പിച്ച അച്ഛൻ പരമോന്നതമായ സിനിമാ ബഹുമതിക്ക് ജെ.സി. ഡാനിയേൽ എന്ന പേരു നൽകി കേരളം സ്മരണപുതുക്കുമ്പോൾ അഗസ്തീശ്വരത്തെ കല്ലറയിൽ ആരുമറിയാതെ ഉറങ്ങുന്നുണ്ട് അദ്ദേഹം. ഇതാണ് കേരളത്തിന്റെ ഫാൽക്കേ എന്നു വിളിച്ചുപറഞ്ഞ ഒരു മനുഷ്യൻ ഉണ്ടായിരുന്നു. 'ചേലങ്ങാട് ഗോപാലകൃഷ്ണൻ' മലയാളസിനിമ ജേർണലിസത്തിൽ ഗോപാലകൃഷ്ണൻ ഏകാന്തപഥികനായിരുന്നു. അദ്ദേഹത്തേയും നാം മറന്നു. ഈ ഓർമ്മകളുടെ പൊടിതട്ടിയെടുക്കലായിരുന്നു 'സെല്ലുലോയ്ഡ്' എന്ന ചലച്ചിത്രം. ആ ധൂളിയിൽ ശ്വാസം മുട്ടുന്നത് മുഴുവൻ മലയാളി സമൂഹത്തിനായിരിക്കും. കലാബോധത്തിനും കലാസ്വാതന്ത്ര്യത്തിനും പേരുകേട്ട നാട്ടിൽ ഒരു കലാസൃഷ്ടിയെ തടഞ്ഞുവെയ്ക്കപ്പെടുന്നതും നാം കണ്ടു. കലയെ മതമായി കണ്ട നാം 'വിശ്വരൂപം' എന്ന കലാസൃഷ്ടിയെ തടഞ്ഞു വെച്ചതിലൂടെ സാമൂഹിക വിപത്തുകളെ തുറന്നടിച്ച ഒരു കലാപാരമ്പര്യത്തെയാണ് മറന്നുപോയത്.

മറവിയുടെ ഈ സഞ്ചാരത്തിൽ നാം പിന്നെയും പല മുഖങ്ങൾ കണ്ടു. ഭൂമിയുടെ അവകാശികളായി നാം സ്വയം പ്രഖ്യാപിക്കുമ്പോൾ അങ്ങ് ചെങ്ങറയുടെ മണ്ണിൽ തലചായ്ക്കാൻ മണ്ണിനായി കാത്തിരിക്കുന്ന ഒരു ജനതയേയും നാം മറന്നു. അല്ലെങ്കിലും അച്ഛൻ - മകൻ വടംവലി ആസ്വദിക്കുന്ന നമുക്ക് എവിടെയാണ് അവരെ ഓർക്കുവാൻ സമയം. മറവിയുടെ കയങ്ങളിൽ നാം മുങ്ങിത്താഴ്ന്നു കൊണ്ടേയിരിക്കുന്നു. പ്രകൃതിക്കുവേണ്ടി കലപില കൂട്ടുന്ന നാം ഹൈടെക്ക് വാട്ടർതീം പാർക്കുകൾക്ക് വേണ്ടി വെട്ടി നശിപ്പിച്ച കണ്ടൽകാടുകളെ ഓർക്കുന്നുണ്ടോ. എന്തിന് നമ്മുടെ തൊട്ടരികിലൂടൊഴുകുന്ന ശാസ്താംകോട്ട കായലിനെ ഓർക്കുന്നുണ്ടോ. പടുകൂറ്റൻ കോൺക്രീറ്റ് കാടുകൾക്ക് വേണ്ടി തകർത്തെറിയുന്ന മുട്ടറ മരുതിമലയെപ്പറ്റി ഓർക്കുന്നുണ്ടോ. എന്തിന് നമ്മുടെ കൊല്ലം തോടിനെ ഓർക്കുന്നുണ്ടോ. ഇല്ല എന്നതാണ് ഇതിന്റെ വലിയ ഉത്തരം.

ഇവയൊക്കെ ചവിട്ടിയരയ്ക്കപ്പെട്ടത് വികസനത്തിനാണെന്ന് വേണമെങ്കിൽ വാദിക്കാം. അങ്ങനെയെങ്കിൽ ആ വികസന മന്ത്രവുമായി കടന്നെത്തിയ ലക്ഷങ്ങളെ ശ്വാസം മുട്ടിക്കുന്ന ഗതാഗതക്കുരുക്കുകളിൽ നിന്നും രക്ഷപ്പെടുത്താൻ കടന്നെത്തിയ ആ മെട്രോമാന് നാം കരുതിവച്ചിരുന്നത് അവഗണനയുടെ പൂച്ചെണ്ടുകൾ അല്ലേ.

സ്ത്രീ സുരക്ഷയ്ക്ക് വേണ്ടി മുറവിളി കൂട്ടുന്ന നാം മറന്നുപോകുന്നത് സൗമ്യ എന്ന പാവം പെൺകുട്ടിയെ തന്നെയല്ലേ. ചവിട്ടിയരയ്ക്കപ്പെട്ട ആ സ്ത്രീ ജീവിതം നമുക്ക് കാട്ടിതന്ന പാഠങ്ങൾ നാം മറക്കുകയല്ലേ ചെയ്യുന്നത്. ഇന്നും കൂകി പായുന്ന തീവണ്ടികളിൽ ബസ്സുകളിൽ ഒക്കെ നമ്മുടെ സഹോദരിമാർ ആക്രമിക്കപ്പെടുന്നുവെങ്കിൽ നാം സൗമ്യയെ മറന്നു എന്ന് അർത്ഥം.

നാം പിന്നെയും മറന്നുകൊണ്ടേയിരിക്കുന്നു. സ്വന്തം ജീവിതാവകാശം വരെ ഊറ്റിയെടുക്കാൻ വന്ന ബഹുരാഷ്ട്രഭീമനെ സമരമുറയുമായി നേരിട്ട പ്ലാച്ചിമടയിലെ മയിലമ്മയെ നാം മറന്നുപോയില്ലേ. സംഗീതത്തിന്റെ അനന്തവിഹായസ്സിൽ തന്റേതായ ഇടം സൃഷ്ടിച്ച രവീന്ദ്രൻമാസ്റ്ററെ നാം മറന്നില്ലേ. വിവാദം നിറം പിടിപ്പിച്ചെത്തിയ ഒരു ദേശീയ ഗെയിംസിനെയും, എഴുത്തുകൊണ്ട് നമുക്ക് മാത്രം ഒറ്റയാനായി നിന്ന സുകുമാർ അഴീക്കോടിനേയും, തിലകനേയും, കുടവെട്ടൂർ മുരളിയേയും ഒക്കെ നാം മറന്നുപോയവർ അല്ലേ.

നാം നമ്മെ തന്നെ മറക്കുക അല്ലേ. അവകാശത്തിനെ, അഴിമതിയുടെ പുതുമുഖം പുറത്തുകൊണ്ടു വന്ന ജന്തർമന്ദിർ വിപ്ലവങ്ങളെ നാം മറക്കുകയല്ലേ. എന്തിന് നമ്മുടെ സാംസ്കാരിക പാരമ്പര്യത്തെ വിളിച്ചോതുന്ന നമ്മുടെ കലാരൂപത്തെ പരസ്യചിത്രത്തിലെ കോമാളിവേഷം ആക്കിയപ്പോഴും നാം പ്രതികരിച്ചില്ലല്ലോ. ഖസാക്കിന്റെ ഇതിഹാസകാരനെയും പ്രകൃതിയേയും നാം മറന്നല്ലോ.

'പുതുമകൾ തേടിയുള്ള യാത്രയാണ് ജീവിതം' എന്നു ജീവിതത്തെ വിശേഷിപ്പിച്ച മഹാന്റെ വാക്കുകളെ അന്വർത്ഥമാക്കിയാണ്. നാം ഉൾപ്പെടുന്ന സാക്ഷരകേരളം മുന്നേറുന്നത് അവിടെ നാം ധാരാളം മുഖങ്ങളെ മറക്കുന്നു. അവയിൽ നബി നാരായണനുണ്ടാകാം, പത്മരാജനുണ്ടാകാം, പി.എൻ. മേനോനുണ്ടാകാം. മലയാളത്തിലെ 'സ്റ്റീഫൻ ഹോക്കിങ്ങ്' എന്ന വിശേഷണമുള്ള ഡോ. ശ്യാമപ്രസാദ് ഉണ്ടാകാം. ജി.റ്റി. ജോർജ്ജ് ഉണ്ടാകാം. ഇങ്ങനെ ധാരാളം പേർ. രാഷ്ട്രീയ കോലാഹലവും ക്രിക്കറ്റ് കച്ചവടവും കണ്ടു രസിക്കുന്ന നാം ഒന്നോർക്കണം. ചരിത്രം ഓർമ്മിക്കപ്പെടാനുള്ളതാണ്. മറക്കുവാനുള്ളതല്ല.

# ഓർമ്മയിലെന്നും നീ



ആദർശ് കുമാർ
II B.Com

ഓർമ്മയിലെന്നും നിൻ മുഖം,
ഒരു പൂവായ് വിടരവേ
ആ പാതി വിരിഞ്ഞ പൂവിനെ,
തട്ടി തലോടിനിന്നിതു ഇളംതെന്നൽ

കുളിരിടും പൂമണം നിറഞ്ഞൊരാവാടിയിൽ,
നിന്നെ പുണരാൻ വന്നിതു
കരിവണ്ടു ഞാൻ.....
ആദ്യാനുരാഗത്തിൻ പുലർവേളയിൽ,
നീ സ്വർണ്ണപ്രഭയിൽ നീരാടവേ

തുളുമ്പാത്ത തേനതു നുകരാൻ,
കൊതിയോടെ വന്നൊരാവണ്ടിൻ
മനമറിഞ്ഞിട്ടും, എന്തേ-
നീ അറിയാത്ത പോൽ ?

യാഥാർത്ഥ്യ സ്നേഹം നിറഞ്ഞൊരാ-
വണ്ടിനെ , ചതിവിൻ നോവിൻ
മുഴുകാൻ ആഗ്രഹിക്കാത്തൊരാ-
പെൺപൂവ് നീ....!

എല്ലാമറിഞ്ഞിട്ടും സ്നേഹിച്ചതാ-
വണ്ടിനെ ,സ്വയം മറന്ന്
സ്നേഹിച്ചു പോയന്നു നീയും

കുളിരോടെ പ്രണയിച്ച രാവും പകലും,
ഇന്നും നിറ മിഴിയോടെ
വിതുമ്പുന്നു വണ്ടിൻ മനം

കാലമാം സിന്ദൂര സന്ധ്യയിൽ-
നീയെങ്ങോ  കാറ്റിൽ
കൊഴിഞ്ഞീടവേ, നിൻ സ്നേഹം
വിരഹമായതറിയാതെ വണ്ടിൻ,
തീരാമോഹം കനവുകളിൽ
തീരാദാഹം നിനവുകളിൽ

ഇന്നുമാ പ്രണയ പരാഗം
തേടുകയല്ലോ, ഞാനാ-
മലർവാടിയിലൂടെ ഏകനായ്....
നീ എവിടെ? ? ?

# NCC

GROOMING TO SERVE THE NATION



Lt. P. I. Shaji.
(Boy's unit Officer)



Capt.Dr. Renuka.J
(Girl's unit Officer)



Sandhya. T. S
J.U.O



Anandu Suthan
J.U.O



Range Classification





Flag Hoisting







# കാൽപന്തുകളിയിലെ കാണാക്കാഴ്ചകൾ

ഷൈൻ എ.
II Zoology

കുറച്ചുകാലം മുൻപ് സന്തോഷ് ട്രോഫി എന്നു കേട്ടാൽ ഒരു ഹരമായിരുന്നു. സന്തോഷ്ട്രോഫി കളിക്കാൻ പോകുന്ന കേരളടീമിന് നമ്മൾ വൻ വരവേൽപ് നൽകിയായിരുന്നു യാത്ര അയക്കുന്നത്. എന്നാൽ ഇപ്പോൾ സന്തോഷ്ട്രോഫി അതിന്റെ പതനാവസ്ഥയിൽ എത്തിയിരിക്കുന്നു.

ടി.കെ.എം. മണിയും ടി.എ. ജാഫറും സി.സി. ജേക്കബും, സേവ്യർ പയസും, ഐ.എം. വിജയനും ഉദയം ചെയ്ത സന്തോഷ്ട്രോഫി ഫുട്ബോൾ ചാമ്പ്യൻഷിപ്പിന് ഇന്ന് അർഹമായ പ്രാതിനിധ്യം കിട്ടാതെ ആഴക്കടലിലേക്ക് മുങ്ങുന്ന കപ്പലിന്റെ അവസ്ഥയിലാണ്.

എങ്ങനെയോ ചക്രശ്വാസം വലിച്ച് 67-ാം സീസൺ വരെ സന്തോഷ്ട്രോഫിക്ക് എത്താൻ കഴിഞ്ഞത് തന്നെ ഭാഗ്യം. ഇന്ന് വെറുമൊരു വഴിപാടായിട്ടാണ് അഖിലേന്ത്യാ ഫുട്ബോൾ ഫെഡറേഷൻ സന്തോഷ് ട്രോഫി നടത്തുന്നത്. സന്തോഷ് ട്രോഫിക്ക് ശേഷം വന്ന ഐലീഗ് എന്ന ദേശീയലീഗ് ആണ് സന്തോഷ് ട്രോഫിയുടെ കാലനായി വന്നിരിക്കുന്നത്. ദേശീയലീഗ് ആരംഭിച്ചതോടെ സന്തോഷ് ട്രോഫിക്ക് രണ്ടാംനിര കളിക്കാർ മതിയെന്ന് എ.ഐ.എഫ്.എഫ്. തീരുമാനിക്കുകയും ഇതുമൂലം സന്തോഷ്ട്രോഫിയുടെ ഗ്ലാമർ നഷ്ടപ്പെടുകയും ചെയ്തു. വിവിധ ഇന്ത്യൻ ക്ലബ്ബുകളിൽ കളിക്കുന്ന മികച്ച താരങ്ങളെ അവരവരുടെ സംസ്ഥാനങ്ങൾക്ക് വേണ്ടി കളിപ്പിക്കാൻ വിടാതെ ക്ലബ്ബിനെ പ്രതിനിധീകരിക്കുന്ന സംസ്ഥാനത്തിനുവേണ്ടി കളിപ്പിക്കുന്ന രീതിയാണ് സന്തോഷ്ട്രോഫിയിൽ കാണുന്നത്.

രണ്ടാംനിര കളിക്കാരാണ് സന്തോഷ്ട്രോഫിയിൽ കളിക്കുന്നത്. ഐ.എം. വിജയനെയും സത്യനെയും പോലുള്ള ഒന്നാം നിര കളിക്കാർ കളിച്ചപ്പോൾ ഉണ്ടായിരുന്ന മികവ് ഇനിയുള്ള കളികളിൽ ഉണ്ടായെന്ന് വരില്ല. അഖിലേന്ത്യ ഫുട്ബോൾ ഫെഡറേഷന്റെ ഈ തീരുമാനം സന്തോഷ്ട്രോഫി പോലുള്ള കളികളുടെ നിലവാരം താഴ്ത്താൻ കാരണമാകും. കേരളത്തിൽ ഒരുകാലത്ത് ഫുട്ബോൾ എന്നാൽ സന്തോഷ്ട്രോഫി ആയിരുന്നു. ഇപ്പോൾ ഇംഗ്ലീഷ് പ്രീമിയർ ലീഗുപോലുള്ള മത്സരങ്ങൾ ടെലിവിഷനിൽ കാണുന്നതിനാൽ സന്തോഷ്ട്രോഫി പോലുള്ള കളികൾക്ക് പ്രാധാന്യം കുറഞ്ഞുവരികയാണ്. അതിനിടെ അഖിലേന്ത്യ ഫുട്ബോൾ ഫെഡറേഷൻ ഇങ്ങനെയൊരു തീരുമാനമെടുത്തത് വേദനാജനകമാണ്.

ഐ ലീഗ് ഫുട്ബോൾ ഒന്നാം നിര കളിക്കാരെ വിട്ടുകൊടുത്തത് സന്തോഷ്ട്രോഫിക്ക് രണ്ടാംനിര ടീമിനെ മതിയെന്നാണ് എ.ഐ.എഫ്.എഫ്. തീരുമാനം. മറ്റൊരുതരത്തിൽ പറഞ്ഞാൽ കേരള ടീം ധോണിയുടെ ഇന്ത്യപോലെയാകാം. കാരണം ഒരു വർഷമായി ഒരു പരമ്പരപോലും കിട്ടാതെ പോയ ധോണി ഇന്ത്യയുടെ രണ്ടാം നിരയെ നിരത്തിയപ്പോൾ പരമ്പര കയ്യിൽ വന്നു. അതുപോലെ കഴിഞ്ഞ 9 വർഷമായി കിട്ടാത്ത സന്തോഷ്ട്രോഫി കേരളത്തിന്റെ രണ്ടാം നിരയെ ഉപയോഗിച്ച് നേടാനായിരിക്കാം ഫെഡറേഷന്റെ തീരുമാനം.

ഇന്ത്യയിലെ ഫുട്ബോൾ പ്രതിഭകളെ ലോകം അറിയുന്നതിന് ഇടയാക്കിയത് സന്തോഷ്ട്രോഫി ടൂർണമെന്റാണ്. ഒരു രഞ്ജിമത്സരം കളിച്ചാൽ ഒരു കളിക്കാരന് ഏകദേശം 50,000 രൂപ പ്രതിഫലം ലഭിക്കും. എന്നാൽ സംസ്ഥാന ഫുട്ബോൾ ടൂർണമെന്റിൽ എല്ലാ മത്സരം കളിച്ചാൽ പോലും ഇതിന്റെ മൂന്നിൽ ഒന്ന് പോലും കളിക്കാർക്ക് ലഭിക്കുന്നില്ല. ലോകത്തിൽ ഏറ്റവും കൂടുതൽ കായികപ്രേമികൾ ഉള്ളതുപോലെ ഇന്ത്യയിലും ഫുട്ബോൾ പ്രേമികൾ ഉണ്ട്.

പേരിനും പ്രശസ്തിക്കും പണത്തിനും വേണ്ടി ഇന്ത്യൻ കായികരംഗത്ത് ബി.സി.സി.ഐ. എന്ന സ്ഥാപനം കാഴ്ചവെക്കുന്ന ശുഷ്കാന്തി എന്തുകൊണ്ട് മറ്റ് കായികസംഘടനകൾ കാണിക്കുന്നില്ല? ബി.സി.സി.ഐ. പണമെറിയുന്നു. അതിന്റെ പത്തിരട്ടി വാരുന്നു. പ്രശസ്തിയോ ലോകകായിക ഭൂപടം മുഴുവൻ നിറഞ്ഞു നിൽക്കുന്നു. അവിടെയാണ് ഇന്ത്യൻ ഫുട്ബോൾ രംഗം വിളറിവെളുത്തുനിൽക്കുന്നത്.

ഇന്ത്യൻ ഫുട്ബോൾ പ്രേമിയുടെ ആവേശവും ആശ്വാസവുമായിരുന്ന സന്തോഷ്ട്രോഫിയെ ഐലീഗ് ഫുട്ബോൾ ടൂർണമെന്റിന്റെ പേരിൽ അവഗണിച്ചപ്പോൾ ഒരുപാട് കായികപ്രേമികളുടെ നെഞ്ചകം നീറുകയാണ്. ഐലീഗ് ഫുട്ബോൾ നല്ലതുതന്നെയാണ്. പക്ഷേ, സന്തോഷ്ട്രോഫിക്ക് അർഹിക്കുന്ന പരിഗണന നൽകിക്കൂടെ?

നമുക്ക് പ്രത്യാശിക്കാം.

*ഒരുപാട് പൊൻപുലരിയുടെ ഉദയത്തിന് സന്തോഷ്ട്രോഫിയുടെ പുനർജന്മത്തിനായി...*



# വിട ചൊല്ലും നേരം



വിശാഖ്. ആർ.വി.
II B.Com

വെടിയുവാൻ ദിവസങ്ങളിനിയെത്ര ബാക്കി
എന്നെ ഞാനാക്കിയൊരെൻ
വിദ്യാലയസദസ്സിനോട്
വിടചൊല്ലുവാൻ ദിനങ്ങളിനിയെത്ര ബാക്കി
എൻ മനസ്സിൽ നിമീലിത ജാലകവാതിൽ
തുറന്നയെൻ ഗുരുജനങ്ങളോട്
വിടചൊല്ലുവാൻ ദിനങ്ങളിനിയെത്ര ബാക്കി
നന്മതിന്മകൾ വേർതിരിച്ചൊരെൻ
ബഹുമാന്യരോട് വിടചൊല്ലുവാൻ
എൻ മനമാകെ വിതുമ്പുന്നു
വേദനയാൽ പിടയുന്നു
മനോവേദനയെൻ തൂലികത്തുമ്പിലൊരു
കവിതയായ് വിടരുന്നു.
കഴിഞ്ഞുപോയെൻ ബാല്യത്തിൻ സ്മരണകൾ
എൻ മനോദർപ്പണത്തിൽ പ്രതിഫലിക്കുന്നു
വരികില്ലീനാളുകളിനിയെൻ ജീവിതനൗകയി-
ലെന്നോർക്കുമ്പോൾ
വിതുമ്പുന്നു, ഞാൻ കണ്ണുനീർ തൂകുന്നു
ബാല്യത്തിൻ കുസൃതികളോടിനി വിടചൊല്ലിടുന്നു
യൗവ്വനത്തിൻ ചാപല്യങ്ങളെന്നെ മഥിച്ചിടാതെ
സത്മാർഗ്ഗത്തിൽ ചരിക്കാൻ
എന്നെ അനുഗ്രഹിക്കേണമേ.
ഞാനീ വേളയിലെൻ ഗുരുജനങ്ങളോട്
സാഞ്ജലിയായ് അപേക്ഷിപ്പൂ
ഇത്ഥം അനുഗ്രഹിച്ചെന്നെ
യാത്രയാക്കുമെൻ
ഗുരുജനങ്ങളോടൊരിക്കൽകൂടി
ഞാനപേക്ഷിപ്പൂ
നിങ്ങൾതൻ അനുഗ്രഹാശിസ്സുകൾ
ചൊരിയുമാറാകണമെന്നനുപദത്തിൻ
നാളിൽ....നാളിൽ....



# സ്ട്രെയിറ്റ് ഡ്രൈവ്

സച്ചിൻ രമേഷ് ടെൻഡുൽക്കർ - ക്രിക്കറ്റ് എന്ന മതത്തിന്റെ ഉടയോൻ. സച്ചിൻ എന്ന കളിക്കാരനെ പൂർണ്ണമായി മനസ്സിലാക്കാനോ അപഗ്രഥിക്കാനോ ആർക്കുമാകില്ല. അത്ര വിശാലമായ ക്രിക്കറ്റ് നിഘണ്ടുവാണ് സച്ചിൻ ടെൻഡുൽക്കർ. രണ്ടു ദശകത്തിലേറെയായി ഇന്ത്യക്കാരന്റെ നിത്യവിഹാരത്തിൽ സച്ചിനുണ്ട്. നീണ്ട 23 വർഷങ്ങൾ. ഒരുപക്ഷേ മറ്റൊരു ക്രിക്കറ്റർക്കും എത്തിപ്പെടാൻ കഴിയാത്ത അതുല്യമായ നേട്ടങ്ങൾക്കുടമ. എത്രയേറെ വിശേഷിപ്പിച്ചാലും മതിയാവില്ല ആ യുഗപുരുഷനെ. സച്ചിനെക്കുറിച്ച് ചിന്തിക്കാതെ സംസാരിക്കാതെ ഒരു ദിവസം പോലും ചെലവഴിക്കാനാവാത്ത ലക്ഷോപലക്ഷം മനുഷ്യൻ വസിക്കുന്ന ഈ ഇന്ത്യാമഹാരാജ്യത്ത് ഇന്ന് ഇതിലേറെ വലിയൊരു ഹീറോ ഇല്ല. അദ്ദേഹം ഇന്ത്യൻ സമൂഹത്തിൽ ഉണ്ടാക്കിയ സ്വാധീനം അത്ര വലുതാണ്. ഇന്ത്യയുടെ എക്കാലത്തേയും മികച്ച ടെസ്റ്റ് ബാറ്റ്സ്മാനായി സുനിൽ ഗവാസ്ക്കറുടെ സാക്ഷാത്കാരരൂപം എന്നാണ് ചെറുപ്രായത്തിലേ സച്ചിൻ അറിയപ്പെട്ടത്.

1989 - ൽ 16 - ാം വയസ്സിൽ രാജ്യത്തിനുവേണ്ടി അരങ്ങേറിയ പയ്യനിൽ നിന്ന് ആരും ഇത്രയും പ്രതീക്ഷിച്ചുകാണില്ല. അരങ്ങേറ്റ മത്സരത്തിൽ പരിക്ക് വില്ലനായപ്പോഴും പതറാതെ അടുത്ത പന്ത് ബൗണ്ടറിയിലേക്ക് പായിച്ചു. ആ കൊച്ചു പയ്യൻ, അന്ന് തുടങ്ങിവച്ചെങ്കിലും ഒരു സെഞ്ച്വറിയുടെ മാധുര്യം അറിയാൻ അദ്ദേഹത്തിന് നാലരവർഷം കാത്തുനിൽക്കേണ്ടിവന്നു. പക്ഷേ പിന്നീട് ലോകം കണ്ടത് സെഞ്ച്വറികളുടെ അലയടികളായിരുന്നു. ആദ്യ ഏകദിന സെഞ്ച്വറി കഴിഞ്ഞ് പതിനേഴ് വർഷങ്ങൾക്ക് ശേഷം സമൃദ്ധമായ ഒരു ഭൂതകാലത്തിന്റെ പശ്ചാത്തലത്തിൽ താൻ അതുവരെ നേടിയതിന്റെയൊക്കെ ഭാരവും പേറി ഒരു വർഷം കാത്തിരുന്ന് നൂറാം അന്താരാഷ്ട്ര സെഞ്ച്വറി നേടാൻ ഒരുപക്ഷേ സച്ചിൻ ടെൻഡുൽക്കർക്ക് മാത്രമേ ലോക ക്രിക്കറ്റിൽ സാധ്യമാകൂ. ഒരിക്കൽക്കൂടി സംഭവിക്കാൻ ഒരുവിധ സാധ്യതകളുമില്ലാത്ത അഭൗമമായ ഈ നേട്ടം സച്ചിനേക്കാൾ ആഹ്ലാദിപ്പിക്കുന്നത് അദ്ദേഹത്തെ ആരാധിക്കുന്ന സ്നേഹിക്കുന്ന ആരാധക സമൂഹത്തെയാണ്. ഏറ്റവും കൂടുതൽ മത്സരങ്ങൾ, റൺസ്, സെഞ്ച്വറി എന്നിങ്ങനെ ബാറ്റിങ്ങിന്റെ ഒട്ടുമിക്ക റിക്കോഡുകളും സ്വന്തം പേരിലായിട്ടും വളരെ സൗമ്യതയോടെ നിലനിൽക്കാൻ സച്ചിനല്ലാതെ മറ്റൊരു ക്രിക്കറ്ററും ഇന്നേവരെ കഴിഞ്ഞിട്ടില്ല.

ഒരു ക്രിക്കറ്ററെന്ന നിലയിൽ ഗ്രൗണ്ടിനകത്ത് ദീർഘകാലമായി പ്രകടമാക്കുന്ന സമഗ്രാധിപത്യത്തിനപ്പുറം ഒരു വ്യക്തിയും സാമൂഹിക ജീവിയുമെന്ന നിലയിൽ സച്ചിന്റെ നിൽപ്പ് വിശേഷമാണ്. വ്യക്തിജീവിതത്തിൽ പുലർത്തുന്ന വിശുദ്ധി അദ്ദേഹത്തെ മറ്റു സെലിബ്രിറ്റികളിൽ നിന്ന് വ്യത്യസ്തനാക്കുന്നു. കവിയായ അച്ഛൻ രമേഷ് ടെൻഡുൽക്കർ പേന കൊണ്ട് രചിക്കുമ്പോൾ മകൻ ബാറ്റുകൊണ്ട് കാല്പനിക കവിതകൾ രചിക്കുന്നു. അച്ഛനും ജ്യേഷ്ഠനും കവികളായതുകൊണ്ടാവാം സച്ചിന്റെ ശൈലിയിലും രീതിയിലും ഒരു കവിയുടെ ശീലങ്ങളുമായി സാദൃശ്യം കാണുന്നത്. കവിത എഴുതുന്നതിനുമുമ്പ് ആശയങ്ങളും വികാരങ്ങളും ചീകിയൊതുക്കി പാകപ്പെടുത്തിയെടുക്കുന്ന പണിപ്പുര ഓരോ കവിക്കുമുണ്ട്. അതേപോലൊരു പണിപ്പുര സച്ചിനുമുണ്ട്. ഈ പണിപ്പുരയിൽ നിന്നുള്ള കഠിനാധ്വാനത്തിലൂടെയാണ് സച്ചിൻ തന്റെ ഷോട്ടുകളും ശൈലിയും വികസിപ്പിച്ചെടുത്തത്.

മാന്യതയുടെ കളിയാണ് ക്രിക്കറ്റ് എന്ന് വിശ്വസിച്ചിരുന്ന തലമുറയുടെ അവസാന കണ്ണിയാകും സച്ചിൻ. അന്നും ഇന്നും ക്രിക്കറ്റിനെ ആദരവോടെ സമീപിക്കുന്ന മുംബൈ സംസ്കാരത്തിന്റേയും, വീട്ടിൽ നിന്ന് കിട്ടിയ വളർത്തു ഗുണത്തിന്റേയും ഉത്തരമാണ് സച്ചിനിലൂടെ നമുക്ക് ലഭിക്കുന്നത്. ദീർഘവും ദുർഘടവുമായ ക്രിക്കറ്റ് ജീവിതത്തിൽ ഒരിക്കൽപോലും ഗ്രൗണ്ടിൽ വച്ചോ പുറത്തുവച്ചോ അലോസരമു
ണ്ട ാ ക്കുന്ന വാക്കോ പ്രവൃത്തിയോ സച്ചിനിൽ നിന്നുണ്ടായിട്ടില്ല എന്നത് അത്ഭുതകരമാണ്.

സച്ചിന്റെ പ്രതിഭ, നേട്ടങ്ങൾ ഇവയെക്കുറിച്ചെഴുതിയാൽ തീരില്ല. എന്നാൽ ആരാധകർ മനസ്സിലാക്കേണ്ട ഒരു വസ്തുതയുണ്ട്. സച്ചിൻ എന്നത് .അപാരമായ പ്രതിഭയുടെ ആവിഷ്കാരം മാത്രമല്ല. പ്രതിബന്ധങ്ങളുടെ ശീലത്തിന്റെ അദ്ധ്വാനത്തിന്റെ ഫലമാണത്.

നെറ്റ്

പ്രാക്ടീസിന് ആദ്യമെത്തി അവസാനം ഗ്രൗണ്ട് വിടുന്ന അക്ഷീണമായ ജാഗ്രതയുടേയും ഏകാഗ്രതയുടെയും ഫലം. സമ്മർദ്ദങ്ങളേയും പരീക്ഷണങ്ങളേയും അതിജീവിച്ച്  ഇരുപത്തിമൂന്ന് കൊല്ലം തലയെടുപ്പോടെ നിലനിൽക്കാൻ അദ്ദേഹത്തിന് തുണയായതും ഈ അർപ്പണബോധം തന്നെ. 23 വർഷം നീണ്ട ക്രിക്കറ്റ് ജീവിതത്തിൽ ഏതാണ്ട് 15 വർഷവും പരിക്കുമായി മല്ലിട്ട്  സച്ചിൻ നിലകൊണ്ടു. അപ്പോഴേയ്ക്കും ലക്ഷ്യത്തിൽ നിന്ന് കണ്ണെടുക്കാതെ സ്വയം ഉത്തേജിപ്പിച്ച് നിലനിൽക്കാൻ സച്ചിന് തുണയായത് ക്രിക്കറ്റിനോടുള്ള അടങ്ങാത്ത പ്രണയമാണ്.

തന്റെ ജീവിതത്തിൽ സച്ചിൻ നേരിട്ട ഏറ്റവും വലിയ പരീക്ഷണം താരതമ്യമാണ്. അതിൽ പ്രധാനമായത് ഡോൺ ബ്രാഡ്മാനുമായുള്ളതും. സത്യത്തിൽ അങ്ങനെയൊരു താരതമ്യത്തിനർത്ഥമില്ല. കാരണം ബ്രാഡ്മാനും സച്ചിനും കളിച്ച ക്രിക്കറ്റ് തികച്ചും വ്യത്യസ്തമായ ഗെയിമുകളാണ്. ബ്രാഡ്മാന്റെ കാലത്ത് നിന്ന് സച്ചിന്റെ കാലത്തേക്ക് എത്തുമ്പോഴേയ്ക്ക് ക്രിക്കറ്റ് അത്രമാത്രം മാറിക്കഴിഞ്ഞിരുന്നു.

രണ്ടേകാൽ പതിറ്റാണ്ട് നീണ്ട കരിയറിന് അർധവിരാമമിട്ട് സച്ചിൻ ഏകദിന ക്രിക്കറ്റിൽ നിന്ന് വിരമിച്ചപ്പോൾ ഞെട്ടാത്ത ആരാധകരുണ്ടാവില്ല. ഞാനും ഇക്കൂട്ടത്തിൽപ്പെടുന്നവനാണ്. മായൻ കലണ്ടറിന് തെറ്റിയെന്നും സച്ചിൻ വിരമിക്കൽ പ്രഖ്യാപിച്ച ഡിസംബർ 23 - നാണ് ലോകാവസാനമെന്നും ആരാധകർ ഫെയ്സ്ബുക്കിലും ട്വിറ്ററിലും എഴുതി. 23 വർഷം ക്രിക്കറ്റ് ഉള്ള നാടുകളിലെല്ലാം സച്ചിൻ നിറഞ്ഞുനിന്നു. തലമുറകളാണ് ആ വൈഭവത്തിന് സാക്ഷിയായത്. സച്ചിനേപ്പോലെ കളിക്കാൻ, കൃത്യതയോടെ സച്ചിൻ ഉതിർക്കുന്ന ഷോട്ടുകൾ ആവർത്തിക്കാൻ, കളിക്കളത്തിന് പുറത്ത് ആരാധകർ കൊതിച്ചു. സച്ചിനിസം രാഷ്ട്രീയത്തിനും മതത്തിനും അപ്പുറത്ത് ഇന്ത്യയിൽ ആഴത്തിൽ വേരോടി.

ഇന്ത്യൻ ക്രിക്കറ്റിനെന്നല്ല ലോക ക്രിക്കറ്റിനും പുതിയ ദിശാബോധം നൽകിയ കളിക്കാരനാണ് സച്ചിൻ. നേടിയ റെക്കോഡുകളുടെ എണ്ണം കൊണ്ടു മാത്രമല്ല, തന്റെ സ്വഭാവ മഹിമകൊണ്ടുകൂടിയാണ് സച്ചിൻ പ്രിയങ്കരനായത്. എന്നും അദ്ദേഹം വിവാദങ്ങളിൽ നിന്നൊഴിഞ്ഞു നിന്നു. സച്ചിനെ ക്രിക്കറ്റിന്റെ പര്യായമായി കാണുന്നതിനുപിറകിൽ കഠിനാധ്വാനവും ആത്മസമർപ്പണവും ത്യാഗവും 23 വർഷമായി രാജ്യത്തിനോടും തന്നോടും കാണിക്കുന്ന സത്യസന്ധതയുമുണ്ട്. ഇന്ത്യൻ ക്രിക്കറ്റ് കൺട്രോൾ ബോർഡിനെ ലോകത്തെ ഒന്നാംകിട സാമ്പത്തിക ശക്തിയായി വളർത്തിയതിന് പിന്നിൽ സച്ചിന്റെ അദൃശ്യമായൊരു കയ്യുണ്ട്. ക്രിക്കറ്റിനു മതമായി മാറിയപ്പോൾ അതിന്റെ സാധ്യതകളും വിപുലമായി. ഇന്ത്യയിലെ ഏറ്റവും സാമ്പത്തിക സുരക്ഷയുള്ള കരിയറായി ക്രിക്കറ്റ് മാറി. ഇന്ത്യൻ പ്രീമിയർ ലീഗ് പണക്കിലുക്കത്തിന്റെ ലീഗായി മാറിയത് ഇന്ത്യൻ ക്രിക്കറ്റിന്റെ വളർച്ചയുടെ പ്രതിഫലനങ്ങളാണ്. ഇതിനൊക്കെ പശ്ചാത്തലമായത് സച്ചിൻ എന്ന പ്രതിഭയുടെ കളിയും ജീവിതവുമാണ്.

**Message from Sachin  Tendulkar**

**Enjoy the game and chase your dreams. Dreams do come true. So do not stop chasing your dreams.**




കണ്ണൻ ജി. ആർ

II  Bio-Chemistry





Sports Day

# രാത്രി...



ലക്ഷ്മി എസ്. സോമജ
I M. A English

നിലാവിന്റെ കീഴെ
ഞാനീ തണുപ്പിൽ
ഒരുവേള നിന്നെയോർക്കുമ്പോൾ
നിർവൃതിയിലലിയുന്നീ മനം
ഈ സുഖശീതള ഛായയിൽ
ഒരു ഭയപ്പാടെന്നെ
ഇരുളാലെയൂറ്റവേ..
തുടിക്കുമെൻ ഹൃദയം
ഘോരമായ് മാറവേ
അകലെയാ പക്ഷി പറന്നുപോയി
എൻ മനതാരിലൂടൊരു ഒളിമിന്നലായ്...
ചുറ്റും ചൂഴുന്ന മരങ്ങളും
മിന്നിതെളിയുന്ന മിന്നാമിനുങ്ങും
ചന്തയിലെവിടെയോ നിരകൾ
നീങ്ങുന്ന ശബ്ദവു-
മായിരിക്കും മുഖങ്ങളെവിടെ ?
കൊതിക്കും കൂർത്ത ഞരമ്പുകൾ മാത്രം
ഓർമ്മകളിലെവിടയോ പണ്ടുകേട്ട
കഥകളായ് മാറുന്നു
ഞാനുമെൻ സ്വത്വവും.
നിലയ്കാത്ത കാൽപ്പാട്
കോമരം കെട്ടവേ
നിഴലുകൾ ശിൽപങ്ങൾ
നിഴലുകൾ ചിത്രങ്ങൾ
രൂപങ്ങൾ അനവധി
നിരവധി ചലിക്കുന്നു ചുറ്റിലും
ദൂരെ ഒരു കോവിലിൽ
ഗോപുരമുകളിൽ
ദേവികടാക്ഷം അരുളിവിളയാടുന്നു
നിഴലിൽ ജനാലകൾ
എൻ മുറിയിൽ വീഴ്ത്തിയ കള്ളികൾ
അതിലായ് കണ്ണുകളുടക്കിയോ
മെല്ലെ ഞാൻ മറന്ന
ഒരു തെളിഞ്ഞ വിളക്കെന്റെ
മുകളിലായിരിക്കുന്നു...
ഇത്രയും കണ്ടതോ കാഴ്ച്ചകൾ
എല്ലാം മായകൾ
സത്യമാം ശക്തിതൻ നിറഭേദങ്ങൾ
എനിക്കായ് കോറിയിടാനൊരു താളിൽ
മാറ്റിവെച്ച മഷിത്തണ്ടിൻ കഥപോൽ
എല്ലാം വിചിത്രം ... സുന്ദരം




# സ്വർഗ്ഗത്തിലെ മാടപ്രാവുകൾ



**നാളുകൾ അടുക്കുംതോറും എന്റെ മനസ്സ് ഒരു കടുത്ത പ്രതിഷേധത്തിന് ഇരയായി തീർന്നപോലെ. ആസംഭവം നടന്നിട്ട് ഇന്ന ഒരു വർഷം തികയുകയാണ്. ഞാറാഴ്ചയായിരുന്നതിനാൽ കുർബാനയ്ക്ക് പോയശേഷം നിറയെ പൂക്കളുമായാണ് ഞാൻ ശ്മശാനത്തിന് മുന്നിലെത്തിയത്. തികച്ചും മ്ലാനത . എങ്ങും പക്ഷികളുടെ ശബ്ദം നിലച്ചിരുന്നു.**

**ലക്ഷ്മി ബാബു**
**I Physics**

**ധീര** - പേരുപോലെ തന്നെയാണ് അവളുടെ സ്വഭാവവും. നല്ലൊരു കുടുംബത്തിലെ പെൺകുട്ടി. വലിയൊരു സ്വത്തിന്റെ ഉടമയാണ് ധീരയുടെ അച്ഛൻ ശങ്കരൻ നായർ. അമ്മ ഭാരതിയമ്മ. മരിച്ചിട്ട് ഒരു മാസം മാത്രമേ ആയിട്ടുള്ളു. ശങ്കരൻനായർ ഇതുവരെ ആ മരണത്തിൽ നിന്ന് മുക്തി നേടിയിട്ടില്ല. രക്താർബുദമാണ് മരണത്തിന്റെ കാരണം. ഭാരതി അമ്മയുടെ വേർപാടിൽ ശങ്കരൻനായർ ഒരുപാട് വേദനിച്ചിരിക്കണം.ആ വേദനയാവണം അയാളിൽ ഒരു ആത്മഹത്യയ്ക്ക് വഴി ഒരുക്കിയത്. അച്ഛനും അമ്മയും നഷ്ടപ്പെട്ട അവൾ തികച്ചും ഒരു ഭ്രാന്തിയെ പോലെ ആയിരുന്നു. അപ്പോഴാണ് ആ വിഷയം കുടുംബത്തിൽ ഒരു കലാപമെന്ന പോലെ വന്നത്. അവളുടെ സംരക്ഷണം ആര് ഏറ്റെടുക്കും എന്നത് ഒരു ചോദ്യചിഹ്നമായി മാറി. അങ്ങനെയിരിക്കുമ്പോഴാണ് കേശവൻപിള്ള അവളെ ഏറ്റെടുക്കാനായി വന്നത്. അയാളുടെ മനസ്സിൽ ഒരു ദുരുദ്ദേശം മാത്രമേ ഉണ്ടായിരുന്നുള്ളു. അവളുടെ സ്വത്തുക്കൾ തന്റെ മകന്റെപെർക്ക് ആക്കണം. "ആ പാവപ്പെട്ട സ്ത്രീ തന്റെ അമ്മ മരിക്കാൻ കിടന്ന സമയത്ത് ഒരു നല്ല വാക്കു പോലും ഇവരിൽ നിന്ന് താൻ കേട്ടില്ല".

ഇപ്പോഴാണെങ്കിലോ അമ്മാവനെന്ന് അവകാശപ്പെടുകയും ചെയ്യുന്നു. അവൾ പള്ളിയിൽ വന്ന് ഇത് തന്നോട് പറഞ്ഞപ്പോൾ എന്റെ മനസ്സിൽ ഒരു മുള്ളാണി തറച്ച വേദനയായിരുന്നു. അമ്മാവന്റെ വീട്ടിലെ ജീവിതം തികച്ചും അവൾക്ക് അസഹ്യമായിരുന്നു. അവളെ ഒരുപാട് മാനസികമായി അയാൾ പീഡിപ്പിച്ചു.

അങ്ങനെയിരിക്കെയാണ് ഞാൻ ഒരുകാര്യം ധീര വഴി അറിയുന്നത്, ധീരയെ അയാളുടെ മകനുമായി വിവാഹം കഴിപ്പിക്കാൻ ലക്ഷ്യമിടുകയാണ്. ഈ സാഹചര്യങ്ങൾ അവളെ ചൂഴ്ന്നെടുത്തെങ്കിലും അവൾ കോളേജ് വിദ്യാഭ്യാസം പാതിവഴിയാക്കിയില്ല. അങ്ങനെയാണ് എന്റെ കോൺവെന്റിലെ ജോസ് എന്ന സീനിയർ വിദ്യാർത്ഥി അവൾക്ക് പ്രിയപ്പെട്ടവനാകുന്നത്. ഞാൻ ഇതുവരെയും എന്റെ പേര് വെളിപ്പെടുത്തിയില്ലല്ലോ. എന്റെ പേര് സിസ്റ്റർ ഡെയ്സി മേരി. സിസ്റ്റർ ഡെയ്സി എന്നാണ് എല്ലാവരും വിളിക്കുന്നത്. ജോസിന് അച്ഛനോ അമ്മയോ ഇല്ലായിരുന്നു.ഞാനാണ് അവനെ വളർത്തിയിരുന്നത്.

എല്ലാ ഞായറാഴ്ചകളിലും അവൾ കുർബാനയ്ക്ക് വരുന്നത് ഞാൻ ശ്രദ്ധിച്ചിരുന്നു. ഒരു ദിവസം അവൾ എന്തോ പറയാൻ എന്നോട് തിടുക്കപ്പെടുന്നത് പോലെ എനിക്ക് തോന്നി. അവൾ പള്ളിയുടെ വാതിലിൽ നിന്ന് ഏറെ നേരം എന്നോട് സംസാരിച്ചു. ജോസായിരുന്നു ആ വിഷയത്തിൽ ഏറെയും. എനിക്കൊരു കാര്യം പിടികിട്ടിയിരുന്നു. അവർ ആത്മാർത്ഥമായ സ്നേഹത്തിലാണ്.എന്നാൽ അതേസമയം എന്റെ മനസ്സ് വിതുമ്പുകയായിരുന്നു. ജാതിയും, മതവും, കുടുംബബന്ധങ്ങളും എല്ലാം വലിചെറിഞ്ഞു കൊണ്ടുള്ള ആ പ്രണയം എവിടെ അവസാനിക്കും.അങ്ങനെ ഇരിക്കുമ്പോഴാണ് ഞാൻ ജോസിന് ഒരു ജോലി തരപ്പെടുത്തിയത്. ആ ശനിയാഴ്ച അവന് നിയമനം ഉറപ്പുവരുത്താൻ പോകേണ്ടി വന്നു. ഇത് ധീരയെ അവൻ അറിയിച്ചിരുന്നു.അന്ന് വൈകിട്ട് അവളോട് പള്ളിയിലെ ശ്മശാനത്തിന് സമീപമുള്ള റോഡിൽ കാത്തിരിക്കാൻ പറഞ്ഞത്രേ. എന്നാൽ വിധി മറ്റൊന്നായിരുന്നു. ജോസിനു പകരം ഞാനാണ് അവിടെ ചെന്നത്. അപ്പോൾ അവിടെ അവൾ ഉണ്ടായിരുന്നു .അന്നുച്ചയ്ക്ക് അവൻ ഒരു അപകടത്തിൽ മരിച്ചു എന്ന് ഞാൻ പറയുമ്പോൾ ആ തെരുവിലടെ നിലവിളിച്ച് കൊണ്ട് അവൾ പോകുന്ന കാഴ്ച വളരെ ദയനീയമായിരുന്നു. അന്ന് രാത്രിയിൽ അതും സംഭവിച്ചു. ആത്മഹത്യചെയ്യുമെന്ന ഞാൻ മനസ്സിൽ പോലും കരുതിയതല്ല. അവളുടെ ആത്മഹത്യാകുറുപ്പ് എന്റെ കൈയ്യിലാണ് ഏൽപ്പിച്ചത്.അവളുടെ പേരിലുള്ള എല്ലാ സ്വത്തുകളും അവൾ അനാഥാലയത്തിന് സമർപ്പിച്ചിരുന്നു. പൊലിഞ്ഞുപോയ ആ രണ്ട് ജീവനുകൾക്കും ഞാൻ സാക്ഷിയാകേണ്ടിവന്നു.

ഇന്ന് ആ ജീവനുകൾ പൊലിഞ്ഞിട്ട് ഒരു വർഷം പിന്നിടുന്നു. ആ സ്നേഹബന്ധങ്ങളുടെ ശവക്കല്ലറയ്ക്ക് മുന്നിൽ ഞാൻ പൂക്കൾ അർപ്പിക്കുമ്പോൾ എന്തെന്നില്ലാത്ത വേദനയുമായി ഞാൻ നിന്നു. കരയാൻ കണ്ണീരില്ല, ദു:ഖങ്ങൾക്ക് സാക്ഷിയാകാൻ സ്നേഹബന്ധങ്ങളുമില്ല. അവിടുന്നു തിരിഞ്ഞു നടക്കുമ്പോൾ രണ്ട് മാടപ്രാവുകൾ എന്റെ തലയ്ക്ക് മുകളിലൂടെ പറന്ന് പോയ കാഴ്ച അവിശ്വസനീയമായിരുന്നു.

അതെ അവർ ഒരിക്കലും മരിച്ചിട്ടില്ല പകരം സ്വർഗ്ഗത്തിലെ മാടപ്രാവുകളായി കഴിയുകയാണ്.


Amrutha Travels

Ph: 0474 2713463
08086329435
Mangadu P.O., Kollam




വിവാഹ-വിനോദ-തീർത്ഥാടന യാത്രകൾക്ക്




# സർവ്വേ റിപ്പോർട്ട്

"2012-2013 ലെ കോളേജ് മാഗസിന് വേണ്ടി സംഘടിപ്പിച്ച ക്യാമ്പസ് സർവ്വേയിൽ 80% വിദ്യാർത്ഥികളും പൂർണ്ണമായി സഹകരിച്ചു. ക്യാമ്പസിലെ വിദ്യാർത്ഥികളുടെ അഭിരുചികളും താൽപര്യങ്ങളും വീക്ഷണങ്ങളും കണ്ടെത്തുവാനായി നടത്തിയ ഈ സർവ്വേയിൽ വളരെ ക്രിയാത്മകവും വിമർശനാത്മകവും നർമ്മരസപ്രഭാവുമായ അഭിപ്രായങ്ങൾ പങ്കുവെച്ച എല്ലാ സുഹൃത്തുക്കൾക്കും നന്ദി".



**കാ**ലാനുസൃതമായ മാറ്റത്തിന് വിധേയമാകുന്ന സമൂഹത്തിൽ ധാർമ്മികതയും മാനുഷികമൂല്യങ്ങളും നാമാവശേഷമായികൊണ്ടിരിക്കുമ്പോൾ, "സമൂഹത്തിൽ നിങ്ങൾ ഭാവിയിൽ എന്ത് ചെയ്യാൻ ആഗ്രഹിക്കുന്നു"? എന്ന ചോദ്യത്തിന് വൈവിധ്യമാർന്ന ഉത്തരങ്ങളാണ് വിദ്യാർത്ഥിപക്ഷത്ത് നിന്നും ലഭിച്ചത്. *സമൂഹത്തിൽ ദുരിതമനുഭവിക്കുന്ന ജനങ്ങളെ സഹായിക്കുമെന്നും, പട്ടിണിമരണങ്ങൾ ഇല്ലാതാക്കുമെന്നുമുള്ള ഉത്തരങ്ങൾ ആധുനിക ലോകത്തിന് പുത്തൻപ്രതീക്ഷകൾ നൽകുന്നു. എന്നാൽ, ഈ ചോദ്യത്തിന് ഒരു കല്യാണം കഴിച്ച് സമൂഹത്തിനെപരിപോഷിപ്പിക്കുമെന്ന് എഴുതിയവരും നമ്മുടെ ക്യാമ്പസിൽ കുറവല്ല.*

യുവജനങ്ങൾക്കിടയിൽ വായനാശീലം വിരളമായിക്കൊണ്ടിരിക്കുകയാണെങ്കിലും, **വൈക്കം മുഹമ്മദ് ബഷീറിന്റെ** പുസ്തകങ്ങളെ പ്രണയിക്കുന്നവരാണ് ക്യാമ്പസ്സിൽ ഭൂരിഭാഗവും. ഒ.എൻ.വി കുറുപ്പിന്റെ കവിതകളും എസ്.കെ.പൊറ്റക്കാടിന്റെ യാത്രാവിവരണവും കമലാദാസിന്റെ ആത്മകഥകളും ക്യാമ്പസിന്റെ വായനാശീലങ്ങളുടെ ഭാഗമായി മാറുന്നുണ്ട്. ഇംഗ്ലീഷ് സാഹിത്യത്തേക്കാൾ മലയാളസാഹിത്യത്തോടാണ് വിദ്യാർത്ഥി ഭൂരിപക്ഷം അനുഭാവം പ്രകടിപ്പിച്ചത്

ജനാധിപത്യരാഷ്ട്രത്തിൽ വ്യക്തമായ രാഷ്ട്രീയ ബോധമുണ്ട് എന്ന് തെളിയിക്കുന്ന രീതിയിലുള്ള പ്രതികരണമാണ് ഇഷ്ടപ്പെട്ട രാഷ്ട്രീയ നേതാവാര് എന്ന ചോദ്യത്തിന് ലഭിച്ചത്. മുൻ കേരളാ മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവുമായ **സഖാവ് വി.എസ്. അച്യുതാനന്ദ**നാണ് മികച്ച രാഷ്ട്രീയനേതാവ്.

സിനിമ എന്ന കലയുടെ പ്രാധാന്യവും ജനപ്രീതിയും വർദ്ധിക്കുന്നുവെന്ന ബോധ്യത്തിൽ സിനിമാ രംഗത്ത് നിന്നും അനവധി ചോദ്യങ്ങൾ സർവ്വേയിൽ ഉൾപ്പെടുത്തിയിരുന്നു. ന്യൂജനറേഷൻ സിനിമകൾ എന്ന ചെല്ലപ്പേരിൽ അറിയപ്പെടുന്ന ചലച്ചിത്രരംഗത്തെ പുത്തൻപരീക്ഷണങ്ങൾ, ക്യാമ്പസ് ഹൃദയങ്ങളെ കീഴടക്കുന്നു എന്ന സത്യം സാധൂകരിക്കും വിധം ഭൂരിഭാഗം വിദ്യാർത്ഥികളും ഇഷ്ടപ്പെടുന്നത് **'ഉസ്താദ് ഹോട്ടൽ'** എന്ന സിനിമയാണ് അതോടൊപ്പം തന്നെ തട്ടത്തിൻ മറയത്ത്, ഹാപ്പിഡേയ്സ്, ക്ലാസ്മേറ്റ്സ്, 3 ഇഡിയറ്റ്സ്, നിറം എന്നീ സിനിമകളും കൂട്ടുകാർക്ക് പ്രിയങ്കരം തന്നെ.

20-20യിലെ പോരാട്ടത്തെ അനുസ്മരിപ്പിച്ചുകൊണ്ട് മികച്ച നടനായി മാറുവാൻ മലയാളക്കരയുടെ സ്വകാര്യ അഹങ്കാരങ്ങളായ ലാലേട്ടനും മമ്മൂക്കയും തമ്മിൽ തീപാറുന്ന പോരാട്ടമാണ് നമ്മുടെ ക്യാമ്പസ്സിൽ നടന്നത്. മാഗസിൻ കമ്മിറ്റിയെപ്പോലും അത്ഭുതപ്പെടുത്തി **ലാലേട്ടനും മമ്മൂക്ക**യ്ക്കും തുല്യവോട്ടുകളാണ് സർവ്വേയിൽ ലഭിച്ചത്. അന്യഭാഷ നടന്മാരിൽ സൂര്യയ്ക്കും യുവതാരങ്ങളിൽ ദുൽഖർ സൽമാനും ഫഹദ് ഫാസിലിനും നമുക്കിടയിൽ ആരാധകരുണ്ട്.

ഇഷ്ടപ്പെട്ട സംവിധായകനായി ക്യാമ്പസ്സിലെ ഭൂരിഭാഗവും തിരഞ്ഞെടുത്തത് **രഞ്ജിത്തി**നെയാണ്. ലാൽജോസ്, കമൽ, ബ്ലെസ്സി, ആഷിഖ് അബു എന്നിവരെയും ആരാധിക്കുന്നവരും ക്യാമ്പസ്സിൽ കുറവല്ല.



ക്യാമ്പസ്സിന്റെ ഇഷ്ടപ്പെട്ട നടിയായി **സംവൃതാ സുനിൽ** തിരഞ്ഞെടുക്കപ്പെട്ടപ്പോൾ, കാജൽ അഗർവാൾ അന്യഭാഷ നടിമാരിൽ ക്യാമ്പസ്സിന് പ്രിയങ്കരിയായി. പുതിയ നായികമാർ അനേകം വന്നിട്ടും, മഞ്ജു വാര്യരോടും ശോഭനയോടും ക്യാമ്പസ്സിന് ഇഷ്ടം കുറഞ്ഞിട്ടില്ല. ചലച്ചിത്ര സംബന്ധമായ ചോദ്യങ്ങൾക്കൊടുവിൽ സന്തോഷ് പണ്ഡിറ്റിനെ ആരാധിക്കുന്ന 15 പേരെയും 'കൃഷ്ണനും രാധയും' എന്ന ചിത്രം ഇഷ്ടപ്പെടുന്ന എട്ട് സഹൃദയരേയും ക്യാമ്പസ്സിൽ ഞങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

ഇഷ്ടപ്പെട്ട കായികതാരമായി ഭൂരിഭാഗം വിദ്യാർത്ഥികളും തിരഞ്ഞെടുത്തത് God of Cricket എന്നറിയപ്പെടുന്ന **സച്ചിൻ തെൻഡുൽക്കറെയാണ്**. ഇന്ത്യൻ ക്രിക്കറ്റ് ക്യാപ്റ്റൻ ധോണിയേയും വൈസ് ക്യാപ്റ്റൻ വിരാട് കോഹ്‌ലിയേയും ഇന്ത്യൻ ബാഡ്മിന്റണിന്റെ പുത്തനുണർവ്വ് സൈനാ നെഹ്‌വാളിനെയും ഇഷ്ടപ്പെടുന്നവരാണ് ക്യാമ്പസ്സിലെ മറ്റു വിദ്യാർത്ഥികൾ. കരിക്കോടിന്റെ അഭിമാനതാരമായ ഫുട്ബോൾ താരം കണ്ണനെയും ഇഷ്ടപ്പെടുന്നവർ ക്യാമ്പസ്സിലുണ്ട്.

ഇഷ്ടപ്പെട്ട വിദ്യാർത്ഥിനേതാവായി ക്യാമ്പസ്സിലെ 90% വിദ്യാർത്ഥികളും തെരഞ്ഞെടുത്തത് കോളേജ് യൂണിയൻ ചെയർമാൻ **അതുൽ.ബി നാഥിനെ** തന്നെയാണ്. ഇഷ്ടപ്പെട്ട അധ്യാപകർ ആരെന്ന ചോദ്യത്തിന് വിവിധ ഉത്തരങ്ങൾ ലഭിച്ചുവെങ്കിലും സുമിത്രാ ദേവി ടീച്ചർ, രഘുസാർ, ഷാജിദാ മിസ്സ്, സനൂജ് സാർ, ഷൈനി ടീച്ചർ, ഷാജി സാർ എന്നിവർ വിദ്യാർത്ഥി ഹൃദയങ്ങൾ കീഴടക്കിയെന്ന് സർവ്വേഫലങ്ങൾ തെളിയിക്കുന്നു.



കോളേജ് യൂണിയനിലെ ജനപ്രീയ അംഗമാരെന്ന ചോദ്യത്തിന് ആകാശ് ചന്ദ്രൻ, അതുൽ ബി. നാഥ്, ഷജിൻ എന്നിവർ തമ്മിൽ ശക്തമായ മത്സരമാണ് നടന്നത്. നേരിയ വ്യത്യാസത്തിൽ **ആകാശ് ചന്ദ്രൻ** കോളേജ് യൂണിയനിലെ ജനപ്രീയ അംഗമായി തിരഞ്ഞെടുക്കപ്പെട്ടു. കോളേജിലെ മികച്ച കോമേഡിയനായി കോമേഴ്സ് ഡിപ്പാർട്ട്മെന്റിലെ **ഷംനാദ്** തെരഞ്ഞെടുക്കപ്പെട്ടു. ആകാശ്, നൗഫൽ എന്നീ പേരുകളും ഈ ചോദ്യത്തിന് ഉത്തരങ്ങളായി ഉയർന്നു വന്നു.

കോളേജിലെ ബ്യൂട്ടി ക്വീൻ ആരാണെന്ന ചോദ്യത്തിന് അധ്യാപികമാരുടെ പേരാണ് ഭൂരിഭാഗവും എഴുതിയത്. ഈ ചോദ്യത്തിന് ഏറ്റവും കൂടുതൽ പേർ എഴുതിയ മറ്റൊരുത്തരം, **'ഞാൻ'** എന്നാണ്. വിദ്യാർത്ഥിനികളിൽ ബ്യൂട്ടിക്വീൻ എന്ന ചോദ്യത്തിനു സർവ്വേയിൽ ഉയർന്നു കേട്ട പേരുകൾ, ആര്യ സിദ്ധാർത്ഥ്, ലക്ഷ്മി മോഹൻ, ആയിഷ, ഗോപിക എന്നിവയാണ്.

കോളേജിൽ ഏറ്റവും കൂടുതൽ ഇഷ്ടം തോന്നിയ വ്യക്തിയാരെന്ന ചോദ്യത്തിന്, പ്രിൻസിപ്പൽ അബ്ദുൽ റസാഖ് സാറിന്റെയും മജീദ് സാറിന്റെയും പേരുകളാണ് ഭൂരിഭാഗവും അഭിപ്രായപ്പെട്ടത്. ഷജിൻ, അതുൽ.ബി.നാഥ്, ലക്ഷ്മി മോഹൻ എന്നിവരും വിദ്യാർത്ഥികളുടെ ഇഷ്ടം പിടിച്ചുപറ്റിയവരാണെന്ന് സർവ്വേ റിപ്പോർട്ട് തെളിയിക്കുന്നു. സുനിയണ്ണനെ ഇഷ്ടപ്പെടുന്നവരും ക്യാമ്പസ്സിൽ കുറവല്ല.



ഏറ്റവും കൂടുതൽ സുന്ദരൻമാരും സുന്ദരികളുമുള്ള ഡിപ്പാർട്ട്മെന്റായ ഭൂരിഭാഗം വിദ്യാർത്ഥികളും തെരഞ്ഞെടുത്തത് ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റിനെയാണ്. **'ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റ്'** എന്ന് ഉത്തരമെഴുതിയപ്പോഴും ബ്രാക്കറ്റിൽ 'സുന്ദരിമാരുണ്ട്, സുന്ദരൻമാരില്ല' എന്നും അഭിപ്രായപ്പെട്ടവർ കുറവല്ല.

കോളേജിലെ പ്രിയപ്പെട്ട സ്ഥലം ഏതെന്ന ചോദ്യത്തിന് ഭൂരിഭാഗം പേരും അഭിപ്രായപ്പെട്ടത്, **ഗുൽമോഹർ മരത്തിന്റെ കീഴിലായിട്ടുള്ള പഴയസ്റ്റേജ് പ്ലാറ്റ്ഫോമാണ്.** പ്രിൻസിപ്പലിന്റെ റൂമും സുവോളജി ലാബും പ്രിയപ്പെട്ടതായി അഭിപ്രായപ്പെട്ട പലരും നമുക്കിടയിലുണ്ട്.

കോളേജ് ജീവിതത്തിൽ മറക്കാനാകാത്ത ദിവസം ഏതാണെന്ന ചോദ്യത്തിന് വിവിധ ഉത്തരങ്ങളാണ് ലഭിച്ചത്. അഡ്മിഷൻ ലഭിച്ച ദിവസം, പ്രണയം പൂവണിഞ്ഞ ദിവസം, സസ്പെൻഷൻ കിട്ടിയ ദിവസം ഇങ്ങനെ പലവിധ ഉത്തരങ്ങൾ ലഭിച്ചു. കോളേജ് യൂണിയൻ നടത്തിയ യൂണിയൻ ഉദ്ഘാടനവും ആർട്സ് ഡേയും മറക്കാനാവാത്ത മുഹൂർത്തങ്ങൾ സമ്മാനിച്ചിട്ടുണ്ടെന്ന് സർവ്വേ റിപ്പോർട്ട് സൂചിപ്പിക്കുന്നു.

ഓരോ പീരിയഡിനിടയ്ക്കും അറ്റൻഡൻസ് എടുക്കേണ്ട ആവശ്യമുണ്ടോ എന്ന ചോദ്യത്തിന് ഭൂരിഭാഗം വിദ്യാർത്ഥികളും 'ഒട്ടും ആവശ്യമില്ല' എന്ന ഉത്തരമാണ് ലഭിച്ചത്.



നിങ്ങളെ ഒരു ദിവസത്തേയ്ക്ക് പ്രിൻസിപ്പൽ ആയി നിയമിച്ചാൽ എന്തുമാറ്റം വരുത്തുമെന്ന ചോദ്യത്തിന് 'കോളേജിൽ 10 ദിവസത്തേക്ക് അവധി നൽകും', കോളേജ് പെയിന്റടിക്കും, 'ലൈബ്രറി വൃത്തിയാക്കും' എന്നീ മറുപടികളാണ് വിദ്യാർത്ഥിപക്ഷത്ത് നിന്നും ലഭിച്ചത്. വിദ്യാർത്ഥികൾക്ക് യാതൊരു അഭിപ്രായവുമുണ്ടായിരുന്നില്ല.

കോളേജ് യൂണിയനെപ്പറ്റിയുള്ള അഭിപ്രായം ആരാഞ്ഞപ്പോൾ വിദ്യാർത്ഥികളിൽ നിന്നും സമ്മിശ്രപ്രതികരണമാണ് ലഭിച്ചത്. 70ശതമാനം വിദ്യാർത്ഥികൾ കോളേജ് യൂണിയൻ മികച്ചതായിരുന്നുവെന്ന് അഭിപ്രായപ്പെട്ടപ്പോൾ, യൂണിയന്റെ പ്രകടനം തൃപ്തികരമായിരുന്നുവെന്ന് 15ശതമാനം വിദ്യാർത്ഥികളും പറഞ്ഞു. 10ശതമാനം വിദ്യാർത്ഥികൾ കോളേജ് യൂണിയന്റെ പ്രകടനം മോശമായിരുന്നുവെന്ന് പറഞ്ഞപ്പോഴും, 5ശതമാനംആർട്സ് ഡേയെപ്പറ്റിയുള്ള അഭിപ്രായം എന്താണെന്നുള്ള ചോദ്യത്തിന്, ഭൂരിഭാഗം വിദ്യാർത്ഥികളും 'അടിപൊളി' എന്ന് അഭിപ്രായപ്പെട്ടു. കലാപരിപാടികൾ വിലയിരുത്താൻ വരുന്ന ജഡ്ജസ്സിന്റെ നിലവാരംമെച്ചപ്പെടുത്തേണ്ട ആവശ്യം അറിയിച്ചവരും എണ്ണത്തിൽ കുറവല്ല.

കോളേജിൽ എന്തൊക്കെ വികസനങ്ങൾ വരുത്തുമെന്ന ചോദ്യം, വിദ്യാർത്ഥികളുടെ മനസ്സിന്റെ വീർപ്പുമുട്ടലിന് വിരാമം കുറിക്കാൻ ഒരു അവസരമായി മാറി. പുതിയൊരു വെയിറ്റിംഗ് ഷെഡ്, വിഭവസമൃദ്ധമായ ആഹാരങ്ങളുള്ള ഒരു കാന്റീൻ, എ.സി.ക്ലാസ്സ് റൂം എന്നീ അഭിപ്രായങ്ങൾ വിദ്യാർത്ഥികൾ മുന്നോട്ട് വെച്ചപ്പോൾ, കോളേജിൽ കൂടുതൽ സ്വാതന്ത്ര്യം അനുവദിക്കണമെന്നാവശ്യം വിദ്യാർത്ഥികൾ ശക്തമായി ഉന്നയിച്ചു.

ക്യാമ്പസ്സ് സർവ്വേയിൽ സജീവമായി പങ്കെടുത്ത്, ആശയസംവേദനം നടത്തിയ ടി.കെ.എം.കോളേജിലെ എല്ലാ വിദ്യാർത്ഥിസഖാക്കൾക്കും മാഗസിൻ കമ്മിറ്റിയുടെ പേരിൽ അഭിവാദ്യങ്ങൾ അർപ്പിക്കുന്നു.

**ആകാശ് ചന്ദ്രൻ**
**മാഗസിൻ എഡിറ്റർ**









Inauguration Of Poster Presentation Competetion By Prof. Abdul Majeed



Seminar on: Protection of Women - Legal Framework in India by B. Krishnakumar ACP, Kollam






Artist K.V. Jyothilal Judging the Poster Presentation Competition



Lekshmi Mohan, Lady Representative felicitating the Seminar



Women's Club



Exhibition of Handicrafts by Women's Club









# എൻ പ്രിയ സ്വപ്നം



ഫൗസിയ എ. ആർ.
II Botany

ജീവിതമാകുന്ന പാതയിൽ മുന്നേറുമ്പോൾ,
ദുഃഖവും സന്തോഷവും നിറഞ്ഞൊരാനിമിഷം
ആ പാതയിൽ എൻ ഘാതകനായി വന്നുനിൽപൂ
വലിയോരു പേടിയിൽ ആഴ്ന്നുനിന്നു ഞാൻ.
എല്ലാം മറന്നു പുതിയൊരുജീവിതം തുടങ്ങവേ
പേടി സ്വപ്നമായി എൻ മുന്നിൽ വന്നു നിൽപൂ
അനുരാഗതരംഗമായി മിന്നി മിന്നി നിൽക്കവേ
ആരും കാണാതെ ഒരു നോട്ടം എന്നിലർപ്പിക്കവേ
ഒരിക്കലും മറക്കാത്തൊരു സ്വപ്നത്തിനുമേൽ
നീറി നീറി എൻ മനമുരുകവേ
ഉള്ളിലൊതുക്കി നീണ്ടൊരാസ്വപ്നം
അരുതാത്തതെങ്കിലും എൻ മനം അതിലാണ്ടുപോയി.

പലവട്ടം മറക്കാൻ ശ്രമിച്ചൊരാസ്വപ്നത്തിനുമേൽ
അറിയാതെ എൻ മുന്നിൽ പ്രത്യക്ഷനായി വന്നു
അറിവോടെ അതു ഞാൻ നികത്താൻ ശ്രമിക്കവേ
വീണ്ടും ആ സ്വപ്നം അറിയാതെ എന്നെ തകർക്കുന്നു.
സ്വപ്നങ്ങൾ ഒരുക്കുവാൻ പലവട്ടം ശ്രമിക്കവേ
അറിയാതെ എൻ മനം ദുഃഖത്തിലാഴുന്നു
ഇനിയെന്തു ചെയ്യുമെന്ന് പലവട്ടം ഓർക്കവേ
വിധിപോലെ എല്ലാം നടന്നീടുമെന്നൊരാവിശ്വാസം
തള്ളിക്കളയില്ലതു വെറുമൊരു സ്വപ്നമായ്
എൻ മനസ്സിൽ കുറിച്ചൊരാനിമിഷം
അറിയാതെ എന്നെ ദുഃഖത്തിലാഴ്ത്തുന്നു
ഒരിക്കലും മറക്കില്ല എൻ പ്രിയ സ്വപ്നം.





# കിനാവ്



ഷഹാന
I B.Com

ഒരു പകൽ കിനാവുപോലെയെൻ
അകതാരിൽ വന്നണഞ്ഞു നിൻമുഖം
ഓർമ്മയായ്, തലോടലായ്, ഒരു സാന്ത്വനമായ്
എന്നും എൻ മിഴികളിൽ...

മയിൽപീലിയാം എൻ തൂവൽ കൊട്ടാരത്തിൽ
മഞ്ഞുതുള്ളിയാം നിൻ കരസ്പർശവും
പേമാരിയായി നീ മീട്ടിയ നാദവും
എല്ലാമെൻ കിനാവായി മാറുന്നു

നിൻ മിഴിനീർത്തുള്ളികൾ
ഒരുതലോടലായ് മാറുമ്പോൾ
എന്നോ ഇറ്റുപോയ ആ പ്രണയത്തിൽ
വസന്തം പൂത്തുലഞ്ഞു നിൽക്കുന്നു

കിനാവുകൾ പകൽപോലെ മായുമ്പോൾ
കടന്നു വരുന്നു നിൻപുഞ്ചിരി എൻകണ്ണുകളിൽ
ഒരിക്കലും മറക്കാത്ത വർണ്ണവസന്തങ്ങൾ
എന്നുമെൻ സ്വപ്നങ്ങളിൽ കൂടുകെട്ടി പാർക്കും

ഒരു മാൻപേടയുടെ ആത്മബലിയുമായി
നീ എൻ അരികത്തെത്തിയപ്പോൾ
നിഷ്കളങ്കമായ നിൻ നോട്ടം
എൻ ഹൃദയതാളമായി മാറി

എന്നും മനസ്സിൽ ഓർത്തുവെയ്ക്കും
ചില സ്വപ്നനിമിഷങ്ങളിൽ
കൂട്ടായ്, കുളിരായ് തഴുകിടും
നിൻ പ്രണയ വർണ്ണങ്ങൾ എനിക്കു കൂട്ടായി

ആ പകൽക്കിനാവ് ഇരുട്ടിലേക്ക്
കാൽ വെയ്ക്കുമ്പോൾ
ഒരുമിച്ച് പറക്കാം നമുക്കാ-
സ്വപ്ന കുടീരത്തിലേക്ക്

# ജീവിതസഖി



സമീഹ നസീർ
II Mathematics

ഈറൻ തലോടലാൽ മായുന്ന സായം സന്ധ്യതൻ
കൂടെ മായുന്നു എന്നിലെ മോഹങ്ങൾ
ജീവിതയാത്രയിൽ അരികത്തിരുന്നതിൻ
വേർപാടിൻ വേദനയറിയുന്നു ഞാനിന്ന്
അന്നുമിന്നുമെൻ മാനസത്തിൽ
മിന്നീടുന്നൊരു പൊൻപളുങ്കുപോൽ
നിന്നെ പുണരുന്ന നിലാവായ് നിന്നോടൊപ്പം
ഞാനന്നുമിന്നും നീയറിയാതെ
എൻ പാട്ടിലെ ശ്രുതിയായ് ലയമായ്
എൻ കാതിനൊരു കിളിനാദമായ്
എൻ ചുണ്ടിലെ തേൻകണമായ്
അലിയുന്നു നീ മനസ്സിൻ മധുകണമേ
അകലെയാണെങ്കിലും പൂവേ നിൻ
തേൻ നുകരുന്ന വണ്ടായി
നിൻ നിശ്വാസമായ് നിന്നിലലിയുവാൻ മോഹം
രാക്കിളിപ്പാട്ട് കേൾക്കുന്നൊരീ
രാവിന്റെ കുളിർമ്മയിൽ ഓർക്കുന്നു ഞാൻ
വിടപറയാതെ നീ പോയ രാത്രി
ഒരു വാക്കിനൊരുവാക്കുചൊല്ലാതെ നമ്മൾ
ഒരുപാട് നേരം തനിച്ചിരുന്നു.
പറയാനുണ്ടേറെ പരിഭവങ്ങൾ പക്ഷേ
വിറയാർന്ന ചുണ്ടിൽ തടഞ്ഞുനിന്നു.
കണ്ടില്ല നീയെൻ കണ്ണിൽ
ഉറവപൊട്ടിയൊരശ്രുബിന്ദുക്കളെ
നാലഞ്ചുനാഴിക മുന്നോട്ട് നീങ്ങവേ
മൗനത്തിൻ നൊമ്പരം കൂടിവന്നു.
പിരിയുന്ന നേരമായപ്പോൾ നീ
മുഖമുയർത്തീടുന്നു വെമ്പലോടെ
ഒരു നോക്കുകൊണ്ടുനീ ചൊന്നതെന്തെ
ന്നറിയാൻ കൊതിപ്പൂ ഞാനന്നുമിന്നും
പറയാനുണ്ടേറെ രഹസ്യമെല്ലാം
എൻ നനവാർന്ന കണ്ണിൽ വിതുമ്പിനിന്നൂ
കണ്ടിട്ടും കാണാത്ത ഭാവത്തിൽ നീയെത്ര
എന്നെ തനിച്ചാക്കി നടന്നകന്നൂ
സുന്ദരസ്വപ്നങ്ങൾ തഴുകിയ
സൗഗന്ധികങ്ങളും തകർന്നുവീണു
തുണയില്ലാതെയായ് കാത്തിരിപ്പൂ
ഇന്ന് തണലറിയാത്ത മനസ്സുമായ് ഞാൻ.

# ഉയിർച്ച

ഓർമ്മയിലെ ഒരുനാളിൽ
അറിയാതെ ഒന്നു ഓർത്തുപോയി
ഞാനൊരു പുഴയായി
ഞാനൊരു കുളിരായി
ഞാനൊരു സ്വപ്നമായി നിന്നു
ആ സ്വപ്നം എന്നോടുചൊല്ലി
ആ സ്വപ്നത്തിൻ മാഹാത്മ്യമെന്നോ
ആ സ്വപ്നത്തിൻ ആത്മാർത്ഥതയെന്നോ
ആ ഉത്കണ്ഠ സ്നേഹത്തിൽ നിന്നോ
ഗുരുശിഷ്യ ബന്ധത്തിൽ നിന്നോ
ഞാനൊരു ശലഭമായി വളർന്നു
ഓർമ്മകൾ ധാരാളിയായ
ഒരു പറക്കുന്ന ശലഭമായി മാറി.

ഫാത്തിമ എ. ആർ.
I Zoology





അജ്മി എ.
I Botany

# പ്രണയത്തിൻ പൂക്കാലം

എൻ മനസ്സിൽ ആദ്യമായിട്ടൊരുനാൾ
നിൻമുഖം പതിഞ്ഞു
അന്നുതൊട്ടെന്നും എന്റെ കണ്ണുകൾ
നിന്നെത്തേടി അലയും
നീ യുഗങ്ങളായ് എന്നെ അറിയുന്നു
എന്ന സത്യം ഞാനറിഞ്ഞത് വൈകിയാണ്
എന്നും നീ പ്രത്യക്ഷപ്പെടും വഴിവക്കിൽ
എന്നെ ഒരു നോക്ക് കാണാൻ
നീ എന്നെ വീക്ഷിക്കുമ്പോൾ
എന്റെ മനതാരിൽ കുളിർകോരിയണയും
നിന്റെ സ്നേഹം ഞാനറിഞ്ഞപ്പോൾ
ഞെട്ടിത്തിരിച്ചുപോയീ ഞാൻ
താളം തെറ്റിയ വീണപോൽ
നിൻ പ്രണയം എന്നെ വല്ലാതെ വേദനിപ്പിച്ചു
മമഹൃത്തിൽ നിന്നോടുള്ള സഹതാപം നിറഞ്ഞു
നിന്നെ കാണുമ്പോഴേല്ലാം
എൻ മനസ്സിൽ താളമിടിപ്പുകൾ കൂടും.

നീ എന്നെ എത്രയോ സ്നേഹിച്ചിരുന്നു.
ആ സ്നേഹത്തിന്റെ ആഴം ഞാനറിഞ്ഞില്ല.
അറിയാത്തതുപോലെ നടിച്ചതാവും ഞാൻ.
ആ സ്നേഹം അറിഞ്ഞപ്പോഴേക്കും
ഒരുപാട്  വൈകിപ്പോയി രണ്ടാളും
എങ്കിലും ഇപ്പോഴും എപ്പോഴും
ആ പ്രണയത്തെകുറിച്ചോർക്കുമ്പോൾ
നിർവൃതിയണയും ഞാൻ
ഞാനൊരു പൂത്തപൂമരമായ് നിൽക്കുമ്പോൾ
പൂത്തുലഞ്ഞ പൂമരത്തിലെ പൂവിനെ
കാണാനെത്തും വണ്ടിനെപോലെ
നീ ഇന്നും എന്നെ കാണാൻ കാത്തിരിക്കുന്നു
എന്ന സത്യം ഞാനറിയുന്നു.





രമ്യാകൃഷ്ണൻ ആർ. കെ
I B.Com

# മൂടുപടം ഉയരുമ്പോൾ...!

സന്ധ്യയുടെ ഇളംചുവപ്പിൽ പകൽ മരിക്കുകയാണ്. ഇടതൂർന്ന മരങ്ങളുടെ ഉച്ചിയിൽ കൂടണയുന്ന അമ്മക്കിളിയുടെ ചിറകടി മാലിനി ജനാലിലൂടെ പുറത്തേക്ക് നോക്കിയിരിക്കുകയാണ്. ഒന്നും പ്രതികരിക്കുന്നില്ല. മറ്റുള്ളവരുടെ എല്ലാ പ്രകടനവും കഴിഞ്ഞു. അവൾ പ്രതികരിക്കുന്നില്ല. പുറമേയുള്ള തിരക്കുപിടിച്ച ലോകം കാണുന്നുണ്ടോയെന്ന് പോലും അറിയില്ല ആ ഇരിപ്പു കണ്ടാൽ. പക്ഷേ, കണ്ണുകൾ അങ്ങോട്ട് തുറന്നിരിക്കുക തന്നെയാണ്. വികാരമില്ലാത്ത ഒരു കംപ്യൂട്ടർ ആണോ അവൾ! ചിലപ്പോൾ തോന്നും ജീവിതത്തിന്റെ അങ്ങേയറ്റവും ചിലപ്പോൾ തോന്നും, ജീവിതത്തിന്റെ ഇങ്ങേയറ്റവുമാണെന്ന്! തീർത്തും മറ്റുള്ളവരെ അവഗണിക്കുന്ന ഭാവം. റൗണിൽ ധൃതിപിടിച്ച് പായുന്ന വാഹനങ്ങൾ! പുറത്തെ കാഴ്ച മാലിനിക്ക് മടുത്തുവെന്ന് തോന്നുന്നു. ഏതോ ഓർമ്മകളിൽ തട്ടി ആ കണ്ണുകളിൽ നീർ പൊടിഞ്ഞിരിക്കുന്നു. അടുത്ത് ഞാൻ ഇരിക്കുന്നതു കൊണ്ടാകാം നിറഞ്ഞ കണ്ണുകൾ തുടച്ചുകൊണ്ട് എന്റെ മുഖത്ത് നോക്കി പുഞ്ചിരിച്ചു. നിസ്സംഗമായ ആ മുഖഭാവം എന്നെ അസ്വസ്ഥയാക്കി.

'മീരാ..', നിർവികാരതയോടെ മാലിനിയെന്നെ വിളിച്ചു. ഈ സാഹിത്യകാരിയുടെ വേഷം നിന്റെ കാഴ്ചപ്പാടുകൾക്കും അപ്പുറമാണ്. നേരിയ തേങ്ങൽ കേട്ട് നോക്കിയ ഞാൻ കണ്ടത്, ഈ നിമിഷം വരെ കാണാത്ത ഒരു ഭാവം ആ മുഖത്ത് കാണാൻ കഴിഞ്ഞു. കലങ്ങിയ നിറഞ്ഞൊഴുകുന്ന കണ്ണുകളും, വിതുമ്പുന്ന ചുണ്ടുകളും ആയി അനന്തയിലേക്ക് നോക്കിയിരിക്കുകയാണവൾ! മാലിനി എന്ന സാഹിത്യകാരി, അതിനപ്പുറം എന്റെ പ്രിയ സുഹൃത്തിന് ഇത്രത്തോളം തിക്തമായ എന്ത് അനുഭവമായിരിക്കും എന്നോട് പറയാനുള്ളത്. ഏത് ജീവിതദുഃഖവും സ്വയം ആവാഹിക്കാൻ കഴിവുള്ള, മൃദുവായ പുഞ്ചിരി പുറമേ കാണിച്ച് ശാന്തമായി നടക്കുന്ന ലോകത്തിന്റെ പ്രിയ എഴുത്തുകാരി പുറത്ത് മഴയ്ക്ക് വട്ടം കൂട്ടുകയാണ് പ്രകൃതി. ശക്തിയായ കാറ്റിൽ ജനാല പാളികൾ ശബ്ദമുണ്ടാക്കുന്നു. കാറ്റിൽ അവളുടെ സമൃദ്ധമായ മുടിയിഴകൾ പാറിപ്പറക്കുന്നു. എന്ത് സൗന്ദര്യമാണാമുഖത്ത്! ഇപ്പോഴും ഏതോ ഓർമ്മകളിൽ ലയിച്ച് പുറത്തേക്ക് നോക്കിയിരിക്കുകയാണ് മാലിനി.!

നേരിയ ഇടവേളയ്ക്ക് ശേഷം ആ ചുണ്ടുകൾ മെല്ലെ ശബ്ദിച്ചു. ഇതു കഥയല്ല, മീര! എന്റെ വായനക്കാരെ നീയും ഇത് കഥയായി തള്ളിക്കളയരുത്. എന്റെ ഇന്നലെകളിലൂടെ, ഒരിക്കൽ എന്റെ ജീവിതത്തിന്റെ അരികിലൂടെ കടന്നുപോയ ആ മുഖം എന്നെന്നും സഹായിയായി, അനുചരനായി, കൂടെ കാണുമെന്ന് ഈ കൈകളിൽ മുറുകെ പിടിച്ച് സത്യം ചെയ്ത ആ നിഴൽ! ആ നിഴലിനെ മനസ്സിൽ ആരാധിക്കാതിരിക്കാൻ കഴിഞ്ഞില്ല. ഞാൻ ഇഷ്ടപ്പെട്ട ആ മുഖം ഏറ്റവും ഇഷ്ടപ്പെട്ട ചിലനിമിഷങ്ങൾ ആ നിമിഷങ്ങൾക്കുള്ളിലെ മൃദുല വികാരങ്ങൾ, ഓളങ്ങളിൽ ലയിക്കുകയായിരുന്നു. ഇനിയൊരു ജന്മം കൂടി കിട്ടിയാൽ ഇതുപോലെ ജീവിക്കാൻ ഒരുപാട് നിമിഷങ്ങൾ വേണമെന്ന് ഉൽക്കടമായി തോന്നിയ നിമിഷങ്ങൾ. അതിനാൽ തന്നെ ഭൂമിയുടെ ഉർവശത ഒളിപ്പിച്ചുവച്ച ഗ്രാമത്തെയും, സ്നേഹബന്ധങ്ങളേയും എല്ലാം തന്നെ ഉപേക്ഷിച്ച് ആ കൈകളിൽ കോർത്തുപിടിച്ചു ഇവിടെയീ തിരക്കുപിടിച്ച നഗരത്തിലെത്തുമ്പോൾ, ആരംഭിക്കാൻ പോകുന്ന ഊഷ്മളമായ പ്രേമാർദ്രമായ ജീവിതം മാത്രമായിരുന്നു മനസ്സിൽ! പക്ഷേ! മാലിനിയുടെ വാക്കുകൾ ഇടറി വീണു. കണ്ണുകളിൽ നിന്ന് കവിളുകളിലേക്ക് ഒഴുകിയിറങ്ങുന്ന നീർ, ആർത്തിയിരമ്പാൻ ആഗ്രഹിക്കുന്ന ആഴികളെ ഓർമ്മിപ്പിച്ചു. മീര അസ്വസ്ഥയായി മൗനം ഭഞ്ജിക്കാതെ ഇരുന്നു.

പക്ഷെ മീര, ഞാൻ ആഗ്രഹിച്ചതും മോഹിച്ചതും എല്ലാം വെറും പാഴ്കിനാവുകൾ വെറും മിഥ്യാ സ്വപ്നങ്ങളായി മനസ്സിന്റെ ആഴങ്ങളിൽ അവശേഷിച്ചു. 'തനിക്കെല്ലാം അന്യമാണ്! അർത്ഥശൂന്യമാണ് ഈ ജന്മം! ഞാൻ യാത്രയാകുന്നു...ദയവായി തടയരുതെ' ചുറ്റും അതിനിഗൂഢമായ ഏകാന്തതയിൽ തള്ളിയിട്ട്, ക്രൂരമായ ഇരുട്ടിൽ ഒറ്റപ്പെടുത്തി, നിർജീവയായി നിൽക്കുന്ന എന്നെ നോക്കി അയാൾ അത് മാത്രമാണ് പറഞ്ഞത്. തിരിഞ്ഞുനോക്കുമെന്ന് പ്രതീക്ഷിച്ചു. അതുണ്ടായില്ല! കണ്ണിൽ നിന്നും മറയുന്നതുവരെ, ഞാൻ യാന്ത്രികമായി ആ നിഴൽ വിദൂരതയിലേക്ക് മറയുന്നതു നോക്കി നിന്നു!!..

എനിക്ക് എന്നെ നഷ്ടപ്പെട്ടു നാളുകളായിരുന്നു. പിന്നീട് തിരക്കുപിടിച്ച നഗരത്തിന്റെ ഹൃദയഭാഗത്ത് , ആ വലിയ ഫ്ളാറ്റിലുള്ള നാളുകൾ ക്രൂരമായ ഏകാന്തത, അസഹനീയമായ ഒറ്റപ്പെടൽ! എന്റെയുള്ളിൽ അസ്തിത്വത്തിന്റെ ദുഃഖം ഒരു വർഷകാലസന്ധ്യപോലെ കനത്തു തുടങ്ങിയിരിക്കുന്നു. കഞ്ചാവിന്റേയും ചരസ്സിന്റേയും ലഹരി എന്റെ കണ്ണിൽ പുകയായി പടർന്നു. ഇന്ദ്രിയങ്ങളിൽ ജ്വരം പോലെ പടർന്ന ഉന്മാദത്തിന്റെ വേനലുകൾ... നിരർത്ഥകതാബോധം... സഫലീകരിക്കാത്ത ആഗ്രഹങ്ങളുടെ ദുർവഹമായ ഭാരം പേറുന്ന ഞാൻ ജീവിതത്തിന്റെ വിരസതകൊണ്ടു മടുത്തു. മനസ്സിലെ അസ്ഥിരതകർ വരികളായി ജനിച്ചു... മാലിനി എന്ന സാഹിത്യകാരി അവിടെ അങ്ങനെ രൂപപ്പെടുകയുണ്ടായി. ആരാധകർ, പ്രശസ്തി, പണം.. ജീവിതം പുതിയ മേച്ചിൽപ്പുറങ്ങളിലേക്ക്... മാലിനി ഒരു നെടുനിശ്വാസത്തോടെ തന്റെ മുടിയിഴകൾ ഒതുക്കിവച്ചു. മീരാ, ആലിട്ടാലെത്താത്ത ഒരു കയം സങ്കൽപിക്കൂ. ഞാനങ്ങനെയാണ് എന്റെ ഹൃദയത്തെ കാണുന്നത്. ആ കയത്തിന്റെ അടിയിൽ ധാരാളം അവശിഷ്ടങ്ങൾ കുന്നുകൂടികിടപ്പുണ്ട്.. അവയ്ക്കൊപ്പം എന്റെ ജീവിതവും ചിതറികിടപ്പുണ്ട്. അവൾ മീരയുടെ കൈകൾ ചേർത്ത് പിടിച്ച് പറഞ്ഞു, നിന്റെ പ്രിയ സുഹൃത്ത്, നീ ആരാധിക്കുന്ന ഈ മാലിനി ഈ ഞാൻ എന്താണെന്ന് സത്യസന്ധമായി വെളിപ്പെടുത്താൻ ശ്രമിച്ചതാണ്. ഭാഗികമായി വിജയിച്ചൂന്ന് തോന്നുന്നു അല്ലേ? മാലിനി നിഗൂഢമായി ചിരിച്ചു. മീരയ്ക്ക് അസഹ്യമായ വേദന തോന്നി. മീര അവളെ കെട്ടിപ്പിടിച്ചു കരഞ്ഞു. മാലിനി അവളുടെ കണ്ണുകൾ തുടച്ചുകൊടുത്തു കൊണ്ട് പറഞ്ഞു 'പോയി കിടന്നോളൂ. നേരം ഒരുപാടായി' മീര പോയികഴിഞ്ഞപ്പോൾ മാലിനി എഴുന്നേറ്റു വാഷ്ബേസിനിൽ മുഖം കഴുകി, കണ്ണാടിയിലെ തന്റെ മുഖം നോക്കി നിന്നു. കലങ്ങിയ കണ്ണുകൾ, വേദനയാൽ വലിഞ്ഞുമുറുകി ചുവന്നിരിക്കുന്നു. അവൾ കാറ്റത്ത് അടഞ്ഞ ജനാല തുറന്ന് പുറത്തേക്ക് നോക്കി! ഭൂമിയെ വിഴുങ്ങുന്ന സൂര്യതാപം മുഴുവൻ തണുപ്പിച്ച് കൊണ്ട് മഴ ആർത്തിരമ്പുകയാണ്. മഴ പെയ്തു തുടങ്ങിയത് അറിഞ്ഞതേയില്ല. അവൾ കണ്ണുകൾ ദൂരേക്ക് ചായിച്ചു. ശൂന്യതയിൽ എന്തിനെയോ തിരയുന്നതുപോലെ ചുവന്ന് കനത്ത ഇരുട്ടാണ് മഴയുടെ ആർത്തിരമ്പലുകൾ നിശ്ശബ്ദതയെ കീറിമുറിക്കുന്നു. അവൾക്ക് വല്ലാതെ തണുത്തു; എന്നാൽ മനസ്സിലെ കഠിനതാപം അങ്ങനെതന്നെയുണ്ട്. നഷ്ടപ്പെട്ട നിമിഷങ്ങളുടെ ദുഃഖമാനമായ ഓർമ്മകൾ അവളുടെ മനസ്സിൽ ഒരു ചുഴിയായി കറങ്ങി താഴുന്നുകൊണ്ടിരുന്നു.. അവൾ നിഗൂഢമായി എന്തോ ചിന്തിക്കാൻ ശ്രമിച്ചു.

ആ മുഖം എന്ത് വികൃതമായിരിക്കുന്നു. മുഷിഞ്ഞ വസ്ത്രത്തിന്റെയുള്ളിലെ പേക്കോലം തികച്ചും അസഹ്യമായിരുന്നു. പക്ഷെ, ആ കണ്ണുകളിലെ തിളക്കം, പണ്ട് എന്നെ ആകർഷിച്ച ആ നോട്ടം, യാതൊരു മാറ്റവുമില്ല! പ്രഭാഷണപരിപാടി അവസാനിക്കാറായപ്പോഴാണ് ശ്രദ്ധിച്ചത്. പരിപാടി കഴിഞ്ഞ് വാഹനത്തിന് സമീപം എത്തുന്നതിന് മുമ്പ് നിർത്താതെയുള്ള ചുമ കേട്ട് ആ ഭാഗത്തേക്ക് നോക്കി. സംശയം തോന്നി, അടുത്ത് ചെന്ന് പരസ്പരം നോക്കി, ആ കുറച്ച് നിമിഷങ്ങൾ. കുഴഞ്ഞ് വീണപ്പോൾ, മൂക്കിലൂടെ രക്തമൊഴുകുന്നുണ്ടായിരുന്നു. തെണ്ടിയാണ്... സംശയമില്ല, എന്തോ മാറാരോഗമാണ്.. വരൂ മാഡം, പോകാം ഡ്രൈവർ തിരക്കുപിടിച്ചു ഇടയ്ക്ക് പറഞ്ഞുകൊണ്ടിരുന്നു.. ഒരു തരം മരവിപ്പോടെ എത്ര നേരം അങ്ങനെ നിന്നു. അറിയില്ല!

ഹോസ്പിറ്റലിൽ, ആ ശോഷിച്ച കൈകളിലെ നാഡികൾ പരിശോധിച്ചു. ഡോക്ടറുടെ മുഖവും നിർവികാരമായിരുന്നു... 'മാഡം.. ഇറ്റ്സ് ഓവർ! നിസ്സംഗതയോടെ കേട്ട് നിൽക്കാനെ കഴിഞ്ഞുള്ളൂ, തനിക്ക് ! മറ്റ് ഫോർമാറ്റീസിനുള്ള തുക കൗണ്ടറിൽ ഏൽപിച്ചു. ഇനി ഒന്നും ചെയ്യാനില്ല! മോർച്ചറിയിൽ കൊണ്ട് പോകുന്നതിന് മുമ്പ് ധൃതിയിൽ ഒരു വട്ടം കൂടി കാണാൻ ശ്രമം നടത്തി. എന്നാൽ അധികനേരം നിൽക്കാൻ കഴിഞ്ഞില്ല. ശ്വാസം മുട്ടുന്നതുപോലെ... ഡ്രൈവറും കൂടെ സഹായിച്ചാണ് കാറിൽ കയറിയത്. അവൾ ജനലടച്ച് കസേരയിലിരുന്നു. മുമ്പിൽ മേശയുടെ മുകളിൽ കടലാസ് കഷണങ്ങൾ ചിതറി കിടന്നിരുന്നു. അവൾ യാന്ത്രികമായി പേനയെടുത്ത് ഒന്നിൽ കുറിച്ചു. 'വാട്ട് എ ലൈഫ്? ആൻഡ് വൈ ദിസ് ഓള് ഫോർ? മേശയുടെ വലിപ്പുതുറന്ന് അവൾ എന്തോ പരിശോധിച്ചു. ഒരു കുപ്പി, അതിൽ അടങ്ങിയ കനത്ത ദ്രാവകം വായിലേക്ക് കമഴ്ത്തി ഒന്ന് ഉറങ്ങാൻ, ഇനിയെങ്കിലും കഴിഞ്ഞെങ്കിൽ. അവൾ ഓർത്തുകൊണ്ട് കട്ടിലിൽ പോയി കിടന്നു. പുറത്ത് മഴ ആർത്തിരമ്പുകയാണ്. അവൾക്ക് ചുറ്റും ഇരുട്ടിന് കനം കൂടി വന്നു... അവൾ കണ്ണുകൾ മെല്ലെ അടച്ചുകൊണ്ട് അങ്ങനെ കിടന്നു...!


സമ്പാദ്യം ചിട്ടിയിലൂടെ വിശ്വസ്ത ചിട്ടി സ്ഥാപനം

കേച്ചേരി ചിട്ടീസ് & ഫൈനാൻസ് (രജി:)

കേച്ചേരി ബിൽഡിംഗ്, കരിക്കോട്, കൊല്ലം - 691 005

Ph. 0474 2715507, 2221574, 2230120

Fax : 0475 - 2222552

E-mail : kecherypnlr@gmail.com

BRANCH OFFICE

Kechery Chits Finance

Kechery Buildings,
Karicodu Kollam-691005
Ph : 0474 - 2715507, 3297049


HapPiEe DaYz....



# ENGLISH





Vishnu.M.
II B.com

# BHAGAT SINGH - THE YOUTH ICON

There were so many leading lights in India's freedom struggle. India's fight for Independence was a united cause in which thousands of people participated and sacrificed their lives. Indian history is rich with such heroes who had made incomparable contributions to the country's freedom. Some of them are still remembered by us even after sixty plus years of achieving freedom. One such legendary fighter was Shaheed Bhagat Singh. He is credited to shape the grand nationalist movement of the country.

Bhagat Singh was a prominent revolutionary whose role in the freedom struggle of India cannot be measured with words. Born on September 27, 1907 at Banga in Lyallpur district to Kishan Singh and Vidya Vati, Bhagat Singh had patriotism in his blood. His father and uncle, both were great Indian freedom fighters who also spent several times in prison for their active participation.

During his school days, Bhagat Singh had actively followed the Non-Cooperation Movement called by Mahatma Gandhi. He was an ardent follower of Gandhiji's philosophy until Bapu withdraw the movement in protest to Chauri Chaura incidents. Bhagat Singh was not convinced with this decision and aligned himself with young Revolutionary Movement. Bhagat Singh flatly refused to marry the girl of his family choice citing his passion for India's freedom struggle. He joined various radical and revolutionary groups like Hindustan Republican Association, Kirti Kisan Party and Naujawan Bharat Sabha.

To avenge the death of the leading freedom fighter Lala Lajpat Rai, he planned assassination of Scott, the Superintendent of Police who had ordered lathi charge that led to Lalaji's death. He mistook JP Saunder's as Scott and killed him instead. He fled to Lahore and to hide his identity, he shaved his beard and cut his hair, against the tenets of Sikhism. After the formulation of Defence of India Act, he and his party members conspired to explode bombs inside the assembly premises. He along with Batukeshwar Dutt threw a bomb in the corridors of the assembly and shouted '***Inquilab Zindabad***'.

Bhagat Singh along with Rajguru and Sukhdev was charged with the murder. Singh was asked to tender apology but he refused and made strong statements against the British rule. Bhagat Singh was finally sentenced to death and was hanged in Lahore on March 23, 1931.

The consequence of the death of those three martyrs were beyond the expectation of the British. The sacrifice of Bhagath Singh thus resulted in the wide spread increase of youth and student participation in Indian freedom struggle. And this was the time, the first organized student federation, All India Students Federation (AISF) was born under the leadership of Jawaharlal Nehru and Muhammad Ali Jinnah. Students boycotted their schools and joined the struggle for independence.

Shaheed Bhagat Singh was known for his appreciation of martyrdom. In the leaflet he threw in the Central Assembly on 9 April, 1929, he stated that *" It is easy to kill individuals, but you cannot kill the ideas. Great empires crumbled while the ideas survived."* After engaging in studies on Russian Revolution, he wanted to die so that his death would inspire the youth of India which in turn will unite them to fight the British empire.

Bhagat singh has been given the title of Shaheed-e- Azam (King of Martyrs) rightfully. This is clear from his prison diary notes: "When I set my foot on the path of revolution, I thought if I could, spread the slogan of **Inquilab Zindabad** (Which means *'Long live Revolution'*) to every corner of India. Today, when I'm behind bars, I can hear the roaring sound of that slogan. What more price could there be for so short a life".



ਸ਼ਹੀਦ ਭਗਤ ਸਿੰਘ

SHAHEED BHAGAT SINGH

28 September 1907– 23 March 1931

# NSS


ARTS & SCIENCE






ADDITIONAL SKILL ACQUISITION PROGRAMME (ASAP)









# N.S.S

**not me but you ...**




















# FRIENDS



**Shamnad .T**
1 B.com

Friends are the evergreen rhythm of life.
And mistakes must not make them fight
Friends are born to love and share
And the true ones will get their pair
Friends double our joy
And raise our hearts buoyant
Our sorrows are forgotten
When they make us laugh
One should remember never to fight
But hold the bond of love more fight
True friends always love and share
But to get such friends is very rare
Friends make our life lovable
That's how they become unforgetable





**Athira .A**
**1 BA English**

# Yoga And Physical Fitness

The word yoga means 'union' in sanskrit. It is a practice that aims to bring harmony between the mind and body and spirit. What is commonly referred to as 'yoga' in the modern content can be more accurately described by sanskrit term 'asana'or 'hatha yoga', which refers to the practice of physical postures or poses. Asana is only one of the eight 'limbs' of yoga. Most of the other aspects are concerned with mental and spiritual well being. The core components of hatha yoga and most general yoga classes are:

**Poses:**

Yoga poses(asanas),also called postures, are a series of movements designed to increase strength and flexibility. Poses range from lying on the floor completely relaxed to difficult postures that may stretch your physical limits

**Breathing:**

Controlling your breathing (Pranayama) is an important part of yoga. In yoga breath signifies your vital energy. Yoga teaches that controlling your breathing can bring balance within your body and calm your mind.

**Improved Flexibility:**

Asanas are designed to stretch your muscles in a safe, slow and gentle manner, eliminating toxins that build up in your muscles which cause stiffness, tension, fatigue and pain. Moreover, asanas improve your range of motion and stretch your soft tissues. If you practice properly you will experience great improvement in your flexibility in 8 weeks

**Increased Strength:**

Yoga can help to increase your strength as well as your stamina. Certain types of yoga, which are more intensive and vigorous, can increase muscle tone. Since yoga poses engage the whole body, doing a fair combination of poses helps to build a strong core and improve strength.

**Improved Postures:**

Adding yoga to your fitness plan helps to improve posture keeping your back and neck healthy and in balance. It is mostly the standing and sitting poses that help improve your posture and make you aware of it whenever you are not sitting up tall and straight.

**Improves Breathing:**

Yoga makes you mindful of your breathing. This leads to increased lung capacity. As you concentrate on your breathing when practicing yoga, you are also stimulating your relaxation response and reducing your stress levels.

**Surya Namaskar:**

Surya Namaskar is a set of 12 asanas which utilises almost 95% of our body muscles. In sanskrit, surya means 'sun' and Namaskar means 'salutation'. Hence, Surya Namaskar is an exercise in salutation of the sun the ultimate energy provided for our planet.

**Health Benifits Of surya Namaskar :**

Performing Surya Namaskar alone can strengthen our body and improve health even if we don't engage in any other exercise or yogasana. The following are some of the benefits of Surya Namaskar

It stretches the body and relieves the stiffness of joints and ligaments.

It stimulates digestive and Cardio Vascular system helping them to perform better.

It enables the various endocrinal glands to function properly.

It helps in weight reduction and burning extra fat around the abdomen.

The Surya Namaskar also provides psychological benefits to a regular practitioner. It is relaxing and rejuvenating !

In yoga all practices must be concluded with shavasanam(corpse position) and so does Surya Namaskar. After performing the desired number of Surya Namaskar cycles, lie down on your back with your legs and hands stretched out and relaxed. Let your head drift to a comfortable position. Close your eyes and slowly inhale and exhale deeply. Consciously relax your body and mind for approximately 10-20 minutes.





Alfiya.S
1 Biochemistry

# Love is Mother



The first person in my life I saw is you !
In this unknown world , you were all I know
I was unwilling and cried at birth.
It was you who careed and accepted me with mirth.
Your hands were the first that cared
Your heart was the one that loved
Many were the hardship you found
To bring me to this new worldThe first word I uttered was 'mother'
As you embraced me in your arms together
On your lap I learnt the words to say,
" Thank you, god for everything ! "
I am happy today to be your child
You mother , have always been my guide
The world without you is nothing
Dear mother you are everything for me
you are the reflection of "love"
Of God almighty who reigns above
Love is patient and kind
Which in you mother , often I find !

Best Compliments from...

**Dulhan Fancy Centre**

Nandhanam Building, Opp. T.K.M. Arts College,
Karicode, Kollam-5

എല്ലാവിധ സൗന്ദര്യവർദ്ധക വസ്തുക്കളും ഒരു
കൂരയ്ക്കുള്ളിൽ ഞങ്ങൾ ഒരുക്കിയിരിക്കുന്നു..

Fancy ornamental items, Ladies Bags,
College Bags, Branded Cosmetics
Tailoring Materials and others



നയന മനോഹരകാഴ്ച... ഏവർക്കും സ്വാഗതം!
ഇതുവരെ ഞങ്ങൾക്ക് നൽകിയ സഹകരണങ്ങൾക്ക് ഒരായിരം നന്ദി!
തുടർന്നും നിങ്ങളുടെ സഹകരണം പ്രതീക്ഷിച്ചുകൊണ്ട്...

# ശിശിരം-2013

College Day



# Flash Back



add -on course



bio-diversity exhibition




college tour



chakyarkoothu



college tour




merit day



asap



kerala university youth festival

# BEYOND THE SHACKLES.....

Honour Women !! They entwine and weave heavenly roses in our Earthly lives' – These words by schiller exemplifies best the importance of women and the great role she has to play in the life of every man to make him a successful person. Woman is truly a magnificent creature- the embodiment of love and affection , the epitome of intergrity and understanding and above all a protector and a provider. Her hard work, courage, zest and vigour bring in a smile to all the faces connected with her. In the Indian mythology women are considered as goddesses.

Ironically, they who are the most wonderful creation of god are the worst sufferers in today's world. Her smiles are userped, her dreams are crushed and she is always looked at with an evil eye by the majority of the people. The fear of violence often restricts her autonomy, curtails her mobility and her ability to work and participate in social activities. Studies and data simply conforms that, despite the so-called "progress" on many fronts, women continue to be subjected to various levels of violence.

The violence against women begins from the day she is in her mother's womb.Today, in India most people long for 'brave sons' but not 'beautiful'daughter's. Our country has made tremendous progress in all fields but the mindset of the people has not changed. Now a days,sex-determination tests enable the parents to know the sex of the child even before its birth. This has led to an increase in abortions and a drastic decline in the child sex ratio. As a girl child grows up she is kept under parent subjugation, she is not given enough opportunity to express and nurture her talents. She is denied education. Educating the girl child means educating the family but the parents are least concerned.

When she reaches adolescence, she is ravenously stared at and subjected to violence which is not just physical or sexual but mental, verbal,emotional and intellectual. Cases of female foeticide, female infanticide, sexual abuse,child prostitution, molestation and rape are so common in India that they no longer smite the conscience of the civilized society any more.Who can forget the plight of the budding tennis star Ruchika and the nurse Aruna Shambaug? Their cries still haunt the air but has not opened the eyes of the public or the government. They still remain examples of the maladies such as male domination and ego.

Next comes the age when her youthful pliancy and beauty is duly gifted to her husband. She becomes a mere play thing who is at the mercy of her husband and in- laws. There has been a dramatic increase in cases of wife beating, bride burning, honour killings and dowry deaths.

Inspite of these bitter facts women have won laurels and brought accolades from the whole world for their incredible achievements in various fields. Women's leadership has emerged and won respect for its commitment to people's movement goals.Who can forget the elegant Florence Nightingale the lady with the lamp P.T.Usha The golden girl, Mother Theresa The saint of gutters.... The list is endless and will not be complete if names such as Indira Gandhi, Sarojini Naidu, Kiran Bedi, Annie Besant, Benazir Bhuto, Aung Sam suki, Aiswarya Bachan, Marlyn Munroe etc.... are left out.

Thus, it is high time that men should change their superiority complex and help women to break the shackles of slavery and come out with flying colours. Let us remember 'The hand that rocks the cradle rules the world'.

**Ashwathi**
**1 B.com**

# "QUALITY" DOES NOT COME FROM NUMBERS



**Renjith.B**
**II Bio-Chemistry**

In a small state like Kerala , there are as many as 150 Engineering colleges , and it is even difficult to calculate the exact number as it keeps on increasing everyday. Out of this , more than a hundred of them fall in self financing category. There are about 60,000 engineering seats in all these colleges and about 10,000 of the seats remain unfilled every year.

This is a result of the desire of every parent in the state to make their child either an engineer or doctor. Such desire is not backed by the rationality of merit. So, with so much demand , many of the business men and even the so-called trusts came forward to set up engineering colleges. It is now considered as a lucrative business in Kerala with good return on investments. It doesn't mean that every college falls in to this category and there are engineering colleges set up by individuals and a trust with a whole lot of commitment towards the society. Such institutions are few in number and they operate for the betterment of the society by imparting quality education. They consider education as a service rather than business and they consider it as their mission. There are many other government run and government aided colleges in the state which cater to the need for quality engineers.

There are even self financing colleges which do not have the basic requirements such as proper infrastructure , quality faculty and the proper atmosphere for learning. More over there are instances where the engineering colleges are put for sale.

The ultimate result in that more than 33 percent of the students from self- financing colleges end up without obtaining an engineering degree. The worst of it is that those students who are weak in Mathematics manages to get an engineering admission somehow and they will fail in examinations and ultimately end up with more than 80 percent of the subjects as backlogs. Such students will never earn the engineering degree and the four years they spend in the college is a waste of time and resource. In many of the cases, parents pay the heavy tuition fees by taking bank loans and by mortgaging assets. Finally the money that is spent and the time spent for the engineering studies become a total waste.

For enhancing the quality of engineering education, the High court has directed the state government to strictly adhere to the norms and regulations by All India Council for Technical Education(AICTE) for starting engineering colleges in the state. Even though the increase in the member of engineering colleges in the state has increased the accessibility to engineering education ,

it has made a negative impact in terms of quality, The expert committee set up by the government has prepared a list of suggestions to be followed to regulate the growth of self- financing colleges in the state. The suggestions were made taking into account the interests of the students too.

Based on the suggestion made by the committee, the higher education department has decided to extend the approval of self- financing engineering colleges in the state in 2012-13. The department has made it clear that from 2013 to 2014, the extension of approval will be based on minimum average pass percentage.

Improving the quality of education in self- financing engineering colleges require strong intervention from the part of the government , which will not neglect the interest of the students and will also consider the issue raised by the managements.

# LOVE LETTER



**Fyza Subair**
**II Mathematics**

Love they say is not for you ,
Good girls stay home and study,
It's for the villainous creatures
That break houses sturdy
Love is for all those, I believe
Who believe in love for what it is
Not a commodity, not a show piece
But something to be felt by each one
It can't be bought, it can't be sold,
Never can it forcefully be taken,
For it's not anyone's to take
But to feel when it's given.
The reason why I write this now,
Is not a speech, like to be preaching
But to tell you that I love you
No matter, even if it's forbridden.......



# Lily

Oh ! my sweet Lily
Why are you silly ?
Are you afraid of rain
That rain will be your pain
Don't cry Lily
Oh ! my sweet Lily
We are the pilgrims from heaven
But on the earth we are in grills that we
have woven
The grills of sins
that will lead us to the dark hell
The hell of dense fence
But we can escape from this well
And we shall build a dwelling of light
The dwelling beneath the Almighty.

**Shabnam S.S.**
**I MA English**

# FRIEND- *a precious gift*

The memorable moments that we spent together
used to pass like seconds.
The time that we enjoyed each other
moved on like a dream
Those were the days of freedom
and the days of joy and
those were the days in which
i begun to discover myself.
Beneath the trees, beside the river
Sitting on green meadows while
I feel the touch of my friend,
The smoothing touch of care and affection.
She used to be my breath and soul
and also my strength and love.
Yes she was my friend, the one
who was close to my heart.
But today she is not with me;
her love has parted from me
with glittering tears in my eyes.
I remember the day of our seperation!
Still, she comes to me like an angel in
my dream with a bouquet of yellow roses...

**Sijila Basha**
**Ist MA English**

# A Shakespearean Wedding



Who were the bride and bride groom ?
Romeo and Juliet
When did he propose ?
Twelfth Night
What did she reply ?
As you like it
From whom was the ring purchased ?
Merchant of Venice
Who were the chief guests ?
Antony and cleopatra
Who were the bridegroom's guest?
Two gentlemen of Verona
Where did they live after marriage ?
In the Hamlet
How would you describe their journey ?
Much Ado About Nothing.
What was their married life like ?
The Tempest
What was the bride groom's chief occupation ?
Love's Labours lost.



**Bincy Achankunju.**
**1 English**



**Arya V.S**
**I Botany**

# FRIENDSHIP
## How Sweet It Is !



Friendship is a theme
For those who have learned to give and care ,
Friends are there to double your joys
and make your sorrows easier to bear ,
And they are there for ,
Sowing the seeds of hope in your mind
when you are frustrated.
And they are there for
Making you feel happier
by showering a sweet smile.
And they are there for ,
Sharing every moment with you.
Happiness is there ,
where friends are together.
Once a leaf has fallen
It can't get back ever ,
so never let that leaf fall ,
That's leaf of friendship.
Friends are like ,
The spring time flowers ,
That bloom in the same plant ,
On that same day ,
that never gets destroyed
And that castsforever
By spreading the fragrance of friendship.



# UNKNOWN



Jinas.N
II English

Alone in the darkness I hear the words
Let mine eyes be filled with tears.
My heart full of pain upto brain.
Nothing could wash away, even the rain.

Silence of my heart breaks
Alas! When I hear the curse
In the middle of nowhere in my journey
Still, there is one waiting for my look

I broke the cage of silence
Though I know, it is nonsense
Let me pray alone on this isle
my heart puzzled.. suggested
No deviation... move forward
Nor stop, I do hear the word resounding



Nejila J
I Chemistry

# WHAT IS LIFE

Life is a challenge, meet it
Life is a goal , achieve it
Life is a game , play it
Life is a mystery , unfold it
Life is a journey , complete it
Life is a wish , fulfil it
Life is beautiful , praise it
Life is a struggle , fight it
Life is a tragedy , face it
Life is a sorrow , overcome it..

# A Silly Mistake



**Fathima.J**
I.B.Sc Chemistry



റെയിൽവേ സ്റ്റേഷനിൽ ചെന്നാൽ വണ്ടി വരുന്ന വിവരമറിയിക്കുന്ന അനൗൺസ്മെന്റ് കേൾക്കാനാകും. നിങ്ങൾ അത് പലതവണ കേട്ടിട്ടുണ്ടാകും. അത് ഇങ്ങനെയാണ്.

"Parasuram express from Mangalore to Trivandrum will arive shortly on platform no: 3" ഇതാണ് അനൗൺസ്മെന്റിന്റെ രീതി. അതെ ഇന്ത്യയിൽ തീവണ്ടി Platform- ന്റെ മുകളിൽ (on platform) ആണെത്തുക. എന്നാൽ ഇംഗ്ലണ്ടിൽ തീവണ്ടി പ്ലാറ്റ്ഫോമിന്റെ തൊട്ടരികിലാണ് (at platform) എത്തുക. കാലങ്ങളായി ഇന്ത്യൻ റെയിൽവേ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന തെറ്റായ ഒരു പ്രയോഗമാണ് നമ്മൾ റെയിൽവേ സ്റ്റേഷനിൽ ചെന്നാൽ കേൾക്കുന്നത്.



# ADVERTISING COMMITTEE


JIBIN K RAJU


SAMEER


SANEER


ROHITH


NAVAF


ELLIYAS


GOKUL


UNAIS

# DESIGNING COMMITTEE


ABHIJITH


JAYALEKSHMI


LINCY


KAVYA


ANSHAD


AKHIL R. S


AL FAWAZ


ASHIM

# प्यास



तडप रहा था दिल मेरा
लिखने को कविता
परंतु भाव अमूर्थ अव्यक्त
लिखूँ क्या ?
फिर सोयी टहलकर
देखा, आजु बाजु, आजु बाजु

देखा मैं ने ध्यान से पेड पौधे
रो रहे थे तडप तडपकर
दिल मेरा कवी पूछ रहा था।
रो रहे हो क्यों मेरे दोस्तो?
बोले पेड- पौधे सिर झुककर
क्या बेले कविवर, हो गया चार दिन
बुँद एक पानि पीकर
देखें जहाँ, वहाँ प्यास ही प्यास है
किसी को प्यास है पानि का
और किसी को खून का
फिर प्यार के प्यास है किसी का
और धन को प्यास है सैकडों।
समेट लिया धरती यह देखकर
पूरा पानी और आसमान
और बंद कर दिया रोना।



**Anzia Mohammed**
**II Physics**

# غروب الشمس



Ajmal. A
III English

باعدت ذكراك باب على أمانينا
وايديك على صبري جدران وتصدعت
وعسى يجزاك والغم بالهم الوليّ عسى
رجاويك من ميس وليك
وممساك بصبحك تهنى ما عساك
ويكويك دووم مرها الليالي وعسى

*******

بداياتيي في افكر وحدي بضيقتي جلست
بغروبه اليوم وكان جالس البحر شاطي على
بآهاتي خلتني يومها الحبيبه تذكرت
مرعوبه...وقلوب مطر حزتها الوقت وكان
مقلوبه الدنيا وشفت صدري في الهم خنقتي
نهااياتي استوعب قادر ولاني أبستوعب

******

أغراب بالزمان حبيبي يا وصرنا تفارقنا
خطاوينا عمري يا الشوق دروب في وتاهت
الأسباب وش الفرقا عن ندري ولا تفارقنا
فينا القدر أحكام خانت ولا الوقت ظروف
غاب من بعد ويا الحضور كل بعد يا حبيبي
تنسينا الله و ما دنياي عاندت لو ترى
أحباب نزال ما ولكن تفارقنا إنا أكيد
يواسينا بعدك على اللي غلاااك فينا سكن

*********

# വരകളിലൂടെ



Anandhan
II Physics



Lija K. John
I Physics



Anandhan
II Physics






Vibhu Dev
I Physics



Neethu Suresh
II English





Shilpa Raju
I Zoology



Anandhan
II Physics


Celebrations
12-2012

# SIGN OUT

നമ്മുടെ കലാലയത്തിന്റെ, പെയ്തൊഴിയാത്ത മഴയുടെ ഓർമ്മകൾ
ഈ ഓർമ്മപുസ്തകത്തിലേക്ക് പകർത്താൻ
കഴിഞ്ഞതിൽ അതിയായ സംതൃപ്തിയുണ്ട്.
പ്രതിസന്ധികൾ കനൽമഴയായി വർഷിച്ചപ്പോൾ,
അതിനെയെല്ലാം അതിജീവിച്ച് മാഗസിൻ സാക്ഷാത്കരിക്കാൻ
സഹായിച്ചത് ലക്ഷ്യബോധമുള്ള കൂട്ടായ്മയാണ്.
ഈ മഴയിൽ എന്നോടൊപ്പം നനഞ്ഞ എന്റെ പ്രിയസുഹൃത്തുകൾ,
കൈപിടിച്ച് നയിച്ച ഗുരുനാഥന്മാർ,
എന്റെ വിപ്ലവ വിദ്യാർത്ഥി പ്രസ്ഥാനത്തിലെ സഖാക്കൾ,
ഡിസൈനർ സുജിലി പ്രിന്റേഴ്സ്, പരസ്യം നൽകി സഹായിച്ചവർ...
എല്ലാവർക്കും സ്നേഹത്തിൽ ചാലിച്ച ഒരായിരം നന്ദി.
പലവഴി പിരിയുമെങ്കിലും ഓർമ്മയിലെന്നും
നഷ്ടപ്പെടാത്ത ഹൃദയത്തിന്റെ കൈപ്പുസ്തകമായി
*'e-മഴ നനയാതെ പോകരുത്'* ഉണ്ടാകുമെന്ന പ്രതീക്ഷയോടെ
നന്ദി...

**സ്നേഹപൂർവ്വം**
**ആകാശ് ചന്ദ്രൻ**






## The Team Behind

**Chief Editor**

Dr. E. Abdul Razac

**Staff Editor**

Prof. E. Najeem

**Student Editor**

Akash Chandran

**Cover Design Concept & Layouts**

Jyothi Sankar S.

Suphil Suresh

Sujilee Printers, Bishop Jerome Nagar

**Printed At**

Sujilee Colour Printers

Chathannoor

Ph: 0474-2762762 | 2592070



## COLLEGE OF ENGINEERING

Karicode, TKMC P. O., Kollam-691005. Ph. 0474-2712024, 2713126

**Regular B. Tech, Engg. Degree Courses :** Civil, Mechanical, Electrical & Electronics, Chemical, Production, Computer Science, Electronics & Communication, B.Arch
**Part Time Engg. Degree Courses :** Civil, Mechanical, Electrical & Electronics
**M.Tech. Programme Regular :** Industrial Refrigaration & Cryogenic, Structural & Construction Management, Computer Integrated Manufacturing, Instrumentation & Control



## COLLEGE OF ARTS & SCIENCE

Karicode, TKMC P. O., Kollam-691005. Ph. 0474-2718170, 2712240

**Degree Course : B.Sc. -** Botany, Zoology, Physics, Chemistry, Maths, Bio-Chemistry; B Com., **BA -** Islamic History, English

**PG Course :** M.Sc - Physics, Chemistry, Maths; M.Com; MA-English



## INSTITUTE OF MANAGEMENT

Musaliar Hills, Karuvelil P.O. Kollam-691505. Ph. 0474-2482465, 2483527

**M.B.A. Regular** - One of kerala's premier B-schools, which has laid a benchmark in consistently turning out top - notch management professionals.



## INSTITUTE OF TECNOLOGY

Musaliar Hills, Karuvelil P.O. Kollam-691505.

Ph. 0474-2482465, 2483527

**B.Tech. Engg. Degree Courses :** Electronics& Communication, Computer Science, Information Technology Applied Electronics & Instrumentation, Food Technology and Bio-Medical Engneering.



## HIGHER SECONDARY SCHOOL

TKM College Complex, Kollam-691 505.

Ph: 0474-2719346, 2715670

**HighSchool :** Admit Students from Std. VIII. **+2 Course :** Maths - Computer, Maths - Biology, Commerce - Maths



## CENTENARY PUBLIC SCHOOL & JUNIOR COLLEGE

TKM College Complex, Kollam - 691 005. Ph: 0474 - 2711939, 2715650

**Courses :** LKG to Standard X. **+1 Course :** Maths - Computer, Maths - Biotech, Biology - Computer, Fashion Technology



## SCHOOL OF COMMUNICATION & INFORMATION TECHNOLOGY

2nd Mile Stone, Kilikolloor P.O., Kollam - 691 004. Ph: 0747 - 2741216

Distance Education Programme of **MADURAI KAMARAJ UNIVERSITY**

T | K | M

COLLEGE TRUST

Kilikolloor P.O., Kollam - 691
Phone : 0474 - 2731021